## അധ്യായം രണ്ട്

# കേരളത്തിന്റെ അനുഷ്ഠാനാവതരണപാരമ്പര്യം

ഒരു കല അവതരിപ്പിക്കപ്പെടുന്ന സന്ദർഭത്തിന്റെയും വിനിമയം ചെയ്യുന്ന ആശയത്തിന്റെയും അടിസ്ഥാനത്തിലാണ് അത് അനുഷ്ഠാനമാണോ അനുഷ്ഠാനേതരമാണോ എന്ന് നിശ്ചയിക്കുന്നത്. പ്രാചീനകാലം മുതൽതന്നെ മനുഷ്യൻ പ്രകൃതിപ്രതിഭാസങ്ങളിലും മനുഷ്യാതീത ശക്തികളിലും വിശ്വസിച്ചിരുന്നു. ഈ വിശ്വാസം ക്രമാതീതമായാൽ അത് അന്ധവിശ്വാസമായിപ്പോകും. എന്നാൽ മനുഷ്യന്റെ നിലനിൽപിനും വിജയത്തിനും തന്നേക്കാൾ കഴിവുറ്റതും ശ്രേഷ്ഠവുമായ ഏതെങ്കിലും ശക്തി വിശേഷത്തിൽ വിശ്വാസമർപ്പിക്കുന്നത് അവന് കരുത്തും ധൈര്യവും പകർന്നിരുന്നു.

വൈദികകാലംമുതൽ വ്യാപിച്ചിരുന്ന ആരാധനാരീതിയായിരുന്നു അമാനുഷമാതൃദേവതാപൂജ (Worship of the devine mother). പിൽക്കാലത്ത് ഇത് 'ശക്ത്യാരാധന'യായി രൂപാന്തരപ്പെട്ടതാണ് എന്നാണ് ജോൺ മാർഷലിന്റെ അഭിപ്രായം എന്ന് വിഷ്ണുനമ്പൂതിരി ചൂണ്ടിക്കാണിക്കുന്നു (2004 : 9). പ്രപഞ്ചത്തിന്റെ നിലനിൽപിന് ആധാരം പുരുഷന്റെയും പ്രകൃതിയുടെയും ശക്തിവിശേഷമാണ്. പുരുഷന്റെ നിലനിൽപിനും മാതാവായ പ്രകൃതി അനിവാര്യമാണ്.

' ശിവ:ശക്ത്യാ യുക്തോ യദി ഭവതി ശക്ത: പ്രഭവിതും
ന ചേദേവം ദേവോ നഖലു കുശല: സ്പന്ദിതുമപി
അതസ്ത്വാമാരാധ്യാം ഹരി ഹര വിരിഞ്ചാദിഭിരപി
പ്രണന്തും സ്തോതും വാ കഥമകൃത പുണ്യ: പ്രഭവതി '

(ശക്തിയോടു ചേർന്നാൽ മാത്രമേ ശിവൻ ശക്തനാകുന്നുള്ളു. അല്ലെങ്കിൽ ഇളകാൻപോലും അദ്ദേഹം സമർഥനാകില്ല. ആകയാൽ ഹരി, ഹരൻ, വിരിഞ്ചൻ മുതലായവർക്കുപോലും ആരാധ്യയായ ഭഗവതിയെ പ്രണമിക്കാനോ സ്തുതിക്കാനോ പുണ്യമില്ലാത്തവനെങ്ങിനെ കഴിയും) എന്ന് 'സൗന്ദര്യ ലഹരിയിൽ' അമ്മയുടെ ശക്തിയെക്കുറിച്ച് വിശദീകരിച്ചിരിക്കുന്നു. മനുഷ്യന്റെ നിലനിൽപിനാധാരമായ രണ്ട് പ്രക്രിയകൾ പ്രജനനവും ഉൽപ്പാദനവുമാണ്. ഇത് സാധ്യമാകുന്നത് സ്ത്രീയിലൂടെയാണ്. കാർഷിക വൃത്തി ജീവിതോപാധിയാക്കിയ ഒരു ജനസാമാന്യത്തിന്റെ നിലനിൽപിന് പ്രപഞ്ചശക്തിയായ അമ്മയെ ആരാധിക്കുകവഴിയാണ് മനുഷ്യൻ ഇത് സ്വായത്തമാക്കിയത്. പ്രപഞ്ചത്തിന്റെ ശക്തിയാണ് 'അമ്മ' -അമ്മദൈവം എന്ന വിശ്വാസത്തിന് കേരളത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ട് വളരെ വിശാലമായ അർഥമാണുള്ളത്. ഇത്തരത്തിലുള്ള വിശ്വാസങ്ങളിലുംമറ്റും അധിഷ്ഠിതമായ ക്രിയാംശമുള്ള കലകളെ അനുഷ്ഠാനകലകൾ എന്ന് പറയുന്നു. അലൗകികവും പരിശുദ്ധവുമായ ലോകമാണ് അനുഷ്ഠാന നാടകങ്ങൾ ലക്ഷ്യമിടുന്നത്.

കേരളത്തിന്റെ അനുഷ്ഠാനനാടകപാരമ്പര്യം തുടങ്ങുന്നത് കാളീസങ്കൽപത്തിലാണ്. കാളീസങ്കൽപത്തിന്റെ ആരംഭം മാതൃദേവതാ പൂജയിൽനിന്നാണ്. കേരളത്തിൽ കാളീസങ്കൽപവും അതിന്റെ ഭേദങ്ങളും ദേശ-കാല-ജാതി-മത വ്യത്യാസമനുസരിച്ച് നിലനിന്നിരുന്നു (വിഷ്ണു നമ്പൂതിരി, എം.വി., 2004 (1) : 11). എങ്കിലും ഈ ആരാധനാരീതിയിലും പൂജാവിധികളിലും ഹൈന്ദവരായിട്ടുള്ള എല്ലാവരും പങ്കുകൊള്ളാറുണ്ട്. കേരളത്തിലെ എല്ലാ അനുഷ്ഠാനകലകൾക്കും ആധാരമായിട്ടുള്ള പുരാവൃത്തം (myth) കാളിയാണ്. അനുഷ്ഠാനകലകളുടെആരംഭം കാവുകളിൽനിന്നാണ്.

## 2.1 കാവുകൾ

കേരളീയരുടെ സ്വത്വത്തിന്റെ ഭാഗമാണ് ഉർവരതയുടെ മൂലരൂപങ്ങളെ കുടിയിരുത്തിയ കാവുകൾ. കാവ് എന്ന പദത്തിന് വൃക്ഷക്കൂട്ടം എന്നർഥമുണ്ട്. കാവുകൾക്ക് പുരാതനസമൂഹത്തിന്റെ ഭൂമിയാരാധനയോളം പഴക്കമുണ്ട്. മനുഷ്യകേന്ദ്രീകൃതമല്ലാത്ത പ്രകൃതിയുടെ വരദാനമാണ് പടർന്നു പന്തലിച്ചു കിടക്കുന്ന വൃക്ഷക്കൂട്ടങ്ങൾ. മനുഷ്യൻ ആദ്യം ആരാധിച്ചിരുന്ന ദൈവം മരം തന്നെയായിരിക്കണം. തന്നേക്കാൾ വലുതും ശക്തിയുള്ളതുമായ എന്തിനെയും ആരാധിക്കുവാനുള്ള ത്വര പ്രാചീനകാലംമുതൽ മനുഷ്യന് ഉണ്ടായിരുന്നു. ഇതിനുകാരണം പ്രകൃതിയെയും മനുഷ്യനെയും സംരക്ഷിക്കുന്നത് വൃക്ഷങ്ങളാണ് എന്ന വിശ്വാസമാണ്. മണ്ണൊലിപ്പ് തടയുന്നതിനും മഴപെയ്യിക്കുന്നതിനും കൃഷി സംരക്ഷിക്കുന്നതിനും ശുദ്ധവായുവിനും പ്രകൃതിക്ഷോഭങ്ങളിൽനിന്നും രക്ഷിക്കുന്നതിനും വൃക്ഷങ്ങൾ സഹായകമാണ്. മനുഷ്യനും മരവും തമ്മിലുള്ള ഇത്തരം ബന്ധമാണ് ചരിത്രത്തിൽ ഗണ്യമായ സ്ഥാനം വൃക്ഷത്തിന് നേടിക്കൊടുത്തത്. അതുകൊണ്ടുതന്നെ വൃക്ഷക്കൂട്ടങ്ങളെയും അവയുടെ ഇരിപ്പിടങ്ങളെയും മനുഷ്യൻ ദിവ്യമായി കരുതുകയും അത് പവിത്രമായി നിലനിർത്തുകയും ചെയ്തുപോരുന്നു. കാടുപിടിച്ച് കിടന്നിരുന്ന ഈ വൃക്ഷക്കൂട്ടം (കാവുകൾ) മനുഷ്യൻ അറിയാത്ത ജൈവബന്ധത്തിന്റെ രഹസ്യ അറകളായിരുന്നു. ഇത്തരം കാവുകളുടെ രഹസ്യം അറിയാനുള്ള പ്രാചീനമനുഷ്യന്റെ അടങ്ങാത്ത ത്വരയാണ് വിശ്വാസത്തിന്റെ വിത്തുകൾ പാകാനും അതുവഴി തത്സംബന്ധമായ 'മിത്തു'കളുണ്ടാവാനും കാരണം. വൃക്ഷത്തണലുകളെ ആശ്രയിച്ചിരുന്ന മനുഷ്യൻ അവന്റെ ആരാധനാമൂർത്തിയെ വൃക്ഷച്ചുവട്ടിൽ കുടിയിരുത്തുകയും ക്രമേണ ഇത് ദേവതകൾ

കുടികൊള്ളുന്ന കാവുകളായി രൂപാന്തരപ്പെടുകയും ചെയ്തിരിക്കാം (അച്യുതമേനോൻ, ചേലനാട്ട്., 1943 : 1).

അതിപുരാതനമായ ജീവവ്യവസ്ഥയ്ക്ക് തുടക്കം കുറിക്കുന്ന ഈ വനപ്രകൃതി കേരളസംസ്കാരത്തിന്റെ ഈറ്റില്ലമാണ്. നാടോടിസംസ്കാരത്തിന്റെ അടിത്തറ ഇവിടെ കണ്ടെത്താൻ കഴിയും. ആദിവാസികളുടെ പച്ച (മഴക്കാടുകൾ) യുടെ ഒരു ചെറിയ പതിപ്പാണ് കാവുകൾ. ആധുനികമനുഷ്യന്റെ നോട്ടത്തിന് വഴിപ്പെടാത്ത വർണങ്ങളുടെയും സൂക്ഷ്മനാദങ്ങളുടെയും സങ്കേതമാണ് കാവുകൾ. ഗ്രാമീണർ ആരാധിച്ചുവന്ന വൃക്ഷക്കൂട്ടങ്ങളും കുന്നുകളും നിറഞ്ഞ കാവുകൾ കേരളീയസംസ്കാരത്തിന്റെ നേർചിത്രങ്ങളാണ്. ഇവ പലവിധ മാറ്റങ്ങൾക്ക് വിധേയമായതോടെ പുരാവൃത്തം രൂപംപൂണ്ടു എന്ന് പറയാം. അങ്ങനെ പനകളും പാലകളും 'മിത്തു'കളുടെ ആവാസകേന്ദ്രമായി മാറി. പല ഗ്രാമീണദേവതകളുടെയും ആവാസസ്ഥാനങ്ങൾ കൂടിയാണ് വൃക്ഷങ്ങൾ. യക്ഷിക്ക് പാല, ഗുളികന് ചെമ്പകം, ഗന്ധർവന് പന, എന്നിങ്ങനെ കരുതിപ്പോരുന്നു. നാട്ടുവൃക്ഷങ്ങളുടെ ചുവട്ടിൽ നാടോടിദേവതകളെ കുടിയിരുത്തിയതോടെ പല കാവുകളും, യക്ഷിക്കാവുകളും, സർപക്കാവുകളും, അയ്യപ്പൻകാവുകളുമായി മാറി. വൃക്ഷച്ചുവട്ടിൽ കുടിയിരുത്തിയിരുന്ന ദേവതമാർ പ്രകൃതിപ്രതിഭാസങ്ങളായ വെയിലും മഴയുമേറ്റ് സാധാരണക്കാരോടൊപ്പം കുടികൊണ്ടപ്പോൾ അവരെ പ്രീതിപ്പെടുത്തുന്നതിനായി കളമെഴുത്തുംപാട്ടുംപോലുള്ള അനുഷ്ഠാനങ്ങൾ നടത്താൻതുടങ്ങി.

കാവുകളിൽ ആരാധിച്ചു വന്നിരുന്ന മൂർത്തികളെ മൂന്നായി തരംതിരിക്കാം.




**2.2 അമ്മദൈവം**

അതിപ്രാചീനകാലംമുതൽതന്നെ ജാതിമതഭേദമില്ലാതെ എല്ലാ മക്കളെയും സംരക്ഷിക്കുന്ന അമ്മയാണ് ഭദ്രകാളി. സമൃദ്ധമായ സൗഭാഗ്യ ത്തിനും ദുരിതനാശത്തിനും അമ്മയെന്നും മക്കളോടൊപ്പമായിരുന്നു. അവതാരലക്ഷ്യം പൂർത്തിയാക്കി ശിവസന്നിധിയിലെത്തിയ മകൾക്ക് പിതാവ് നൽകിയ വരമാണ് മലനാട്ടുമക്കൾ ഭദ്ര(മംഗളം)കാളിയായി ആരാധിക്കുമെന്ന്. അങ്ങനെ മലനാട്ടിലെത്തിയ അമ്മയ്ക്ക് ഏറ്റവും സന്തോഷം തന്റെ അവതാരോദ്ദേശ്യം എന്തായിരുന്നോ അത് ഭക്തിപൂർവം അവതരിപ്പിക്കുന്നത് കാണുമ്പോഴാണ്. മംഗളസ്വരൂപിണിയായി ഇവിടെ പ്രതിഷ്ഠിച്ച അമ്മ ദുഷ്ടനിഗ്രഹം നടത്തേണ്ടിവരുന്ന സന്ദർഭങ്ങളിൽ ദാരികനിഗ്രഹാവ സരത്തിലെ ഉഗ്രരൂപിണിയായി മാറും എന്നാണ് വിശ്വാസം. 'ഇണങ്ങിയാൽ പൊട്ട് പിണങ്ങിയാൽ വെട്ട്' എന്ന മാർഗം സ്വീകരിച്ച ഈ അമ്മ അങ്ങനെ നമ്മുടെ കാവിലമ്മയായിമാറി എന്ന് സഞ്ജീവൻ അഴീക്കോട് വ്യക്ത മാക്കുന്നു (2007 : 51).

രൂപമോ പ്രതിമയോ ഇല്ലാതെ വൃക്ഷച്ചുവട്ടിൽ തുടങ്ങിയ ആരാധനാസമ്പ്രദായംമുതൽ രൂപത്തോടുകൂടി കാളി, ചണ്ഡി, ദുർഗ എന്നീ ഉഗ്രമൂർത്തികളുടെ ആരാധനാക്രമങ്ങളിലൂടെ മഹാലക്ഷ്മി, സരസ്വതി, പാർവതി തുടങ്ങിയ സൗമ്യഭാവത്തോടുകൂടിയ ദേവതകളുടെ ആരാധനാ രീതിവരെ എത്തിനിൽക്കുന്നു. ഇതാണ് കേരളത്തിലെ അമ്മദൈവാരാധനയുടെ സ്വഭാവം. കേരളീയസമൂഹത്തിനെന്നല്ല, ഭാരതീയ സമൂഹത്തിനുണ്ടായിട്ടുള്ള പരിണാമങ്ങളും അമ്മദൈവസങ്കൽപവും കാളീസേവയുടെ പുരോഗതികളുമായി ബന്ധിപ്പിക്കാവുന്നതാണ്. ജനിച്ചുവീഴുമ്പോൾമുതൽ ആദ്യം കാണുന്നതും വിളിക്കുന്നതും അമ്മയെയാണ്. പാൽചുരത്തി വളർത്തുന്നതോടൊപ്പം മാറോടുചേർത്ത് രക്ഷിക്കുന്നതും അമ്മയാണ്. എല്ലാ സംസ്കാരങ്ങളിലും ഏറ്റവും ശക്തമായ വികാരമാണ് അമ്മ. അങ്ങനെ മനുഷ്യമനസ്സിൽ ആഴത്തിൽപതിഞ്ഞ ഈ സങ്കൽപം ആദിപ്രതിരൂപമായി മാറി (പൗലോസ്, കെ.ജി., 2011 : 152,153). കാവിലമ്മ എന്നും കാവിന്റെ പരിസരത്ത് താമസിക്കുന്നവരുടെ പൊതുസ്വത്തായിരുന്നു. കാവിന്റെ സംസ്കാരം മറ്റു ക്ഷേത്രങ്ങളിൽനിന്നും വ്യത്യസ്തമാണ്. സാധാരണക്കാരന്റെ ആരാധനാമൂർത്തിയായ ഭൂതഗണങ്ങളാൽ ചുറ്റപ്പെട്ട കാളി എല്ലാം ശുദ്ധീകരിക്കുന്ന മാതാവാണെന്നാണ് വിശ്വാസം. ധ്യാനമർഹിക്കുന്ന ഈ അമ്മയെ പ്രീതിപ്പെടുത്തുന്നതിനായി ആരാധനാക്രമങ്ങളും അനുഷ്ഠാനങ്ങളും അനുഷ്ഠാനകലകളും രൂപമെടുക്കുകയുംചെയ്തു. കേരളത്തിലെ ക്ഷേത്രസങ്കൽപം ആരംഭിക്കുന്നത് മേൽക്കൂരയില്ലാത്ത ആദ്യകാല കാവുകളിൽനിന്നാണ്. ഇന്ന് കേരളത്തിലുള്ള എല്ലാ കാവുകളുടെയും മൂലസ്ഥാനം കൊടുങ്ങല്ലൂർ ശ്രീകുറുമ്പക്കാവാണ് എന്ന് വിശ്വസിക്കപ്പെടുന്നു. സർവംസഹയും സർവരക്ഷകയും ദീനബന്ധുവും ഒക്കെയായ തങ്ങളുടെ

അമ്മദൈവം ഇരിക്കുന്നകാവും പരിസരവും ശുദ്ധമായും വൃത്തിയായും സൂക്ഷിക്കുന്നതിൽ മലയാളികൾ എന്നും മുൻപിലാണ്.

ആരോഹണത്തിന്റെ ചിഹ്നമായ വൃക്ഷങ്ങളുടെ കൂട്ടമായ കാവും വൃക്ഷച്ചുവട്ടിൽ അധിവസിക്കുന്ന കാവിലമ്മയും ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പ്രതീകങ്ങളാണ്. മലയാളിയുടെ ആദിമസംസ്കാരത്തിന്റെ ചിഹ്നമായ കാവുകളിലേയ്ക്ക് മനുഷ്യൻ ഭയഭക്തികളോടെയാണ് നോക്കിയിരുന്നത്. പ്രകൃതിയെ സന്തുലിതാവസ്ഥയിൽ നിർത്തുന്ന തിനാവശ്യമായ ജൈവബന്ധത്തിന്റെ രഹസ്യം കാവുകൾ കാത്തു സൂക്ഷിച്ചിരുന്നു. ഈ രഹസ്യത്തിന്റെ ഉള്ളറകളറിയാനുള്ള പ്രാക്തന മനുഷ്യന്റെ അന്വേഷണമാണ് വിശ്വാസചരിത്രമെന്ന് രാജഗോപാൽ അഭിപ്രായപ്പെടുന്നു (2004 : 11). പ്രകൃതി കനിഞ്ഞുനൽകിയ വിഭവങ്ങൾ ആദിമമനുഷ്യന്റെ ആഗ്രഹപൂർത്തീകരണത്തിന് ഉതകുന്നതായിരുന്നു. ഇവിടെ ആരംഭിക്കുന്നു കാവിനോടും അമ്മയോടുമുള്ള മനുഷ്യന്റെ ആരാധന.

സ്വതന്ത്രമായ അസ്തിത്വമുള്ള ജീവാത്മാവായ മനുഷ്യനും സ്വതന്ത്രമായ അസ്തിത്വമുള്ള പരമാത്മാവായ കാവും പരസ്പരപൂരകമാണ്. മനുഷ്യന്റെ നിലനിൽപിനും അവന്റെ ആരോഗ്യത്തിനും ശുദ്ധമായ പ്രകൃതി കൂടിയേകഴിയൂ. പരിസ്ഥിതി മലിനമായാൽ മനുഷ്യന്റെ നിലനിൽപുതന്നെ അപകടത്തിലാകും. പരിസ്ഥിതി സംരക്ഷണത്തിൽ കാവുകൾ വഹിക്കുന്ന പങ്ക് എടുത്തുപറയേണ്ടതാണ്. പലവിധ ഔഷധച്ചെടികളുടെ കലവറയാണ് കാവുകൾ. വേപ്പ്, ആൽ, കൂവളം, കരിങ്ങാലി, ആടലോടകം, കുറുന്തോട്ടി, അമൃത്, പൂവാംകുറുന്നൽ, മുയൽചെവിയൻ, നീലയമരി, തുടങ്ങി എണ്ണിയാൽ തീരാത്തത്ര സസ്യജാലങ്ങൾ കാവുകളിൽ കാണപ്പെടുന്നു. മണ്ണൊലിപ്പ് തടയുന്നതിനും ഈർപം നിലനിർത്തുന്നതിനും ശുദ്ധവായു ലഭിയ്ക്കു

ന്നതിനും എല്ലാം കാവുകൾ സഹായിക്കുന്നു. അമ്മദൈവ ആരാധനാലയ ങ്ങളായ കാവുകളിലാണ് നമ്മുടെ സംസ്കാരത്തിന്റെ പ്രതീകങ്ങളായ അനുഷ്ഠാനകലകൾ ആരംഭിച്ചത്. അവിടെയാണ് അവ ഇന്നും തനിമയോടെ നിലനിൽക്കുന്നത്. മനുഷ്യന്റെ ആവാസവ്യവസ്ഥയുടെ നിലനിൽപ് പ്രകൃതി > കാവ് > അമ്മദൈവം എന്ന ക്രമത്തിലാണ്.

## 2.3 അനുഷ്ഠാനനാടകങ്ങൾ

അനുഷ്ഠാനനൃത്തങ്ങളെക്കുറിച്ചും അനുഷ്ഠാനേതര നൃത്തങ്ങളെ ക്കുറിച്ചും കഴിഞ്ഞ അധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കാവുകളുടെ ഉള്ളറ കളിൽ രൂപമെടുത്ത അനുഷ്ഠാനകലകളിൽ ഏറ്റവും പ്രധാനപ്പെട്ടത് അനുഷ്ഠാനനാടകങ്ങളാണ്. ഒരു കാലത്ത് കേരളീയഗ്രാമങ്ങളുടെ ഉൾത്തുടിപ്പുകളായിരുന്നു നാടൻകലകൾ. അവ തോറ്റമായും, ആർപ്പു വിളിയായും, കുരവയായും, താളമായും, തുള്ളലായും ഒക്കെ നമ്മുടെ സിരകളിൽ പടർന്നുകയറി. കാവ്സംസ്കാരത്തിൽനിന്നും രൂപമെടുത്ത പുരാവൃത്തങ്ങൾ ഗ്രാമത്തിന്റെ നന്മയുടെ പ്രതീകങ്ങളായി. ഇവ മനുഷ്യ രാശിയുടെ വിരുദ്ധ ദ്വന്ദ്വങ്ങളുടെ ഏറ്റുമുട്ടലുകളും നന്മയുടെ ഉയിർത്തെഴു ന്നേൽക്കലുമായി. ദൈവത്തെ സാക്ഷിനിർത്തി ഗ്രാമവാസികളുടെ മനസ്സിന്റെ ത്രാസിൽ അവൻ തൂക്കിനോക്കിയ ഇത്തരം ദ്വന്ദ്വങ്ങളുടെ ഏറ്റുമുട്ടലുകളുടെ പ്രകടിതഭാവമാണ് ഓരോ നാടൻകലാരൂപത്തിലും ആവിഷ്കരിക്കപ്പെട്ടത്. ഇതുതന്നെയാണ് ഓരോ ഗ്രാമവാസിയേയും ഭയഭക്തിപുരസ്സരം കാവുകളി ലേയ്ക്കും കാവുകളിലെ അരങ്ങുകളിലേയ്ക്കും അടുപ്പിച്ചത്. മനുഷ്യന്റെ കൂട്ടായ്മയുടെ ശക്തി അടുത്തറിയുന്നതും ഇത്തരം വേദികളിലാണ്. അതിൽ പങ്കെടുക്കുന്ന എല്ലാവരുടെയും (കലാകാരന്റെയും കാഴ്ചക്കാരന്റെയും)

പ്രാർഥന തനിക്കും നാടിനും നന്മയുണ്ടാകണം എന്നതാണ്. തെളിഞ്ഞ ആകാശത്തിന്റെ ചുവട്ടിൽ ഇരുണ്ട പച്ചപ്പിന്റെ മധ്യത്തിൽ ഭക്തരെ സാക്ഷിനിർത്തി ദേവിയുടെ അവതാരം കടന്നുവരുമ്പോൾ എല്ലാം മറന്ന് ഭക്തജനം ആ ചൈതന്യത്തിൽ ലയിക്കുന്നു.

നമ്മുടെ നാടോടികലാരൂപങ്ങൾ കൂടുതലും അനുഷ്ഠാന പരങ്ങളാണ്. ഓരോ അനുഷ്ഠാനത്തിലും അന്ത:സത്തയായി ഒരു പുരാവൃത്ത മുണ്ടായിരിക്കും. ഈ പുരാവൃത്തത്തിന്റെ വിശ്വാസപരമായ പുനര വതരണമാണ് അനുഷ്ഠാനനാടകവേദികളിൽ കാണുന്നത്. ഇതിന്റെ രംഗവേദിയാണ് പരിശുദ്ധമായ കാവും പരിസരവും.

പ്രാക്തനകാലഘട്ടത്തിൽ ഉണ്ടായിരുന്ന ചില അനുഷ്ഠാന ങ്ങൾക്ക് കാലാനുസൃതമായ പല മാറ്റങ്ങളും വന്നിട്ടുണ്ടെങ്കിലും അതിന്റെ പവിത്രതയ്ക്ക് അൽപംപോലും മങ്ങലേറ്റിട്ടില്ല. മനുഷ്യനും ജീവിത സാഹചര്യങ്ങളും വളരെ മാറിയെങ്കിലും ഇന്നും അനുഷ്ഠാനകലകൾ അതിന്റെ തനിമയോടെ കാത്തുസൂക്ഷിക്കപ്പെടുന്നു. വ്യത്യസ്ത ജീവിതസാഹ ചര്യത്തിൽ പിറന്നുവീണ നാടൻകലകൾ അവയ്ക്ക് രൂപം നൽകിയ പ്രപഞ്ച വീക്ഷണത്തിന്റെ പ്രതീകാത്മകങ്ങളായ ആവിഷ്കാര ഭേദങ്ങളാണ് (നമ്പ്യാർ, എ.കെ., 1998 : 26). ആധുനികതലമുറയെ ഇത്തരം കലകളിലേയ്ക്കാ കർഷിക്കുന്നത് അതിലെ ദൃശ്യപ്പൊലിമയും നാടകീയാംശങ്ങളുമാണ്. കൂട്ടുകുടുംബവ്യവസ്ഥിതി നിലനിന്നിരുന്ന കാലഘട്ടത്തിൽ എല്ലാ ദിനരാത്രങ്ങളിലും ബാലമനസ്സുകളിൽ മുത്തശ്ശിക്കഥകളിലൂടെ തെളിയുന്ന ചിത്രങ്ങളായിരുന്നു, തിന്മയുടെ പ്രതീകമായ അസുരന്മാരും നന്മയുടെ പ്രതീകമായ ദേവന്മാരും. ഇത്തരം അനുഭവങ്ങളിലൂടെ നന്മതിന്മകളെ വേർതിരിച്ചറിയാൻ ആ കാലഘട്ടത്തിലെ പിഞ്ചുമനസ്സുകൾക്കുപോലും

കഴിഞ്ഞിരുന്നു. എന്നാൽ ഇന്ന് അത്തരം ദിനരാത്രങ്ങൾ ആധുനിക തലമുറയ്ക്ക് അന്യമാണ്. വിശ്വാസത്തിന്റെ നിറവിൽ ജൈവസമൃദ്ധിയും പ്രകൃതിയുടെ വർണവും താളവും സമ്മേളിക്കുന്ന രംഗവേദിയായ കാവിൽ ചൂട്ടിന്റെയും പന്തത്തിന്റെയും വെളിച്ചത്തിൽ ദേവാസുരന്മാർ തീർക്കുന്ന നാടകീയമുഹൂർത്തങ്ങൾ പുതിയൊരനുഭവമാണ്. അടിസ്ഥാനവർഗത്തിന്റെ പാരമ്പര്യകല കളിൽനിന്നും രൂപമെടുത്തതാണ് അനുഷ്ഠാനനാടകങ്ങൾ. അവ വിശ്വാസത്തിൽ അധിഷ്ഠിതവും ഗ്രാമക്കൂട്ടായ്മയുടെ ശക്തിയുമാണ്. ഇതിന് കാരണം പുരാവൃത്തത്തിലുള്ള ഇവരുടെ കറകളഞ്ഞ വിശ്വാസവും, അനുഷ്ഠാനത്തിനോടുള്ള താൽപര്യവും ആത്മാർഥതയും ഇഷ്ടദേവത യോടുള്ള ആശ്രയഭാവവുമാണ്. ദേവതാപ്രീതിയ്ക്കായി എന്തുത്യാഗവും സഹിക്കാൻ മനസ്സുള്ള ഒരു തലമുറയുടെ സംഭാവനയാണ് അനുഷ്ഠാന നാടകങ്ങൾ. അനുഷ്ഠാനനാടകദർശനം മനുഷ്യമനസ്സിൽ നന്മതിന്മകളുടെ സംഘട്ടനം സൃഷ്ടിക്കുന്നു.

നാടോടിനാടകത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം പ്രേക്ഷക പങ്കാളിത്തമാണ്. നാടകങ്ങളിൽ കാണുന്നതുപോലെയുള്ള നടൻ-കഥാ പാത്രം എന്ന ദ്വന്ദസ്വഭാവം അനുഷ്ഠാനനാടകത്തിന്റെ അവതരണത്തിൽ കാണാനാവില്ല. ഇവിടെ അവതാരകൻ (Performer) എന്തിനെയാണോ പ്രതിനിധാനം ചെയ്യുന്നത്, അയാൾ അതായിത്തന്നെ നിലകൊള്ളുകയാണ്. സ്ഥലത്തിന്റെ കാര്യത്തിലും ഇത് തന്നെയാണ് സംഭവിക്കുന്നത്. കഥാപരമായ സ്ഥലരൂപാന്തരണമോ കഥാപാത്രരൂപാന്തരണമോ അനുഷ്ഠാനത്തിന്റെ അവതരണത്തിൽ നടക്കുന്നില്ല. പ്രേക്ഷകപങ്കാളിത്തമില്ലെങ്കിൽ ഒരു നാടോടിനാടകവും വിജയിക്കില്ല. ഉറച്ച ഇരിപ്പിടത്തിലിരുന്നുകൊണ്ട് നാടകം ആസ്വദിക്കുന്ന ആസ്വാദകന്റെ മാനസികാവസ്ഥയല്ല നാടോടിനാടക

ആസ്വാദകന്റേത്. ഇവിടുത്തെ കാണികൾ കേവലം പ്രേക്ഷകനോ ആസ്വാദകനോ അല്ല. ഭയഭക്തിപുരസ്സരം കൂപ്പുകൈകളും നാവിൽ ശരണമന്ത്രങ്ങളുമായി തന്റെ ആരാധനാമൂർത്തിയെ നേരിൽ കാണുന്നതിനെത്തുന്ന ഭക്തരാണവർ. ഇവിടെ ആഘോഷപൂർവം അവതരിപ്പിക്കുകയോ കാണുകയോ അല്ല, മറിച്ച് അതിൽ പങ്കാളി കളാവുകവഴി ദേവലോകത്തും പാതാളത്തിലുമൊക്കെ തന്റെ ഇഷ്ടദേവ തയോടൊപ്പം സഞ്ചരിക്കുകയാണ് അവർ.

സമൂഹമനസ്സിൽ രൂഢമൂലമായ പുരാവൃത്തങ്ങളാണ് അനുഷ്ഠാന നാടകങ്ങളിൽ അവതരിപ്പിക്കപ്പെടുന്നത്. കേവലാസ്വാദനമല്ല ഇതിന്റെ ലക്ഷ്യം. അനുഷ്ഠാനനാടകങ്ങൾ വിശ്വാസത്തിലൂന്നിനിന്നുകൊണ്ട് നമ്മളെ അനുഭവിപ്പിക്കുകയാണ്. അനുഷ്ഠാനപരമായ ഏതെങ്കിലും ആഘോ ഷത്തിന്റെ ഭാഗമായിട്ടോ അല്ലെങ്കിൽ അനുഷ്ഠാനമായിട്ടുതന്നെയോ ആണ് അനുഷ്ഠാനനാടകങ്ങൾ അവതരിപ്പിക്കുന്നത്. ഉദാ: മുടിയേറ്റ്.

അനുഷ്ഠാനനാടകങ്ങളിലും നാടോടിനൃത്തങ്ങളിലും ചില സമാനതകൾ ദർശിക്കാൻ കഴിയും. രണ്ടിലും ആശയസംവേദനം നടത്തുന്നത് അംഗചലനത്തിലൂടെയും ആംഗ്യത്തിലൂടെയുമാണ്. നാടോടിനാടകത്തിന്റെ അടിസ്ഥാനസ്വഭാവം അഭിനയമാണെങ്കിലും സംഭാഷണത്തിനുള്ള പ്രാധാന്യമാണ് അനുഷ്ഠാനനൃത്തത്തിൽനിന്നും ഇതിനെ വേർതിരിക്കുന്നത്. അലൗകികവും പരിശുദ്ധവുമായൊരു ലോകമാണ് അനുഷ്ഠാനനാടകം ലക്ഷ്യമിടുന്നത്. ഇതിനുകാരണം വിശ്വാസത്തിന്റെ പ്രതിരൂപാത്മകമായ അവതരണമാണ് അനുഷ്ഠാന നാടകങ്ങൾ എന്നതാണ്. അതുകൊണ്ടുതന്നെ കൃത്രിമമായി സംരക്ഷിക്ക പ്പെടാൻ കഴിയാത്ത ഒന്നാണിത്. എല്ലാ അനുഷ്ഠാനനാടകങ്ങളും

സമൂഹത്തിൽ നിലനിന്നുവെന്ന് വരില്ല. സമൂഹത്തിലെ ഓരോ വ്യക്തിയെയും പരസ്പരം കൂട്ടിയിണക്കുകയും സമൂഹത്തിന് വിശ്വാസത്തിന്റെ ദാർഢ്യമുള്ള അടിത്തറനൽകുകയും ചെയ്യുന്നവ മാത്രമാണ് സമൂഹത്തിൽ നിലനിൽക്കുക. അവ വ്യക്തികൾക്ക് മാത്രമല്ല സമൂഹത്തിനാകെ ശക്തിയും സംരക്ഷണവും നൽകുന്നു. പഠിതാവിന് അനുഷ്ഠാനനാടകം ഒരു രംഗകല മാത്രമായിരിക്കാമെങ്കിലും വിശ്വാസിയായ ഒരു പഠിതാവ് ഇത് ഒരേസമയം ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. വിശ്വാസങ്ങൾ പലപ്പോഴും ഇത്തരം അനുഭവങ്ങളുടെ വ്യാഖ്യാനങ്ങളാണെങ്കിലും ഇതിലെ അനുഷ്ഠാനാംശം ഒഴിവാക്കി നിറുത്തിയാൽ അവ കേവലം കഥകൾ മാത്രമായിരിക്കും.

നമ്മുടെ അനുഷ്ഠാനനാടകങ്ങളിൽ ഏറിയകൂറും ഭദ്രകാളി ആരാധനയുമായി ബന്ധപ്പെട്ടതാണ്. അനുഷ്ഠാനം പ്രാചീനഭാരതത്തിൽ മാതൃദേവാരാധനയായി പ്രചരിച്ചിരുന്നു. മനുഷ്യമനസ്സിലെ ഒരു വിസ്മയമായിരുന്നു കാളിയും കാളിയുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങളും. രോഗംവിതയ്ക്കുകയും രോഗം ഇല്ലാതാക്കുകയും ചെയ്യുന്ന കാളി സാധാരണമനുഷ്യന്റെ അഭയകേന്ദ്രമാണ്. മനുഷ്യന്റെ നിലനിൽപ്പിന് ആധാരമായ സകലവികാരവിചാരങ്ങളുടെയും ഉറവിടം ദുർഗയാണ്. മഹാവിഷ്ണുവിന് ദശാവതാരങ്ങളുള്ളതുപോലെ ദുർഗയ്ക്കും ദശാവതാരങ്ങളുണ്ടെന്ന് ശ്രീധരൻ വ്യക്തമാക്കുന്നു (2004 : 25-28). ഈ ദശാവതാരങ്ങളെ മൂന്ന് വിഭാഗമായി തിരിച്ചിരിക്കുന്നു.

I. മഹാവിദ്യ

1. കാളി (കറുപ്പ്, ഉഗ്രം)

2. താര (കന്യകാരൂപം)

II. വിദ്യ

3. ഷോഡശി (ത്രിപുര)

4. ഭുവനേശ്വരി (കറുപ്പ് നിറം, ത്രിനേത്രം)

5. ഭൈരവി (ഉഗ്രകോപി)

6. ഛിന്നമസ്തക (രക്തമൊലിക്കുന്ന തല കൈയിൽ)

7. ധൂമാവതി (പുകരൂപം )

III. സിദ്ധവിദ്യ

8. ബകുള (കൊക്കിന്റെ മുഖം)

9. മാതംഗി (അസ്പൃശ്യജാതി)

10. കമലാത്മിക (ആത്മദേവത, പത്മാസനസ്ഥ)

ഇതിൽ മഹാവിദ്യ എന്ന വിഭാഗത്തിൽ പറഞ്ഞിരിക്കുന്ന കാളിയ്ക്കാണ് ദുർഗയുടെ ദശാവതാരത്തിൽ പ്രഥമസ്ഥാനം. ദ്രാവിഡ മാതാവായ കാളിയുടെ നിറം കാളിമയാണ്. ഭയത്തിന്റെ നിറമാണ് കറുപ്പ്. സൃഷ്ടിക്കാനും സംഹരിക്കാനും കഴിവുള്ള കാളി സൃഷ്ടി- സ്ഥിതി-സംഹാരങ്ങളുടെ ചിഹ്നമാണ്. സൃഷ്ടിയിലും സംഹാരത്തിലും നിണത്തിന് പ്രാധാന്യമുണ്ട്. നിണത്തിന്റെ നിറം ചുവപ്പ്. സൃഷ്ടിയിൽ അമ്മയുടെ മുഖം സൗമ്യവും വാൽസല്യം നിറഞ്ഞതുമാണ്. സംഹാരത്തിൽ ഉഗ്രരൂപിണിയും നശിപ്പിക്കാൻ പോന്നവളുമാണ് അമ്മ. ഇത് തന്നെയാണ് പ്രകൃതിയുടെ ഭാവവും. ഇത് മനുഷ്യനിലും ആരോപിക്കപ്പെടുന്നു. പുരുഷനേക്കാൾ പ്രാധാന്യം (ബഹുമാന്യത) സ്ത്രീയ്ക്ക് നൽകുന്നതും സ്ത്രീകളെ ശക്തിസ്വരൂപിണികളായി ആരാധിക്കുന്നതും കൗളധർമ്മ പ്രകാരമാണ്.

കൗളധർമം ആചരിക്കുന്ന ഗൃഹസ്ഥാശ്രമിക്ക് സ്വന്തം ജീവനിൽ കുടികൊള്ളുന്ന ജീവചൈതന്യത്തെ തിരിച്ചറിയാൻ കഴിയും; എന്നുമാത്രമല്ല അവിടെ ദേവിയുടെ അനുഗ്രഹം നിറഞ്ഞുനിൽക്കുകയും ചെയ്യുന്നു. ഇവിടെ കാളീപൂജ സവിശേഷപ്രാധാന്യം അർഹിക്കുന്നു. ശിവശക്തിയുടെ മാഹാത്മ്യമായ ഭദ്രകാളി തന്റെ ശരീരവും ശക്തിയുമെല്ലാം ശിവന്റെ ശക്തിയും ശരീരവുമാണെന്ന് പറയുന്നു.

'താത പ്രസീദ തവശക്തിരിയം മമാപി

ശക്തി: ശരീരമപിതാവകമസ്മദീയം'-എന്ന് 'ഭദ്രകാളീ മാഹാത്മ്യ'ത്തിൽ പറയുന്നതിൽനിന്ന് ദേവിയുടെ മാഹാത്മ്യവും ഒപ്പം ശിവമാഹാത്മ്യവും വ്യക്തമാണ് (ഗോപാലകൃഷ്ണൻ, ആചാര്യത്രൈപുരം., 2004 : 21–23). പലപല സന്ദർഭങ്ങളിലായി നിരവധി രൂപത്തിലും ഭാവത്തിലും അവതരിച്ച ഭഗവതിക്ക് ആയിരക്കണക്കിന് പേരുകളുണ്ടായി (സഹസ്രനാമം).

കേരളപരിസരത്ത് ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ളത് കാളിയാണ്. കാളി-ദാരികവധവുമായി ബന്ധപ്പെട്ട പുരാവൃത്തത്തി ലധിഷ്ഠിതമാണ് കേരളത്തിന്റെ അനുഷ്ഠാനനാടകങ്ങൾ എല്ലാംതന്നെ. അവയിൽ പ്രാധാന്യം മുടിയേറ്റ്, മുടിയെടുപ്പ്, കാളിദാരികൻ, മുടിപ്പേച്ച്, തീയാട്ട്, കാളിയൂട്ട്, പറണേറ്, ഉതിരക്കോലം, ദാരികവധം, നിണബലി എന്നിവ യ്ക്കാണ്. ഇവയിൽ ഒരു പൂർണനാടകസ്വഭാവം പുലർത്തുന്ന അനുഷ്ഠാന നാടകം മുടിയേറ്റാണെന്ന് പറയാം.

നൃത്തത്തിന്റെ പരിണതരൂപമാണ് നാടകം. മനുഷ്യജീവിതത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ ആനന്ദസൂചകമായി പ്രകടിപ്പിച്ച നൃത്തങ്ങളാണ് നാട്യത്തിന്റെ ആദിരൂപം. ഉദാഹരണത്തിന് ജനനം, കാത്കുത്ത്, വിവാഹം തുടങ്ങിയവ. മനുഷ്യജീവിതത്തിലെ അമൂല്യങ്ങളായ ഇത്തരം മുഹൂർത്ത

ങ്ങൾക്കുപിന്നിൽ ഏതോ അമാനുഷികശക്തിയാണെന്ന ധാരണ പ്രാക്തന മനുഷ്യനെ ആ ശക്തിയുടെ മുമ്പിൽ ആടാനും പാടാനും പ്രേരിപ്പിച്ചു. ഇങ്ങനെ ചെയ്തുവന്ന പ്രവൃത്തികൾ ശീലങ്ങളും അനുഷ്ഠാനങ്ങളുമായി മാറി. ഇത് ക്രമേണ മതപരമായ ചടങ്ങുകളായി. മനുഷ്യജീവിതത്തിൽ സംഭവിക്കുന്ന വ്യത്യസ്ത സംഭവവികാസങ്ങളുടെ സമന്വയമാണ് നാടകമായി പരിണമിച്ചതെന്ന് എസ്.കെ. നായർ അഭിപ്രായപ്പെടുന്നു (1962 : 18). സംസ്കൃതത്തിൽ നാടകത്തിന് രൂപകം എന്നാണ് പറയുന്നത് (എസ്.കെ. നായർ, 1962 : 18). ജീവിതത്തിന്റെ അനുകരണമായ നാടകം നടിക്കാനുള്ളതാണ്. നാടകംകൊണ്ട് അഭിനയത്തെയാണ് വിവക്ഷിക്കുന്നത് എന്ന് 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക'യിലും 'അവസ്ഥാനുകൃതിർനാട്യം' എന്ന് ധനഞ്ജയന്റെ 'ദശരൂപക'ത്തിലും പറയുന്നു. സ്വാഭാവികമെന്ന് തോന്നത്തക്കരീതിയിൽ കഥാപാത്രങ്ങളായി രംഗത്തുവരുന്ന വ്യക്തികളുടെ പ്രവർത്തനങ്ങൾക്ക് കാരണമാകുന്ന സാഹിത്യരചനയാണ് നാടകം. ഇങ്ങനെ വ്യത്യസ്ത വിശദീകരണങ്ങൾ നാടകത്തിന് നൽകുന്നുണ്ടെങ്കിലും 'നാട്യം ഭാവാനു കീർത്തനം' (വാക്യാർഥാഭിനയമാണ് നാട്യം) എന്ന ഭരതമുനിയുടെ അഭിപ്രായമാണ് കുറച്ചുകൂടി സ്വീകാര്യം (നാരായണപിഷാരടി., 1997 : 100). അഭിനയിക്കുക :- അഭി- നയിക്കുക-നേരെ നയിക്കുക എന്നാണ് അർഥം. രംഗത്ത് അവതരിപ്പിക്കേണ്ട കാര്യം നടനിലൂടെ അവതരിപ്പിച്ച് കാണികളിലെത്തിക്കുകയാണ് അഭിനയം. ഇത് ആംഗികം, സാത്വികം, ആഹാര്യം, വാചികം എന്ന് നാല് വിധം.

'ആംഗികോ വാചികശ്ചൈവ
ഹ്യാഹാര്യ : സാത്ത്വികസ്തഥാ

ചത്വാരോഭിനയാ ഹ്യേതേ

വിജ്ഞേയാ നാട്യസംശ്രയാ: ’

(നാരായണപിഷാരടി., 1997 : 243) എന്നുതുടങ്ങി എങ്ങനെയാണ് അഭിനയിക്കേണ്ടത് എന്നതിനെക്കുറിച്ച് 6-ാം അധ്യായത്തിലെ 19-ാം ശ്ലോകത്തിൽ വിശദീകരിക്കുന്നുണ്ട്. ചതുർവിധ അഭിനയങ്ങളുടെ കൂടിച്ചേരലാണ് നാടകത്തിൽ നടക്കുന്നത്. ദശരൂപകത്തിൽ ആദ്യത്തേതാണ് നാടകം. നാടകത്തിന്റെ സാമാന്യസ്വഭാവം പ്രകടിപ്പിക്കുന്നവയാണ് പ്രകരണം, ഡിമം, വ്യായോഗം എന്നിവ. ‘നാട്യശാസ്ത്ര’ത്തിൽ നാടകത്തിന് :

‘പ്രഖ്യാത വസ്തു വിഷയം

പ്രഖ്യാതോദാത്ത നായകഞ്ചൈവ

രാജർഷി വംശചരിതം

തഥാച ദിവ്യാശ്രയോപേതം

നാനാവിഭൂതി സംയുക്തം

ഋഷിവിലാസാദിഭിർ ഗുണൈശ്ചാപി

അങ്കപ്രവേശകാഢ്യം

വതിഹി തന്നാടകം നാമ’ എന്നാണ് ലക്ഷണം കൊടുത്തിരിക്കുന്നത് (നാരായണപിഷാരടി., 1997 : 243).

സംസ്കാരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് അനുശാസിക്കുന്ന ശാസ്ത്രവിഭാഗമാണ് തന്ത്രശാസ്ത്രം. തന്ത്രവും മന്ത്രവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യശരീരത്തിലെ നാഡികളിൽ ഏറ്റവും പ്രധാനപ്പെട്ട ഇഡാ, പിംഗലാ, സുഷുമ്നാനാഡികളെ അടിസ്ഥാനമാക്കിയുള്ള യോഗശാസ്ത്രപരമായ ആരാധനാക്രമമാണ് തന്ത്രം. ഭാരതീയസംസ്കാരത്തിന്റെ ആഴങ്ങളിലേയ്ക്ക് ഊളിയിട്ടിറങ്ങാൻ തന്ത്ര

രഹസ്യങ്ങൾ സഹായിക്കുന്നു. നിരന്തരമായ മന്ത്രോച്ചാരണത്തിലൂടെയേ തന്ത്രങ്ങൾ പരിശീലിക്കാൻ കഴിയൂ. ഇത് ഉമാമഹേശ്വരസംവാദത്തിൽനിന്നും ഉടലെടുത്തതാണെന്ന് ത്രൈപുരം ഗോപാലകൃഷ്ണൻ വ്യക്തമാക്കുന്നു (2004 : 17).

'തനോതി വിപുലാനർഥാൻ
തത്വമന്ത്ര സമന്വിതാൻ
ത്രാണം ച കുരുതേ യസ്മാത്
തന്ത്രമിത്യഭിധീയതേ
വ്യവഹാര: കഥ്യതേയത്ര തഥാ
ചാദ്ധ്യാത്മ വർണനം
ഇത്യാദി ലക്ഷണൈർയുക്തം
തന്ത്രമിത്യഭിധീയതേ '

എന്നാണ് തന്ത്രലക്ഷണം (ഗോപാലകൃഷ്ണൻ, 2004 : 17).

തന്ത്രപ്രകാരമുള്ള ആചാരങ്ങൾ രണ്ട് വിധം. (1) സമയമാർഗം (2) കൗളമാർഗം. സമയമാർഗത്തിൽ സൗമ്യരൂപത്തിലുള്ള ചിച്ഛക്തിയായി വിരാജിക്കുന്ന കുണ്ഡലിനീശക്തിയും സഹസ്രാരപത്മത്തിൽ വിരാജിക്കുന്ന പരമശിവനും തമ്മിലുള്ള ഐക്യസന്ധാനമാണ് ശരിയായ മാർഗമെന്ന് പറയുന്നു. എന്നാൽ കൗളമാർഗത്തിൽ സ്ഥിരമായ ഒരു രീതിയില്ല. ദേശ-ഗ്രാമ -കുലമനുസരിച്ച് അനുഷ്ഠാനക്രമം വ്യത്യാസപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് രൗദ്രവും തമോഗുണപ്രധാനവുമായ വിവിധതരത്തിലുള്ള ആരാധനാനുഷ്ഠാനങ്ങൾ ഉണ്ടായത്. ഇവയിൽനിന്ന് അനുഷ്ഠാനകലകളും രൂപമെടുത്തു.

‘ഇക്കേരളത്തിൽ വാഴുന്ന മനുഷ്യർ
സ്വർഗവാസികളോടൊക്കും
ആറുമാസം വർഷം വേണം രാജ്യത്തുങ്കൽ
അനേകമനേകം സസ്യാദികളുണ്ടാകണം
ദേവാലയങ്ങളും ദൈവത്തിൻ കാവുകളും
ഭദ്രകാളിവട്ടത്തും ഉത്സവം, വേല, ദൈവാട്ടം
തീയാട്ട്, കളിയാട്ട്, പൂരം, വേല, വിളക്ക്
എന്നിങ്ങനെയുള്ള വേലകൾ
കഴിപ്പാനായ്കൊണ്ട് കാവും കുളവും
കളത്തട്ടും ആറുമാസം വേനൽ
വെളിച്ചവും കൽപിച്ചിരിക്കുന്നു.’

ഇതാണ് ‘കേരളപ്പഴമ’ എന്ന ഗ്രന്ഥത്തിലൂടെ വ്യക്തമാകുന്ന കേരളീയ ചിത്രം (ശിവശങ്കരപിള്ള, പി.കെ., 2003 : 9–10).

‘വിശ്വാസവുമായി മാത്രം ബന്ധപ്പെട്ടുവളർന്നുവന്ന ഈ കലാരൂപങ്ങളെല്ലാംതന്നെ ഭക്തിയുടെ പരിവേഷം ഉൾക്കൊണ്ട് സ്വാഭാവിക മായ അനുഷ്ഠാനങ്ങളായി മാറി’ (നാരായണനുണ്ണി, സുബ്രഹ്മണ്യശർമ്മ., 2000:15). അനുഷ്ഠാനനാടകങ്ങളിൽ കാളി-ദാരികപുരാവൃത്തം സ്വീകരി ക്കാതെ വ്യത്യസ്തപുരാവൃത്തങ്ങൾ സ്വീകരിച്ചുകൊണ്ട് നടത്തിവന്ന പല കലാരൂപങ്ങളും കേരളത്തിലുണ്ട്. ഇവ മതവുമായും ഉർവരതയുമായും ബന്ധപ്പെട്ടാണ് അവതരിപ്പിച്ചുവരുന്നത്. ഇത്തരത്തിൽ അനുഷ്ഠാനപരമായ ക്രിയാംശങ്ങളോടുകൂടിയ ഏതാനും നാടകങ്ങളെ പരിചയപ്പെടുത്തുന്നു :

### 2.3.1 അയ്യപ്പൻതീയാട്ട്

ആലപ്പുഴ, ചെങ്ങന്നൂർ, പത്തനംതിട്ട എന്നിവിടങ്ങളിൽ പ്രചാരമുള്ള പ്രാചീന അനുഷ്ഠാനകലയാണ് ഭദ്രകാളിത്തീയാട്ടെങ്കിൽ

മലബാറിൽ പ്രചാരത്തിലുള്ളതാണ് അയ്യപ്പൻതീയാട്ട്. അയ്യപ്പൻകാവുകളിലും ക്ഷേത്രങ്ങളിലും നടത്തുന്ന ഒരനുഷ്ഠാനകല. അയ്യപ്പപ്രീതിയാണ് ഈ അനുഷ്ഠാനത്തിന്റെ പിന്നിലുള്ളത്. നമ്പൂതിരിമാരും തീയാട്ടുണ്ണികളുമാണ് ഇത് അവതരിപ്പിക്കുന്നത്. പ്രായഭേദമെന്യേ പുരുഷന്മാർ പങ്കെടുത്തിരുന്ന ഒരനുഷ്ഠാനമാണിത്. ഇതിന് 1500 വർഷത്തെ പഴക്കമുണ്ടെന്ന് പറയപ്പെടുന്നു (വിശ്വംഭരൻ, കിളിമാനൂർ., 1978 : 106).

തീയാട്ട് നടത്തുന്നതിന് പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് പന്തലിട്ട് കുരുത്തോല, വെറ്റില എന്നിവ തൂക്കി അലങ്കരിച്ച് അതിനുമുകളിൽ വെള്ളത്തുണികൊണ്ട് വിതാനിക്കുന്നു. അയ്യപ്പൻപാട്ട് നടക്കുന്നതിന്റെ തലേദിവസമാണ് പന്തൽ വിതാനിക്കുക. ഇതിന് കൂറയിടൽ എന്നുപറയുന്നു.

#### 2.3.1.1 അനുഷ്ഠാനക്രമം

തീയാട്ട് നടക്കുന്ന ദിവസം ഉച്ചപൂജ കഴിഞ്ഞാണ് ഇതിന്റെ ചട ങ്ങുകൾ ആരംഭിക്കുന്നത. ആദ്യ ചടങ്ങ് ഉച്ചത്തീയാട്ടാണ്. ദേവന്റെ മുൻപിൽ ഇടത്തോട്ടോ വലത്തോട്ടോ മാറിയോ വാതിൽ മാടത്തിലോ അല്ലെങ്കിൽ പ്രത്യേകം സജ്ജമാക്കിയ തറയിലോ പന്തലിലോ ആണ് ഇത് നടത്തുക. പീഠം, വിളക്ക്, വെള്ളയരി തുടങ്ങിയവ ഗണപതിക്കുവെച്ച് പൂജ ചെയ്യുന്നതോടെയാണ് ചടങ്ങുകൾ ആരംഭിക്കുന്നത്. തുടർന്ന് 'പറ' യുടെ താളത്തിനനുസരിച്ച് നമ്പ്യാർ പാടുന്നു. ഈ സമയം പൂജാരി പൂജനടത്തുകയും ചെയ്യുന്നു. രണ്ടും ഒരേ സമയമാണ് അവസാനിക്കുക. ഉച്ചയ്ക്ക് നടക്കുന്ന ചടങ്ങായതിനാലാകാം ഇതിനെ ഉച്ചത്തീയാട്ട് എന്ന് പറയുന്നത് എന്നാണ് എസ്. കെ. നായരുടെ അഭിപ്രായം (1962 : 63).

ഉച്ചത്തീയാട്ടിനുശേഷം പഞ്ചവർണപ്പൊടികൊണ്ട് അയ്യപ്പൻ നായാട്ടിന് പോകുന്ന ചിത്രമാണ് എഴുതുന്നത്. അതിനുശേഷം സന്ധ്യക്കൊട്ട്,

കളംപൂജ, കളംപാട്ട്, കൂത്ത്, കോമരം, തിരിയുഴിച്ചിൽ എന്നിങ്ങനെയാണ് ഇതിന്റെ അനുഷ്ഠാനക്രമം. അഭിനയത്തിനാണ് അയ്യപ്പൻതീയാട്ടിൽ പ്രാധാന്യം. നാടകത്തിലേതുപോലെ അയ്യപ്പചരിതമാണ് ഇതിന്റെ അവതരണത്തിന് ആധാരം.

നന്ദികേശൻ അയ്യപ്പനോട് കഥ പറയുന്നഭാഗമാണ് നമ്പ്യാർ അഭിനയിക്കുന്നത്. ഈ സമയം ശിവൻ താണ്ഡവം ചെയ്തുകൊണ്ടിരിക്കുന്നതിനാൽ ശിവനെ ശല്യംചെയ്യാതെ കൈകൊണ്ട് മുദ്രകൾ കാണിച്ചാണ് അയ്യപ്പന് കഥ പറഞ്ഞുകൊടുക്കുന്നത്. തിരിയുഴിച്ചിൽ കഴിയുന്നതോടെ വെളിച്ചപ്പാടെത്തി പൊലിപ്പാട്ട് പാടാൻ ആരംഭിക്കുന്നു. ഈ സമയം ഭക്തജനങ്ങൾ പൊലിപ്പണംവെച്ച് വണങ്ങുന്നു. ഇതോടെ അയ്യപ്പൻ തീയാട്ടിന്റെ ചടങ്ങുകൾ അവസാനിക്കുന്നു.

### 2.3.2 കോതാമ്മൂരിയാട്ടം

അനുഷ്ഠാനനാടകങ്ങളിൽ ഉർവരതാനുഷ്ഠാനവുമായി ബന്ധപ്പെട്ട കലാരൂപമാണ് കോതാമ്മൂരിയാട്ടം. പ്രാക്തനമനുഷ്യൻ പ്രകൃത്യാരാധനയോടൊപ്പം മൃഗാരാധനയിലും താൽപര്യം പ്രകടിപ്പിച്ചിരുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് കോതാമ്മൂരിയാട്ടം. ഇത്രയധികം കലകൾ ഉർവരാരാധനയുമായി ബന്ധപ്പെട്ട് രൂപപ്പെട്ടത് കേരളത്തിന്റെ കാർഷിക പാരമ്പര്യത്തിന് നിദർശനമാണ്. കാർഷികസംസ്കാരത്തിന്റെ ഭാഗമാണ് ഗോക്കളും ഗോപൂജയും.

കേരളത്തിലെ അനുഷ്ഠാനനാടകങ്ങളിൽ ഉൾപ്പെടുത്താവുന്ന കലാരൂപമാണ് കോതാമ്മൂരിയാട്ടം. 'ഗോദാവരിയാട്ട'മാണ് നാടൻ പ്രയോഗത്തിലൂടെ കോതാമ്മൂരിയാട്ടം എന്നറിയപ്പെടുന്നത്. കാർഷിക

വൃത്തിയിലും ഗോസംരക്ഷണത്തിലും തൽപരരായിരുന്ന ഒരു ജനതയുടെ സങ്കൽപത്തിൽനിന്നും രൂപമെടുത്ത നാടകീയതകലർന്ന ഒരു നാടൻ കലാരൂപമാണ് കോതാമ്മൂരിയാട്ടമെന്ന് വിഷ്ണുനമ്പൂതിരി അഭിപ്രായ പ്പെടുന്നു (2010 : 11). കോലത്തുനാട്ടിലെ ചെറുകുന്ന് അന്നപൂർണേശ്വരി ക്ഷേത്രം, മാടായിക്കാവ് എന്നീ ക്ഷേത്രങ്ങളിൽ ഈ അനുഷ്ഠാനനാടകം അവതരിപ്പിച്ചുവരുന്നു. തുലാം പത്ത് മുതലാണ് ഇത് അവതരിപ്പിക്കുന്നത്. കാവുകളിൽ അവതരിപ്പിച്ചതിനുശേഷം കോലംകെട്ടിയവർ വീടുവീടാന്തരം കയറിയിറങ്ങി അവതരിപ്പിക്കുന്നു. ഇതിന് അകമ്പടിയായി അത്യാനന്ദത്തോടെ നാട്ടിലെ കുട്ടികളെല്ലാം ഒപ്പം കൂടുന്നു.

മലയസമുദായക്കാരാണ് കോതാമ്മൂരിയാട്ടം അവതരിപ്പിക്കുന്നത്. അരയ്ക്കുമുകളിൽ ഗോമുഖം വെച്ചുകെട്ടി മുഖത്തെഴുത്തും പ്രത്യേക രീതിയിലുള്ള മുടിയുമാണ് ഇതിന്റെ വേഷം. ചെറിയ ആൺകുട്ടിയാകും ദിവ്യധേനുവിന്റെ സങ്കൽപത്തിലുള്ള ഈ തെയ്യക്കോലം കെട്ടുക. കോതാമ്മൂരിയോടൊപ്പം അതിന്റെ സംരക്ഷകരായി മൂന്നുനാലു 'പനിയന്മാർ' ഉണ്ടായിരിക്കും. ഇവർ കുരുത്തോലകൊണ്ടുള്ള 'ഓലി'യുടുപ്പും കാതുകളിൽ കുരുത്തോലകൊണ്ടുള്ള പൊയ്കാതുകളും ധരിച്ച ഹാസ്യാത്മക വേഷങ്ങളാണ്. ചെണ്ടയാണ് പ്രധാനവാദ്യം. നർമരസം തുളുമ്പുന്ന സംഭാഷണങ്ങളാണ് പനിയന്മാരുടേത്. പാട്ടുകൾ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ച് പാടുന്നു.

വിളവെടുപ്പിനുശേഷമുള്ള അവതരണമായതിനാൽ അവതാര കർക്ക് 'വനങ്ങളിൽനിന്നും നെല്ലും അരിയും വസ്ത്രവും ചണവും ഗോദാവരിക്കായി ലഭിക്കുന്നു. ഹരിനാരായണസ്തുതി, ശ്രീകൃഷ്ണസ്തുതി, തിരുവർകൊട്ടു ഭഗവതിസ്തുതി, കലശംപൊലിപ്പാട്ട്, വിത്തുപൊലിപ്പാട്ട്,

പശുപൊലിപ്പാട്ട്, പൂപ്പാട്ട്, അന്നപൂർണേശ്വരീചരിതം എന്നിവ കോതാമ്മൂരിപ്പാട്ടിൽ പ്രധാനമാണ് (വിഷ്ണുനമ്പൂതിരി, എം.വി., 2000(1) : 245-246). ഗോദാവരിയുടെ പേരുചൊല്ലി ഈ മനോഹരനൃത്തമാടിയാൽ നെല്ലും പശുവും വർധിക്കുമെന്നാണ് ഗ്രാമീണരുടെ വിശ്വാസം.

രസകരമായ അവതരണത്തിന്റെ പല തലങ്ങൾ പനിയന്മാരും ഉരുക്കളും ഗോദാവരിയും തമ്മിൽ കാഴ്ചവെയ്ക്കുന്നത് കാഴ്ചക്കാരിലും കേൾവിക്കാരിലും ആസ്വാദനത്തിന്റെ മറ്റൊരുതലം സൃഷ്ടിക്കുന്നു. ഇത്തരത്തിലുള്ള പ്രകടനങ്ങൾ കോതാമ്മൂരിയാട്ടത്തിന് പൊറാട്ടു നാടകത്തിന്റെ ഛായ നൽകുന്നു.

### 2.3.3 കണ്യാർകളി

പാലക്കാട്ജില്ലയിൽ പ്രചാരത്തിലുള്ള മറ്റൊരു അനുഷ്ഠാന നാടകമാണ് കണ്യാർകളി. ഇവിടുത്തെ കാർഷികോത്സവത്തിന് തുടക്കം കുറിക്കുന്നത് കണ്യാർകളിയിലൂടെയാണെന്ന് എം.വി. വിഷ്ണുനമ്പൂതിരി അഭിപ്രായപ്പെടുന്നു (2000(1) : 131). ഭഗവതിപ്രീണനാർഥം നടത്തുന്ന ഈ അനുഷ്ഠാനം കുംഭം, മീനം, മേടം മാസങ്ങളിലാണ് നടത്തുന്നത്. ഭഗവതി ക്ഷേത്രങ്ങളിൽ ഒമ്പതുകാലുള്ള പന്തലിട്ട് കുരുത്തോലകൊണ്ട് അലങ്കരിച്ച് നടുക്കുള്ള കാലിനരികിൽ പീഠം, വാൾ, നിലവിളക്ക് എന്നിവവെച്ച് അതിനുചുറ്റും പാട്ടുപാടി നൃത്തംചെയ്യുന്നു.

മനുഷ്യന്റെ ദൈനംദിനജീവിതാനുഭവങ്ങളുടെ അവതരണമായാണ് ഈ കലയുടെ തുടക്കം. കണ്യാർകളി പൂർണഅനുഷ്ഠാന നാടകമായി അവതരിപ്പിക്കുന്നതിന് നാല് ദിവസം വേണം. കണ്യാർകളിയിൽ ആദ്യകാലത്ത് വട്ടക്കളി മാത്രമാണുണ്ടായിരുന്നത്. എന്നാൽ പിൽക്കാലത്ത് വട്ടക്കളിയുടെ ആവർത്തനവിരസത ഒഴിവാക്കാനാണ് ഇതിൽ പൊറാട്ടുകളെ

ഉൾപ്പെടുത്തിയത്. ആംഗിക സാത്വിക ആഹാര്യാഭിനയരീതി കണ്യാർ കളിയിലും ദർശിക്കാൻ കഴിയും. നൃത്തപ്രധാനമായ കണ്യാർകളിയിൽ തൂക്കക്കാൽ, നേരുകാൽ, എട്ട്, പതിനാറ്, മുന്നിരട്ടി, പിന്നിരട്ടി തുടങ്ങി. അറുപത്തിനാലുതരം ചുവടുവെയ്പുകൾ ഉണ്ട്.

വ്യത്യസ്തസമുദായങ്ങളുടെ വേഷംധരിച്ചുവരുന്ന പൊറാട്ടുകൾ ഭാവത്തിലും പെരുമാറ്റത്തിലും എല്ലാം അതാതു സമുദായക്കാരോട് താദാത്മ്യം പ്രാപിക്കത്തക്ക രീതിയിലാണ് അഭിനയിക്കുന്നത്. പ്രേക്ഷകരെ രസിപ്പിക്കുക എന്നതാണ് ഇതിലെ അവതാരകരുടെ ലക്ഷ്യം. ഇതിനെ ഒരു നാടകമാക്കിമാറ്റുന്നത് അരങ്ങിൽ പ്രത്യക്ഷപ്പെടുന്ന പൊറാട്ടുകളാണ്. ശിവസ്തുതിയും അതിനനുസരിച്ചുള്ള നൃത്തവുമാണ് ഒന്നാംദിവസം അവതരിപ്പിക്കുക. ഇതിന് ആണ്ടിക്കൂത്ത് എന്ന് പറയുന്നു. രണ്ടാംദിവസം കീഴ്ജാതിക്കരുടെ കൂത്താണ്. ഇതിനെ വള്ളോൻകൂത്ത് എന്നാണ് പറയുന്നത്. തിരുവള്ളുവർ, ഔവ്വയാർ എന്നിവരുടെ ഉപദേശങ്ങൾ നിറഞ്ഞ തോറ്റങ്ങളാണ് ഇവർ പാടുക. കൂടാതെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട പാട്ടുകളും പാടുന്നു. മൂന്നാംദിവസം പൊലിപ്പാട്ടുകളാണ് അധികവും പാടുന്നത്. മലയന്മാരാണ് ഇത് അവതരിപ്പിക്കുന്നത്. ചോദ്യോത്തരരൂപത്തിലുള്ള മലയന്മാരുടെ ഈ അവതരണത്തെ മലമക്കൂത്ത് എന്ന് പറയുന്നു. കൂട്ടത്തിൽ മലമക്കാരെ ഇടനിലക്കാർ പറ്റിച്ചെന്നും അതിന് പകരംചോദിക്കാൻ തമ്പുരാൻ സഹായിക്കാമെന്നും മറ്റുമുള്ള കഥകൾ തോറ്റങ്ങളായി പാടി നൃത്തംചെയ്യുന്നു. നാലുദിവസമായി നടത്തുന്ന ഈ കളിയിൽ വരുന്ന പൊറാട്ടുകൾ ഇറവക്കളി, ആണ്ടിക്കൂത്ത്, വള്ളോൻകളി, മലമക്കൂത്ത് എന്നിങ്ങനെയാണ്. കൂടാതെ ചെറുമി, ചെറുമൻ, ആണ്ടിക്കുറത്തി, കുറവൻ, മണ്ണാത്തി, മണ്ണാൻ, മൂശാരി, ചക്കിലിയൻ, പറയൻ, മലയൻ എന്നി

ങ്ങനെയുള്ള വേഷങ്ങളും പൊറാട്ടുകളായി എത്തുന്നു. നായന്മാരോ തത്തുല്യമായ ജാതിയിൽപ്പെട്ടവരോ ആണ് ഇത് അവതരിപ്പിക്കുക. ചെണ്ട, മദ്ദളം, ഉടുക്ക്, ഇടക്ക, ഇലത്താളം, ചേങ്ങില എന്നിവയാണ് ഇതിനുപയോഗിക്കുന്ന വാദ്യങ്ങൾ.

**2.3.4 മലവായി ആട്ടം**

തൃശ്ശൂർജില്ലയിൽ തലപ്പിള്ളി താലൂക്കിലും ഇതിനോടുചേർന്ന് കിടക്കുന്ന മലപ്പുറം, പാലക്കാട് ജില്ലകളുടെ ചില ഭാഗങ്ങളിലുമാണ് ഈ അനുഷ്ഠാനകല അവതരിപ്പിക്കുന്നത്. കുംഭംമുതൽ മേടംവരെയുള്ള കാലയളവിലാണ് ഇത് അരങ്ങേറുന്നത്. ഉഗ്രമൂർത്തിയായ 'മലവായി' പറയന്മാരുടെ ആരാധനാമൂർത്തിയും 'ഒടി' പോലെയുള്ള മാന്ത്രിക കർമങ്ങളുടെ അധിദേവതയുമാണെന്നാണ് വിശ്വാസം.

ഉദിപ്പനത്ത് ഉദിഭഗവാനായ ശിവന്റെ തൃക്കണ്ണിൽനിന്നും ജന്മമെടുത്തവരാണ് മലവാഴുന്നവൾ എന്നർഥത്തിലുള്ള 'മലവായി'യും സഹോദരനായ മൂക്കാൻചാത്തനും. മലവാഴി, ചെറുനീലി, കരിനീലി, മലവാരത്തമ്മ എന്നീ പേരുകളിലും മലവായി  അറിയപ്പെടുന്നു. മൂക്കാൻ ചാത്തന് മുണ്ട്യേൻ, മാണി, മുത്തപ്പൻ തുടങ്ങിയ പേരുകളും ഉണ്ട്. മന്ത്രവാദത്തിന് പേരുകേട്ട കല്ലടിക്കോടൻ മലയടിവാരത്ത് കഴിഞ്ഞ ഇവർക്ക്  ഒരു ചെമ്പോല കിട്ടുകയും അതിൽനിന്നും ഇവരുടെ ജന്മസ്ഥലം 'ഉദിപ്പനം' (കൈലാസം) ആണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. അങ്ങനെ പിതാവിനെ കാണുന്നതിനും അനുഗ്രഹം വാങ്ങുന്നതിനുമായി അവർ കൈലാസത്തിലേയ്ക്കു പോകുന്നു. എന്നാൽ പിതാവ് അവരെ മക്കളാണെന്ന് അംഗീകരിച്ചില്ല. തന്റെ മക്കളാണെങ്കിൽ ശക്തി തെളിയിക്കാൻ ആവശ്യപ്പെട്ടപ്പോൾ തങ്ങളുടെ ശക്തി തെളിയിക്കുന്നതിനുവേണ്ടി അവർ ഉദയവും

അസ്തമയവും നിർത്തിവെപ്പിച്ചു. ഇതറിഞ്ഞ് ശിവൻ അത്ര ശക്തിയുള്ള മക്കളാണെങ്കിൽ ഉദയാസ്തമയങ്ങൾ പഴയതുപോലെയാക്കാൻ ആവശ്യപ്പെട്ടു. ഉദയാസ്തമയങ്ങൾ പഴയതുപോലെയാക്കിയ മക്കളേയും അവരുടെ ശക്തിയും തിരിച്ചറിഞ്ഞ ശിവൻ അവർക്ക് വരം നൽകി തിരിച്ചയച്ചു.

ഉദിപ്പനത്തുനിന്നും മലവായിയും മൂക്കാൻചാത്തനും അസ്തമന ദിക്കിനെ ലക്ഷ്യമാക്കി യാത്രയായി. യാത്രാമധ്യേ ഓരോരോ ആവശ്യങ്ങൾക്കായി അവർ ഓരോരുത്തരേയും ആശ്രയിച്ചുവെങ്കിലും ആരും അവരുടെ ആവശ്യങ്ങൾ അംഗീകരിച്ചില്ല എന്നുമാത്രമല്ല അവരെ അവഗണിക്കുകയും ചെയ്തു. എന്നാൽ ഇത്തരം സന്ദർഭങ്ങളിലെല്ലാം അവർ അവരുടെ ദിവ്യശക്തി തെളിയിക്കുകയും ചെയ്യുന്നു. ഈ യാത്രയിൽ മലവായിയും മൂക്കാൻ ചാത്തനും തമ്മിൽ വഴക്കിടുകയും കൂടിച്ചേരുകയും ചെയ്യുന്നുണ്ട്. അവരുടെ ഏറ്റുമുട്ടലുകളിൽ ആരും ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്നില്ല. യാത്രയുടെ അവസാനം അവർ കല്ലടിക്കോട്ടെത്തുകയും നഞ്ഞിലും നായാട്ടിലും (ദു:ഖത്തിലും സുഖത്തിലും) ഒന്നിക്കാൻ തിരുമാനിക്കുകയും ചെയ്തു. അങ്ങനെ അവർ കല്ലടിക്കോട്ട് അടിവാരത്തെത്തി കരിങ്കല്ലുകൊണ്ട് കോട്ടകെട്ടി പടിഞ്ഞാറേയ്ക്ക് ദർശനമായി താമസമുറപ്പിച്ചു. ഇതാണ് മലവായി ആട്ടത്തിന്റെ ഇതിവൃത്തം.

ഇതിന്റെ അവതരണം രാത്രി ഒമ്പതുമണിമുതൽ അടുത്ത പ്രഭാതത്തിൽ ഒമ്പതുമണിവരെ നീണ്ടുനിൽക്കുന്നു. 'ഊട്ടറിയിക്കൽ' എന്ന ചടങ്ങോടെയാണ് മലവായി ആട്ടം ആരംഭിക്കുന്നത്. മലവായിയെ സ്തുതിച്ചുകൊണ്ടുള്ള തോറ്റം പാട്ടോടുകൂടിയാണ് ഇതാരംഭിക്കുന്നത്. ഇതിന് ചെണ്ട, കുറുങ്കുഴൽ, മരം എന്നീ വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നു. ഇതിന് മുടിയേറ്റിലെ സന്ധ്യക്കൊട്ടിനോടും കഥകളിയിലെ കേളികൊട്ടിനോടും

സാമ്യമുണ്ട്. ഇത് നാല് ദിക്കുകൾ, പർവതങ്ങൾ, പ്രപഞ്ചം, ഗണപതി എന്നീദേവതകളെ വാഴ്ത്തുന്നു.

ഊട്ടറിയിക്കൽ കഴിഞ്ഞ് മലവായിത്തറയിൽ കളംവരയ്ക്കുന്നു. തുടർന്ന് മലവായിപ്പാട്ടുകാരൻ തോറ്റംപാടുന്നു. തോറ്റത്തിന്റെ ഓരോ ഘട്ടത്തിലും 'മലവായി ആട്ടം' എന്ന രംഗാവതരണം നടക്കുന്നു. ഇതിന് പലപല ഘട്ടങ്ങൾ ഉണ്ട്. അവ കലശമാടൽ, നഞ്ഞുംനായാട്ടും, നായാട്ട്, നായാടി, അരിമ്പുഞ്ചു, കരിതിരി, കോരിക്കൂട്ടൽ എന്നിവയാണ്. ചെണ്ട, മരം, കുഴൽ എന്നിവയുടെ അകമ്പടിയോടെയാണ് മലവായിപ്പാട്ട് പാടുന്നത്. തുടർന്ന് മലവായിയായി വേഷമിടുന്നയാൾ വേഷംകെട്ടി അരമണി, കാൽച്ചിലമ്പ്, തുടങ്ങിയവ ധരിച്ച് മറ്റ് വേഷഭൂഷാദികളോടെ താളത്തിനനുസരിച്ച് നൃത്തം ചെയ്തുകൊണ്ടിരിക്കുന്നു. ഏതാണ്ട് താണ്ഡവം ആടുന്നത്ര ദ്രുതഗതിയിലാണ് നൃത്തം. നൃത്തത്തിനിടയ്ക്ക് മലവായിയുടെ ചുവടുതെറ്റുന്ന സമയം ആർത്തുല്ലസിച്ചുകൊണ്ട് മൂക്കാൻചാത്തൻ പ്രവേശിക്കുന്നു. മൂക്കാൻചാത്തൻ കാഴ്ചക്കാരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു കഥാപാത്രമാണ്. രംഗത്തെത്തുന്ന മൂക്കാൻചാത്തൻ ചില പൂജകൾ ചെയ്യുന്നു. അതിനുശേഷം തോറ്റങ്ങൾ പാടുകയും കാണികളുടെ ചോദ്യങ്ങൾക്ക് നർമരസപ്രധാനമായ മറുപടി പറയുകയും ചെയ്യുന്നു. പിന്നീട് ബലിപൂജ എന്ന ചടങ്ങാണ്. സമൂഹത്തിലെ വ്യത്യസ്ത ജാതിക്കാരുടെ ആചാരങ്ങളും അതിന്റെ വൈജാത്യങ്ങളും വിവരിക്കുന്നതാണ് ബലിപൂജ.

'മണ്ണാൻ മകന്റെ ബലിപൂജയാണെങ്കിൽ
എന്തു ഏതെല്ലാം കണ്ടാലറിയാം ?
മണ്ണാൻ മകന്റെ ബലിപൂജയാണെങ്കിൽ
നന്തുണി കൊട്ടിന്റെ ഓശ കേട്ടാലറിയാം '

- എന്നിങ്ങനെ ഓരോ ജാതിയുടേയും തൊഴിൽ, ആചാരം എല്ലാം വിശദമാക്കുന്ന തരത്തിലാണ് ഇതിൽ വിശദീകരിക്കുന്നത് (ദിലീപ്കുമാർ, കെ.പി., 2010 : 37). ഇതിനുശേഷം തിരുനണ്ടങ്ങൾ വാങ്ങുന്ന പാട്ടും തുടർന്ന് ഇതിലെ പ്രധാന ചടങ്ങായ നഞ്ഞുംനായാട്ടുമാണ്. ഇതിൽ മലവായിയും മൂക്കാൻചാത്തനും തമ്മിൽ കലഹിക്കുകയും ഇണങ്ങുകയും ചെയ്യുന്നു. ഇണങ്ങിക്കഴിഞ്ഞ് അവർ രണ്ടുപേരുംകൂടി നായാട്ടിന് പോകുന്നു. ഇതിനുമുൻപായി രണ്ടുപേരുംകൂടി നാളികേരം ഉരുട്ടുന്നു. അതിനുശേഷം അവർ കൃഷികഴിഞ്ഞ് വരുമ്പോൾ വൈകിപ്പോയതിനാൽ 'തിരികോല്' കത്തിച്ച് നാലുവാരം ചുറ്റിനടന്നതിന്റെ രംഗാവിഷ്കരണമാണ്. തുടർന്ന് 'കുളികുറി' എന്ന ചടങ്ങാണ്. ഇതിൽ പാടത്തെപ്പണി കഴിഞ്ഞുള്ള എണ്ണതേച്ചുകുളിയാണ്. ഇവർ എണ്ണതേയ്ക്കാനും താളിയിടാനും തോർത്തുവാനും പരസ്പരം സഹായിക്കുന്നു. അഭിനയത്തിന് ധാരാളം സാധ്യതകളുള്ള ഇത്തരം ഒരുപാട് അവസരങ്ങൾ ഈ അനുഷ്ഠാനകലയിൽ കാണാം. 'കുളികുറി' കഴിയുമ്പോഴേയ്ക്കും നേരംവെളുത്തിരിക്കും. ഈ സമയം 'മലവായി' കുടുംബാംഗങ്ങളെയെല്ലാം വിളിച്ച് ഫലംപറയുന്നു. ഇതിൽ ഭൂതവും ഭാവിയും വർത്തമാനവും എല്ലാം ഉൾച്ചേരുന്നു. ഇവിടെ കുടുംബാംഗങ്ങൾ തമ്മിലുള്ള വഴക്കിനെല്ലാം തീർപ്പാകുന്നു. തുടർന്ന് അരിവാൾപ്പുറത്ത് ദക്ഷിണ (പുള്ളി) വാങ്ങുകയും പ്രസാദമായി തളാർപ്പൊടി (വറപൊടി) നൽകുകയും ചെയ്യുന്നു. മലവായി ആട്ടം അതിന്റെ അവസാന ഘട്ടത്തിലെത്തുമ്പോൾ തറവാട്ടിലെ മുത്തപ്പനും തട്ടകത്തെ പരദേവതയും തുള്ളിവരുന്നു. തുള്ളലിൽ അവരോടൊപ്പം മറ്റുള്ളവരും ചേരുന്നു. കളത്തിൽ കോഴിയെ അറുത്ത് ഗുരുതികൊടുത്ത് കളംമായ്ക്കുകയും കാവ് നശിപ്പി ക്കുകയും ചെയ്യുന്നു. മലവായിപ്പാട്ടോടെ ചടങ്ങുകൾ അവസാനിക്കുന്നു

(ദിലീപ്കുമാർ,കെ.പി., 2010 : 35-39). അമ്മദൈവസങ്കൽപവും ഉർവരതാനുഷ്ഠാനവുമായി ബന്ധപ്പെട്ടതാണ് മലവായിആട്ടം.

**2.3.5 തിറയാട്ടം**

തെക്കേമലബാറിലാണ് തിറയാട്ടത്തിന് കൂടുതൽ പ്രചാരം. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കാവുകളിലാണ് തിറയുത്സവം കൂടുതലും കാണുന്നത്. നാടിന്റെ ഉണർവിനും ഐശ്വര്യത്തിനുംവേണ്ടി നടത്തുന്ന ഉർവരതാനുഷ്ഠാനമാണിത്. അവില്, മലര്, നെല്ല്, എന്നിവ ഇഷ്ടദൈവത്തിന് നിവേദിക്കുന്ന 'പുത്തരികഴിയ്ക്കൽ' എന്നത് തിറയിലെ ഒരനുഷ്ഠാനമാണ്.

ദേവീദേവന്മാരെ പ്രസാദിപ്പിക്കുന്നതിനായി കോലം കെട്ടിയാടുകയാണ് തിറയാട്ടത്തിൽ. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തെയ്യാട്ടത്തിന് പകരമാണ് കോഴിക്കോട്, മലപ്പുറം ജില്ലകളിലെ തിറയാട്ടം. 'ദൈവം' എന്ന പദത്തിന്റെ തദ്ഭവമായിട്ടാണല്ലോ 'തെയ്യം' എന്ന പദം പ്രയോഗിക്കുന്നത്. ദൈവത്തിന്റെ ആട്ടമാണ് തെയ്യാട്ടം എങ്കിൽ ദൈവപ്രീതിക്കായുള്ള കോലം കെട്ടലാണ് തിറയാട്ടം. തെയ്യം ഭക്തജനങ്ങളുടെ മുൻപിൽ ദൈവമായി വരുമ്പോൾ തിറ ഭക്തജനങ്ങളുടെ മുൻപിൽ ദൈവത്തിന്റെ കോമരമായി എത്തുന്നു. പ്രാചീന നാട്ടരങ്ങായ തിറയിൽ ആട്ടത്തിനും അഭിനയത്തിനും പ്രാധാന്യമുണ്ട് (ചന്തേര, സി.എം.എസ്., 2004 : 85).

തിറയ്ക്ക് കോലംകെട്ടുന്ന കലാകാരന്മാർ നാൽപത്തിയൊന്ന് ദിവസത്തെ വ്രതം അനുഷ്ഠിക്കുന്നു. 'തിറ' എന്ന പദത്തിന് 'അർധവൃത്താകാരത്തിൽ മരപ്പലകകൊണ്ടുണ്ടാക്കി തലയിൽ വെയ്ക്കുന്ന ഒരു സാധനം' എന്നാണ് ചേലനാട്ട് അച്യുതമേനോൻ നൽകിയിരിക്കുന്ന അർഥം (1962 : 67). എന്നാൽ തിറയ്ക്ക് ഗുണ്ടർട്ട് 'an offering' (1972 : 459) എന്ന് അർഥം

നൽകുന്നു. തിറയ്ക്ക് ദൈവദർശനം, അർപണം തുടങ്ങിയ അർഥങ്ങൾ കൂടിയുണ്ടെന്ന് എം.വി.വിഷ്ണുനമ്പൂതിരി തോറ്റംപാട്ടുകളുടെ വിശകലന ത്തിൽ ചൂണ്ടിക്കാണിക്കുന്നു (1990 : 54). ധനുമുതൽ മേടംവരെയുള്ള കാലഘട്ടത്തിലാണ് തിറയാട്ടം അവതരിപ്പിക്കുന്നത്. പാണൻ, പെരുവണ്ണാൻ, കളനാടി, പുലയർ, മുന്നൂറ്റാൻ, അറുന്നൂറ്റാൻ, മലയൻ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരാണ് ഇത് അവതരിപ്പിക്കുന്നത്.

ദേവതാപ്രീതിക്കായി നടത്തുന്ന തിറയാട്ടത്തിൽ വേട്ടയ്ക്കൊരു മകൻ, കുട്ടിച്ചാത്തൻ, ഗുളികൻ, ഭദ്രകാളി, വസൂരിമാല, ഗന്ധർവൻ തുടങ്ങിയ വയുമായി ബന്ധപ്പെട്ട് ഇതേ കോലങ്ങൾ കെട്ടിയാടുന്നു. എങ്കിലും ശിവശക്തി സങ്കൽപത്തിലുള്ള സ്ത്രീപുരുഷകഥാപാത്രങ്ങൾ കെട്ടിയാടുന്ന തിനാണ് പ്രാധാന്യം.

വെള്ളാട്ടം, തിറയാട്ടം, ചാന്താട്ടം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലാ യിട്ടാണ് കോലം കെട്ടിയാടുന്നത്. മനുഷ്യജീവിതത്തിന്റെ വിവിധ ഘട്ടങ്ങളായ ബാല്യം, യൗവ്വനം, വാർധക്യം എന്നിവയെയാണ് ഇത് സൂചിപ്പിക്കുന്ന തെന്നാണ് ഭാർഗവൻപിള്ളയുടെ അഭിപ്രായം (2000 : 89).

പകൽ വെളിച്ചത്ത് കോലങ്ങൾ കെട്ടിയാടുന്നതാണ് വെള്ളാട്ടം. ഇതിനുള്ള ഉടയാടകളും, പൂക്കളും, കുറിയും എല്ലാം വെള്ളനിറത്തി ലുള്ളതാണ്. വേലയും ആട്ടവും ചേർന്നതാണ് വെള്ളാട്ടം.

രാത്രിയിൽ ആടുന്നതാണ് തിറയാട്ടം. ഇരുട്ടിന്റെ പശ്ചാത്തലത്തിൽ പന്തങ്ങളുടെയും ചൂട്ടിന്റെയും എണ്ണവിളക്കുകളുടെയും വെളിച്ചത്തിലാണ് തിറയാട്ടം നടത്തുന്നത്. അസുരവാദ്യമായ ചെണ്ടയാണ് ഇതിലെ പ്രധാനവാദ്യം. കൂടാതെ കൊമ്പ്, കുറുങ്കുഴൽ, ഇലത്താളം, തുടി എന്നിവയും ഉപയോഗിക്കുന്നു. ചെണ്ടയുടെ താളത്തിനൊത്ത് ദ്രുതഗതിയിൽ ആടിത്തി

മർക്കുന്ന തിറ യൗവ്വനത്തിന്റെ പ്രസരിപ്പാണ് വ്യക്തമാക്കുന്നത്. രൗദ്രം, ബീഭത്സം, ഹാസ്യം തുടങ്ങിയ രസങ്ങൾ ദ്യോതിപ്പിക്കുന്ന രീതിയിലുള്ള മുഖത്തെഴുത്തുകളാണ് ഇതിൽ ഉപയോഗിക്കുന്നത്. വെളുത്തനിറമാണ് മുഖത്തെഴുത്തിൽ പ്രധാനം. വർണശബളമായ വേഷമാണ് തിറയാട്ടത്തിന്. വെള്ളാട്ടത്തിൽ പ്രധാനദേവന്റെ കോലം ആദ്യം കെട്ടിയാടുമ്പോൾ തിറയാട്ടത്തിൽ അവസാനമാണ് അത് രംഗത്ത് വരുന്നത്. ഇത് പ്രധാനദേവന്മാർക്ക് അവസാനം 'പീഠത്തിൽകയറുക' എന്ന ചടങ്ങുള്ളതുകൊണ്ടാണ്. നേരം പുലരുന്നതിനുമുൻപ് പ്രധാനദേവൻ ആട്ടംകഴിഞ്ഞ് മുടി അഴിക്കുന്നു.

തിറയാട്ടം നടക്കുന്ന രാത്രിയ്ക്കുശേഷമുള്ള പ്രഭാതത്തിലാണ് ചാന്താട്ടം നടക്കുന്നത്. വെള്ളാട്ടുകോലങ്ങൾക്കെല്ലാം തിറയും തിറയാടിയ കോലങ്ങൾക്കെല്ലാം ചാന്താട്ടവും വേണമെങ്കിലും തിറയാട്ടത്തിലെ പ്രധാനദേവനാണ് വിധിപ്രകാരമുള്ള ചാന്താട്ടം നടത്തുന്നത്. തലേദിവസത്തെ തിറയാട്ടത്തിന്റെ അവശിഷ്ടങ്ങളെല്ലാം മാറ്റിയശേഷം അവിടെത്തന്നെ പ്രതിഷ്ഠാപൂജയും വെള്ളരിപൂജയും നടത്തുന്നു. ഊരാളന്മാരെല്ലാം കുളിച്ച് ഈറനായിവന്ന് മൂപ്പിളമക്രമത്തിൽ നിരന്നുനിന്ന് പൂജാരിയിൽനിന്നും അരിയും പൂവും നാളികേരവും വാങ്ങി മണ്ഡപത്തിന് പ്രദക്ഷിണംവെച്ച് അരിയെറിയുന്നു. അതിനുശേഷം ഓരോരുത്തരായി നാളികേരം ബലിക്കല്ലിൽ എറിഞ്ഞുടയ്ക്കുന്നു. ഈ സമയം പ്രധാനദേവനെക്കുറിച്ചുള്ള അഞ്ചടിതോറ്റം തുടികൊട്ടി പാടുന്നുണ്ടാവും. നാളികേരം ഉടച്ചശേഷം വെള്ളരിത്തറയിൽ വെച്ചിരിക്കുന്ന ചാന്തുപകർന്ന താലത്തിൽ ഓരോ വെള്ളിപ്പണം ഇടുന്നു. തുടർന്ന് പ്രധാനദേവന്റെ കോലംകെട്ടിയ ആൾ തുടിയുടെ താളത്തിനനുസരിച്ച് തുള്ളിക്കൊണ്ട് വെള്ളരിത്തറയുടെനേരെ വരുമ്പോൾ ഊരാളന്മാർ അരിയെറിഞ്ഞ്

സ്വീകരിക്കുന്നു. തുടർന്ന് ആട്ടക്കാരിലെ പ്രധാനി താല മെടുത്ത് താലത്തിലെ പണം കോലക്കാരന്റെ നെറ്റിയിൽ ചാർത്തുന്നു. പ്രാർഥനയിൽ മുഴുകിയ കോലം ചാന്തെടുത്ത് തുടിയുടെ താളത്തിനനുസരിച്ച് ചാന്തുകൾ വാരിയെറിഞ്ഞുകൊണ്ട് ചുവടുകൾവെയ്ക്കുന്നു. താളംമുറുകുമ്പോൾ കോലം ചാന്തുവാരി ശരീരമാകെ പൂശിക്കൊണ്ട് ഉറഞ്ഞുതുള്ളുന്നു. കോലംകെട്ടിയ മറ്റുള്ളവരും കോമരവും എല്ലാം ഒപ്പം തുള്ളുകയും കൈയിലുള്ള ചാന്തിൽ കൈപ്പത്തി അമർത്തി മണ്ഡപത്തിന്റെ ചുമരുകളിൽ പതിപ്പിക്കുകയും ചെയ്യുന്നു. ഒരു ഉത്സവകാലത്തിന്റെ നന്മയുടെയും വിളവെടുപ്പിന്റെയും സമൃദ്ധിയുടെയും പ്രതീകം എന്നനിലയിൽ അടുത്ത ഉത്സവകാലംവരെ ഈ സംസ്കാരത്തിന്റെ മുദ്രണങ്ങൾ പതിഞ്ഞുകിടക്കുന്നു. ഉറഞ്ഞുതുള്ളുന്ന കോലങ്ങൾ ഓടിമറയാൻ ശ്രമിക്കുമ്പോൾ പിടിച്ചുകൊണ്ടുവന്ന് തറയ്ക്കുമുൻപിൽ നിർത്തി പുണ്യാഹംതളിച്ച് ദർശനം നൽകുന്നു.

പുറപ്പാട്, പ്രദക്ഷിണം, ഇളകിയാട്ടം, ദർശനം എന്നിങ്ങനെ നാലു ഘട്ടങ്ങളാണ് അഭിനയത്തിനുള്ളത്. നൃത്തം, താളം, വേഷം എന്നിവയുടെ സമഞ്ജസസമ്മേളനമാണ് നാട്ടരങ്ങായ തിറയാട്ടം. താളാത്മകമായ ചുവടു വെയ്പുകളും അഭിനയമുഹൂർത്തങ്ങളും നിറഞ്ഞ തിറയാട്ടം എന്ന അനുഷ്ഠാനനാടകം ഒരുനാടിന്റെ ഐശ്വര്യവും നന്മയും കൂട്ടായ്മയും മാത്രമല്ല മനസ്സിന്റെയും ആത്മാവിന്റെയും വിമലീകരണവുമാണ് ലക്ഷ്യംവെയ് ക്കുന്നത്.

### 2.3.6 സംഘക്കളി

യാത്രക്കളി, പാനേങ്കളി, ശാസ്ത്രക്കളി, ശാസ്ത്രാങ്കം(ചാത്തിരാങ്കം) എന്നിങ്ങനെ പല പേരുകളിൽ സംഘക്കളി അറിയപ്പെടുന്നു. സാമൂഹിക

ജീവിതത്തോട് പൊതുവായും ഗ്രാമീണജീവിതത്തോട് പ്രത്യേകിച്ചും ബന്ധപ്പെട്ട് നിൽക്കുന്നതാണ് നടോടിനാടകങ്ങൾ. ഇതിൽ സാമൂഹ്യ വിമർശനം, പരിഹാസം, ഫലിതം തുടങ്ങിയവയ്ക്കാണ് കൂടുതൽ പ്രാധാന്യം. എന്നാൽ സംഘക്കളിപോലുള്ള നാടകങ്ങളിൽ അനുഷ്ഠാനപരമായ ചടങ്ങുകൾക്ക് പ്രാധാന്യമുള്ളതിനാൽ ഇതിനെ അനുഷ്ഠാനനാടകങ്ങളുടെ ശ്രേണിയിൽ ഉൾപ്പെടുത്തിയിരിക്കന്നു. ബ്രാഹ്മണരുടെ അനുഷ്ഠാന കലയാണിത്. ഉപനയനം, അന്നപ്രാശം, വേളി തുടങ്ങിയ വ്യത്യസ്ത ചടങ്ങുകളുമായി ബന്ധപ്പെട്ടാണ് ബ്രാഹ്മണഗൃഹങ്ങളിൽ സംഘക്കളി നടത്തിയിരുന്നത്.

**2.3.6.1 ഐതിഹ്യം**

സംഘക്കളിയുടെ ഉദ്ഭവം തൃക്കാരിയൂരപ്പന്റെ സന്നിധിയിലാണെന്നതിന് കേരളോത്പത്തിയിൽ പറയുന്ന ഐതിഹ്യം ഭാർഗവൻപിള്ള ഉദ്ധരിച്ചിരിക്കുന്നത് ഇങ്ങനെയാണ് (2000 : 164) പള്ളിബാണപ്പെരുമാൾ കേരളം ഭരിച്ചിരുന്നകാലത്ത് ബുദ്ധമതക്കാർ പെരുമാളിനെ ബൗദ്ധശാസ്ത്രം പറഞ്ഞുകേൾപ്പിച്ചു. ഇതുകേട്ട പെരുമാൾ, പറഞ്ഞതെല്ലാം സത്യമാണെന്നു കരുതി എല്ലാവരും ആ മാർഗം സ്വീകരിക്കണമെന്ന് കൽപ്പിച്ചു. ഇതറിഞ്ഞ ബ്രാഹ്മണർ തൃക്കാരിയൂർ മഹാക്ഷേത്രത്തിൽചെന്ന് ഇതിൽനിന്നും രക്ഷനേടാനുള്ള മാർഗംതേടി ഭഗവാനെ പ്രാർഥിച്ചു. അപ്പോൾ 'ജംഗമൻ' എന്നൊരു മഹർഷി അവിടെയെത്തി, അവർക്ക് നാലുപാദമുള്ള ഒരു മന്ത്രം ഉപദേശിച്ചുകൊടുത്തു. അസ്തമയത്തിനുശേഷം വിളക്കുവെച്ച് അതിനുചുറ്റും ആ മന്ത്രം ഉരുവിട്ടുകൊണ്ട് ദീപത്തിന് പ്രദക്ഷിണംവെയ്ക്കാൻ ഉപദേശിച്ചു. ഇതനുസരിച്ച് ഒരു മണ്ഡലകാലം മുഴുവൻ ഇപ്രകാരം തൃക്കാരിയൂരപ്പനെ ഭജിച്ചതിന്റെ ഫലമായി ഭട്ടാചാര്യൻ, ഭട്ടബാണൻ, ഭട്ടവിജയൻ, ഭട്ടമയൂരൻ,

ഭട്ടഗോപാലൻ, ഭട്ടനാരയണൻ എന്നീ ആറ് ശാസ്ത്രികൾ അവിടെ വന്നു ചേർന്നെന്നും ഇവരും ബ്രാഹ്മണരും കൂടി പെരുമാളിന്റെ സമീപത്തെത്തി ബൗദ്ധന്മാരുമായി അവർക്ക് മതപരമായി യോജിച്ചുപോകാൻ കഴിയാത്ത തിനാൽ ഇരുകൂട്ടരും തമ്മിൽ ഒരു മത്സരം നടത്തണമെന്ന് ആവശ്യപ്പെട്ടു എന്നുപറയുന്നു. അതനുസരിച്ചുനടന്ന മത്സരത്തിൽ ബൗദ്ധന്മാർ തോറ്റുപോയി. സന്തുഷ്ടരായ ബ്രാഹ്മണർ അന്നുമുതൽ നാലുപാദം ചൊല്ലി വിളക്കിനുചുറ്റും പ്രദക്ഷിണംവെയ്ക്കാൻ തുടങ്ങിയെന്നും ഇതാണ് സംഘ ക്കളിയുടെ ആരംഭമെന്നും പറയുന്നു (ഭാർഗവൻപിള്ള, ജി., 2000 : 164).

സംഘക്കളിയിൽ അരങ്ങിൽ നൃത്തംചെയ്യുന്ന ശിവനെയാണ് ഭജിക്കുന്നത്. സംഘക്കളിയിൽ ആയോധനകലയ്ക്ക് വളരെ പ്രാധാന്യമുണ്ട്. കൊട്ടിച്ചകംപൂകൽ, കാഴ്ചക്കൊട്ട്, പാത്രംകൊട്ടിയാർക്കൽ, നാലുപാദം, കറിശ്ലോകം, തോണിപ്പാട്ട്, പാന, ആയുധമെടുക്കൽ, പൂക്കുലമാല, വട്ടമിരിപ്പ്, മരത്തേങ്കോടൻ, ധനാശി തുടങ്ങി പന്ത്രണ്ട് രംഗങ്ങളിലൂടെയാണ് സംഘക്കളി കടന്നുപോകുന്നത്. കറിശ്ലോകം, തോണിപ്പാട്ട്, എന്നിവ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ ഉത്തൃട്ടാതി വള്ളംകളിയെയും വള്ള സദ്യയെയും അനുസ്മരിപ്പിക്കുന്നു.

## 2.4 കാളി-ദാരികപുരാവൃത്തം

മനുഷ്യന്റെ ജീവിതശീലങ്ങളാണ് സംസ്കാരമായി വളരുന്നത്. ഏതൊരു മനുഷ്യനെയും അവൻ വളരുന്ന ജീവിതസാഹചര്യങ്ങളും പ്രകൃതിയും നിരന്തരമായി സ്വാധീനിക്കുന്നു. ഇത് ഏറ്റവും കൂടുതൽ പ്രകടമാകുന്നത് ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുമാണ്. ഇതിന് പ്രാദേശികഭേദങ്ങൾ കാണാമെങ്കിലും ഇവയുടെ അടിസ്ഥാനം ഒന്നു

തന്നെയായിരിക്കും. ഇതിന് ഉത്തമ ഉദാഹരണമാണ് കാളീപൂജയും കാളി-ദാരികപുരാവൃത്തവും.

കേരളത്തിലെ ആരാധനാക്രമങ്ങളിലും അനുഷ്ഠാനങ്ങളിലും മറ്റ് ഏതു ദേവതമാരെക്കാളും മുന്നിലുള്ളത് അമ്മദൈവമായ ഭദ്രകാളിയാണ്. ഭാരതം മുഴുവൻ ആരാധിക്കുന്ന ഒരു ആരാധനാമൂർത്തിയാണ് കാളി. ഇതിന് പ്രാദേശികഭേദമുണ്ടെങ്കിലും മലയാളിയുടെ മനസ്സിൽ രൂഢമൂലമായ കാളി, സംഹാരത്തിന്റെയും സാന്ത്വനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും സംരക്ഷണത്തിന്റെയും പ്രതീകമാണ്.

'അതാതു ഭക്തന്മാർക്കതാതു നൽകുവാ-

നതാതു ദേവതാ സ്വരൂപം തന്നെയാം ' എന്ന് മൂകാംബികാ പുരാണത്തിൽ പറഞ്ഞിരിക്കുന്നത് ശ്രീധരൻ ഉദ്ധരിച്ചിരിക്കുന്നു (2004 : 36). അമാനുഷമാതൃപൂജയിൽ തുടങ്ങിയ അമ്മദൈവാരാധനയാണ് ഇന്ന് അമ്മദൈവമായ കാളിയിൽ എത്തിനിൽക്കുന്നത്. സംഘകാലത്ത് നിലനിന്നിരുന്ന സമരദേവതയായ 'കൊറ്റവൈ'യും ചിലപ്പതികാരത്തിലെ 'കണ്ണകി'യും കേരളത്തിലെ കാളീസങ്കൽപത്തെ സ്വാധീനിച്ചിട്ടുണ്ട്. ഭാരതത്തിലെ ആരാധനാക്രമത്തെ കാശ്മീരിസമ്പ്രദായം, ബംഗാളി സമ്പ്രദായം, കേരളസമ്പ്രദായം എന്ന് മൂന്നായി തിരിക്കാം. ആദ്യത്തെ രണ്ടിലും സത്വരജസ്തമോ ഗുണങ്ങളിൽ രജോഗുണത്തിനാണ് പ്രാധാന്യം. കേരളത്തിലെ ആരാധനാരീതി സത്വഗുണപ്രധാനമാണെന്ന് എം.വി. വിഷ്ണുനമ്പൂതിരി മുതൽപേർ രചിച്ച 'കാളീസങ്കൽപം കേരളപരിസരത്ത്' എന്ന പുസ്തകത്തിൽ കോറമംഗലം നാരായണൻ നമ്പൂതിരി ചൂണ്ടിക്കാണിച്ചിരിക്കുന്നു (2004 : 226).

'കേരളോത്പത്തി'യിൽ പരശുരാമൻ കേരളത്തെ കടലിൽനിന്നും വീണ്ടെടുത്തശേഷം ബ്രാഹ്മണർക്ക് നൽകിയെന്നും നൂറ്റിയെട്ട് ദുർഗാ ക്ഷേത്രങ്ങളുൾപ്പെടെ 4448 ക്ഷേത്രങ്ങൾ നിർമിച്ചുവെന്നും കാണുന്നു. ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ടാണ് താന്ത്രികാരാധനാക്രമം കേരളത്തിൽ ഉറച്ചത്. ചേന്നാസിന്റെ 'തന്ത്രസമുച്ചയം', 'ശേഷസമുച്ചയം' കുഴിക്കാട്ടിന്റെ 'കുഴിക്കാട്ടുപച്ച' എന്നീ കൃതികളെ അടിസ്ഥാനമാക്കിയാണ് ഈ ക്ഷേത്രങ്ങളിൽ ഉത്സവാദി ആഘോഷങ്ങൾ നടത്തിയിരുന്നത്. ക്ഷേത്ര നിർമാണം, തച്ചുശാസ്ത്രം തുടങ്ങിയവയെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ കൃതികളാണ് കേരളത്തിലെ ക്ഷേത്രങ്ങൾ പിൻതുടരുന്നത്. ഇവിടെ ശൈവ വൈഷ്ണവ ആരാധനപോലെതന്നെ പ്രാധാന്യം ദേവ്യാരാധനയ്ക്കും ഉണ്ട്. മാന്ത്രികപ്രയോഗങ്ങളിലും കാളി, ദുർഗ തുടങ്ങിയ ദേവതമാർക്ക് പ്രാധാന്യം ഉണ്ട്. പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ദേവിയുടെ ഭാവവ്യത്യാസമനുസരിച്ചാണ് പൂജാവിധികൾ നടത്തുന്നത്. ക്ഷുദ്രംപോലെയുള്ള എല്ലാ കർമങ്ങൾക്കും കാളീമന്ത്രങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. വേദകാലം മുതൽതന്നെ ദേവ്യാരാധനയ്ക്ക് പ്രാധാന്യമുണ്ട്.

മാതൃദേവതാരാധനയുമായി ബന്ധപ്പെട്ടതാണ് കാളീസേവ. കാളിയുടെ/അമ്മയുടെ വ്യത്യസ്തഭാവങ്ങളനുസരിച്ച് ഭഗവതിയും ഭദ്രകാളിയും ചാമുണ്ഡിയും ഈശ്വരിയും ദേവിയും ഒക്കെയായി കേരളീയരുടെ ആരാധനയിൽ അമ്മയ്ക്ക് പ്രഥമസ്ഥാനമാണുള്ളത്.

### 2.4.1 കാളീസങ്കൽപങ്ങൾ

'കാളീസങ്കൽപം കേരളപരിസരത്ത്', 'കാളീതത്വം', 'ഭദ്രകാളീ ചരിതം', 'മഹാശിവപുരാണം', 'ഭദ്രകാളീമാഹാത്മ്യം അഥവാ ഒരു ദാരികവധം', 'മാർക്കണ്ഡേയപുരാണം', 'ഭദ്രോൽപത്തി' (കിളിപ്പാട്ട്),

'കേരളത്തിലെ കാളീസേവ', 'ശ്രീഭദ്രകാളി-മാടായിക്കാവിലമ്മ', 'അനുഷ്ഠാനകല രംഗാവതരണങ്ങളും ഫോക്‌ലോറും' എന്നീ പുസ്തകങ്ങളിൽനിന്നാണ് കാളീസങ്കൽപങ്ങളെക്കുറിച്ചുള്ള ആശയങ്ങൾ സ്വീകരിച്ചിട്ടുള്ളത്.

1. സുരഥരാജാവിന് തപസ്വിയായ സുമേധസ്സ് വിസ്തരിച്ചുകൊടുക്കുന്ന രീതിയിലാണ് 'ദേവീഭാഗവതം' ദശമസ്കന്ധത്തിൽ കാളീസങ്കൽപത്തെ വിശദീകരിക്കുന്നത്. തന്റെ സർവസമ്പത്തും നഷ്ടപ്പെട്ടിട്ടും ലൗകികജീവിതത്തോടുള്ള ആസക്തി വിട്ടുപോകാത്തതിന്റെ കാരണം രാജാവ് തപസ്വിയോട് ആരായുന്ന അവസരത്തിലാണ് സുമേധസ്സ് കാളീസമുൽപത്തി വിശദീകരിക്കുന്നത്.

   ഓരോ മന്വന്തരത്തിന്റെയും അന്ത്യത്തിൽ തന്റെ കർമങ്ങൾ പൂർത്തിയാക്കി യോഗനിദ്രയിലാകുന്ന സ്ഥിതികർത്താവായ വിഷ്ണു പതിവുപോലെ യോഗനിദ്രയിൽ ലയിച്ചകാലത്ത് ഭഗവാന്റെ കർണമലത്തിൽനിന്നും രണ്ട് രാക്ഷസന്മാർ ഉണ്ടായി. മധുവും കൈടഭനും. ശക്തിമാന്മാരായ ഇവർക്ക് ഏറ്റുമുട്ടാൻ ആരേയും കിട്ടാതെ മഹാവിഷ്ണുവിന്റെ നാഭീകമലത്തിലിരിക്കുന്ന സാക്ഷാൽ സൃഷ്ടികർത്താവായ ബ്രഹ്മാവിനെ വധിക്കാൻ പുറപ്പെട്ടു. തന്നെ സഹായിക്കാൻ ആരുമില്ലെന്ന് മനസ്സിലാക്കിയ ബ്രഹ്മദേവൻ യോഗനിദ്രയിലിരിക്കുന്ന പിതാവിനെ ഉണർത്താനുള്ള മാർഗംതേടി. നിദ്രാദേവിയുടെ കടാക്ഷമുണ്ടെങ്കിലേ പിതാവിനെ ഉണർത്താൻ സാധിക്കൂ എന്ന് മനസ്സിലാക്കിയ ബ്രഹ്മദേവൻ ഏകാഗ്രതയോടെ താമസരൂപിണിയായ നിദ്രയെ

സ്തുതിച്ചു. ബ്രഹ്മദേവനിൽ പ്രസാദിച്ച നിദ്രാദേവി വിഷ്ണുവിനെ വിട്ട് മധുകൈടഭൻമാരിൽ പ്രവേശിച്ചു.

അസുരന്മാരിൽ പ്രവേശിച്ച താമസശക്തി അഹങ്കാര രൂപിണിയായി മാറി. അങ്ങനെ അവർ മഹാവിഷ്ണുവിനോടുതന്നെ യുദ്ധം ചെയ്യാൻ തുടങ്ങി. 5000 വർഷം മഹാവിഷ്ണുവുമായി മുഷ്ടിയുദ്ധം നടത്തിയ അവർ കൂടുതൽ അഹങ്കാരികളായി ത്തീർന്നു. മഹാവിഷ്ണുവിനോട് അവർ തങ്ങളിൽനിന്നും വരംവാങ്ങി യുദ്ധത്തിൽനിന്നും പിന്തിരിയാൻ പറഞ്ഞു. വിഷ്ണു അത് സമ്മതിക്കുകയും അവരെ രണ്ടുപേരെയും കൊല്ലാനുള്ള വരം ആവശ്യപ്പെടുകയും ചെയ്തു. ഈ വരം നൽകാൻ നിർബന്ധി തരായ രാക്ഷസന്മാർ 'തങ്ങളെ വെള്ളമില്ലാത്തിടത്ത് വെച്ച് കൊല്ലാം ' എന്ന് വരം കൊടുത്തു. സർവത്ര പ്രളയജലമായതിനാൽ തങ്ങളുടെ വധം നടക്കില്ലെന്ന് രാക്ഷസന്മാർ കരുതി. എന്നാൽ വിഷ്ണുവാകട്ടെ, രാക്ഷസന്മാരെ പിടിച്ച് തന്റെ തുടമേൽ കിടത്തി വധിച്ചു. ഈ താമസരൂപിണി കാളിയെന്നറിയപ്പെട്ടു.

'ഏവം പിറന്നാളദ്ദേവി
സർവ യോഗേശ്വരേശ്വരി
മഹാകാളി ജഗദ്ധാത്രി
വിധി വാഴ്ത്തിയ വേളയിൽ ' (ദേവീഭാഗവതം)

2. 'ദേവീഭാഗവതം' നവമസ്കന്ധത്തിൽ കാളിയുടെ ഉൽപത്തിയെ ക്കുറിച്ച് പാർവതിയുമായി ബന്ധപ്പെടുത്തിയാണ് പറയുന്നത്. ഹിമവാന്റെയും മേനകയുടെയും പുത്രിയായ പാർവതിയെ പരമശിവൻ നേരമ്പോക്കിനായി 'കാളി'യെന്ന് കളിയാക്കി വിളിച്ച

പ്പോൾ താൻ കറുത്തതായതുകൊണ്ട് തന്നെ ഇഷ്ടമില്ലെന്ന് തെറ്റി ദ്ധരിച്ച് തപസ്സുചെയ്ത് ബ്രഹ്മാവിനെ പ്രസാദിപ്പിച്ചു. പാർവതിയുടെ കറുത്തതൊലി ഉരിഞ്ഞുവീഴുകയും 'ഗൗരി'യായി മാറുകയും ചെയ്തു. പാർവതിയിൽനിന്നും വേർപെട്ട കറുത്തതൊലിയിൽ ശൈവ-വൈഷ്ണവതേജസ്സും കാർത്ത്യായനമഹർഷിയുടെ തേജസ്സും ഒരുമിച്ചുപ്രവേശിച്ച് 'കാർത്ത്യായനി'യായി എന്ന് പറയുന്നു.

3. 'ദേവീഭാഗവതം' സപ്തമസ്കന്ധത്തിൽ സതിയുടെ രൂപാന്തരമാണ് കാളി എന്ന് പറയുന്നു. പിതാവായ ദക്ഷൻ നടത്തുന്ന യാഗത്തിൽ ക്ഷണിക്കാതെ എത്തിയ സതീദേവിയെ ദക്ഷൻ കണക്കറ്റ് അപമാനിക്കുന്നു. ഇതിൽ ദുഖിതയായ ദേവി യാഗാഗ്നിയിൽ ദേഹത്യാഗം ചെയ്യുന്നു. ഇതറിഞ്ഞ് കോപിഷ്ഠനായ പരമശിവൻ തന്റെ ജട പറിച്ചടിച്ചപ്പോൾ അതിൽനിന്നും ഭദ്രകാളി ഉണ്ടായി.
4. 'ദേവീമാഹാത്മ്യ'ത്തിൽ കാർത്ത്യായനീദേവി ചണ്ഡമുണ്ഡൻ മാരോട് എതിരിട്ടപ്പോൾ ജട പറിച്ചടിച്ചതിൽനിന്നും ഉണ്ടായതാണ് ചാമുണ്ഡി. ഈ ചാമുണ്ഡി തന്നെയാണ് കാളി.
5. 'ഭാഗവതം' ദശമസ്കന്ധത്തിൽ യശോദയുടെ മകളായി ജനിച്ച മായയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഭദ്രകാളിയുടെ രൂപാന്തരമാണ് ഈ ദേവിയെന്ന് 'അഗ്നിപുരാണ'ത്തിൽ പരാമർശിക്കുന്നു.
6. 'ദേവീഭാഗവത'ത്തിൽ ദേവന്മാരുടെ അപേക്ഷപ്രകാരം പരാ ശക്തിയായ ദേവി ദുർഗമനുമായി യുദ്ധം ചെയ്തു. ഭദ്ര, ഭൈരവി, കാളി, തുടങ്ങി പല രൂപങ്ങളിൽ ദേവി പ്രത്യക്ഷപ്പെട്ടു. അറുപ ത്തിനാല് കൈകളോടുകൂടിയ ദേവി അസുരപ്പടയേയും

ദുർഗമനേയും വധിച്ചു. ഇതോടെ കാളിയ്ക്ക് ദുർഗ എന്ന് പേര് സിദ്ധിച്ചു എന്ന് പറയുന്നു.

7. 'ദേവീമാഹാത്മ്യ'ത്തിൽ ചണ്ഡമുണ്ഡൻമാരെ വധിച്ച ചണ്ഡികാ ദേവി തന്നെയാണ് കാളി എന്ന് പറയുന്നു. പെരുമ്പടയോടുകൂടി ചണ്ഡമുണ്ഡൻമാർ ചണ്ഡികാദേവിയുടെ മുമ്പിലെത്തിയപ്പോൾ കുപിതയായ ദേവിയുടെ നെറ്റിത്തടത്തിൽനിന്നും കരാളമുഖ ത്തോടുകൂടിയ കാളി ഉദ്ഭവിച്ചു.

8. ശ്രീചണ്ഡികാദേവി മഹിഷാസുരനുമായി യുദ്ധംചെയ്യുമ്പോൾ രക്തബീജന്റെ രക്തം പാനംചെയ്യുന്നത് ഭദ്രകാളി തന്നെയാണ്.

9. രാവണവധത്തിനുശേഷം ശ്രീരാമചന്ദ്രൻ അയോധ്യയിൽ വാഴുന്ന അവസരത്തിൽ ത്രിലോകീപുരത്തെ സഹസ്രമുഖരാവണന്റെ ഉപദ്ര വമുണ്ടായതായി പറയുന്നു. മഹർഷിമാർ രാമനെ സമീപിച്ച് സങ്കട മുണർത്തിച്ചു. ശ്രീരാമൻ സഹസ്രമുഖരാവണനുമായി യുദ്ധം ചെയ്തെങ്കിലും കീഴടക്കാനായില്ല. ഒരു സ്ത്രീയ്ക്ക് മാത്രമെ തന്നെ വധിക്കാനാവൂ എന്നവരം ബ്രഹ്മാവിൽനിന്ന് നേടിയ സഹ സ്രമുഖനെ സീതാദേവി കാളീസ്വരൂപിണിയായി മാറി വധിച്ചു എന്ന കഥയും പുരാണത്തിലുണ്ട്.

ഇങ്ങനെ വിവിധ സന്ദർഭങ്ങളിൽ വ്യത്യസ്ത കാളിയവതാരങ്ങൾ ഉണ്ടായതായി പുരാണങ്ങളിൽ പറയുന്നുണ്ടെങ്കിലും 'മാർക്കണ്ഡേയ പുരാണ'ത്തിലും 'ലിംഗപുരാണ'ത്തിലുമാണ് ഭദ്രോൽപത്തിക്കഥ (ദാരുകവധംകഥ) വർണിച്ചിരിക്കുന്നത്. മാർക്കണ്ഡേയപുരാണത്തിൽ ഭദ്രകാളീമാഹാത്മ്യം വർണിക്കുന്നുണ്ട്. ഭദ്രകാളീമാഹാത്മ്യം വെളിവാക്കുന്ന പ്രധാനസംഭവം ദാരികവധമാണ്.ഭദ്രോൽപത്തിക്ക് കാരണവും ദാരിക

നാണ്.ദാരികന്റെ ജന്മത്തിനുപോലും കാരണം ബ്രഹ്മാവിന്റെ വരബലമാണ്. ബ്രഹ്മാവിൽനിന്നുണ്ടായ പ്രജാപതിമാരിൽ ഒരാളാണ് കാശ്യപൻ. കാശ്യപ പ്രജാപതിയിൽനിന്നുമാണ് ദേവന്മാരും അസുരന്മാരും ഉണ്ടായത്. സഹോദ രന്മാരായ ഇവർ ആജന്മശത്രുക്കളായിരുന്നു. ദേവാസുരയുദ്ധവും പതിവായിരുന്നു. ഒരിക്കൽ ദേവാസുരന്മാർ തമ്മിൽനടന്ന യുദ്ധത്തിൽ മഹാവിഷ്ണുവിന്റെ സഹായത്തോടെ അസുരന്മാരെ മുഴുവൻ ചക്രായുധം കൊണ്ട് കൊന്നൊടുക്കാനാരംഭിച്ചു. ഈ യുദ്ധത്തിൽ അസുരവംശത്തെ മുഴുവൻ നശിപ്പിച്ചപ്പോൾ ഭയന്നോടിയ അസുരന്മാർ പലദിക്കുകളിൽ അഭയം പ്രാപിച്ചു. പാതാളത്തിൽ ഒളിച്ചവരുടെ കൂട്ടത്തിൽ നാല് സ്ത്രീകളും ഉണ്ടായിരുന്നു. ഇവരിൽ ദാനവതിയും ദാരുമതിയും ഭർതൃമതികളായിരുന്നു. തങ്ങളുടെ കുലത്തെ നശിപ്പിച്ച വിഷ്ണുവിനോടും ദേവന്മാരോടും പ്രതികാരം ചെയ്യുന്നതിനും അസുരവംശത്തിന്റെ നിലനിൽപിനുമായി അവർ ബ്രഹ്മദേവനെ തപസ്സുചെയ്ത് പ്രീതിപ്പെടുത്തി. 'അസുരകുലത്തിന്റെ അഭിമാനം കാക്കുവാൻ പ്രാപ്തിയുള്ള അതിബലവാനായ പുത്രനെ വേണം' എന്ന ദാനവതിയുടെയും ദാരുമതിയുടെയും ആഗ്രഹം സാധ്യമാകും എന്ന വരം ബ്രഹ്മാവിൽനിന്നും നേടിയ ഇവർ തപസ്സ് അവസാനിപ്പിച്ചു. ബ്രഹ്മാവിന്റെ വരപ്രസാദത്താൽ ദാനവതിക്ക് ദാനവനും ദാരുമതിക്ക് ദാരുകനും ജനിക്കുന്നു. ദാരുമതിയുടെ പ്രസവസമയത്ത് കൊള്ളിമീൻ പാച്ചിൽ, ഇടിവെട്ട്, ഭൂമികുലുക്കം, തുടങ്ങിയ ദുശ്ശകുനങ്ങൾ ഉണ്ടായി. മേഘങ്ങൾ ഗർജനങ്ങളോടെ രക്തം വർഷിക്കുകയും സൂര്യമണ്ഡലം ഭേദിച്ച് ഉൽക്കകൾ ഭൂമിയിൽ പതിക്കുകയുംചെയ്തു. ദിക്കുകളെല്ലാം നടുങ്ങുകയും ആകാശത്തിൽ ധൂമകേതു ഉദിക്കുകയും ചെയ്തു. അമ്മയുടെ തപ:ശക്തി യാൽ കരുത്തനായി വളർന്ന ദാരുകൻ കുട്ടിയായിരിക്കുമ്പോൾതന്നെ

അവർക്കിടയിൽ നേതാവായി വളർന്നു. അസുരവർഗത്തോട് മഹാവിഷ്ണു കാണിച്ച ക്രൂരത അമ്മയിൽനിന്നും അറിഞ്ഞ ദാരികന് അടക്കാനാവാത്ത വിദ്വേഷം ദേവന്മാരോടുണ്ടായി. ദാരികൻ വളരുന്നതിനനുസരിച്ച് ഈ വിദ്വേഷവും വളർന്നു. പ്രതികാരദാഹം മൂത്ത ദാരികൻ സകലവിദ്യകളും അഭ്യസിച്ചു. ബ്രഹ്മാവിൽനിന്നും വരംനേടിയാൽ മാത്രമേ തന്റെ ആഗ്രഹം സാധിക്കൂ എന്ന് തിരിച്ചറിഞ്ഞ ദാരികൻ തപസ്സാരംഭിച്ചു.

വേനൽക്കാലത്ത് പഞ്ചാഗ്നിമധ്യത്തിലും തണുപ്പുകാലത്ത് കഴുത്തറ്റം വെള്ളത്തിലും തപസ്സ് ചെയ്യാൻതുടങ്ങി. ഇത്തരത്തിൽ ഘോരമായ തപസ്സനുഷ്ഠിച്ചിട്ടും ബ്രഹ്മാവ് പ്രസാദിച്ചില്ല. തുടർന്ന് വാളുകൊണ്ട് സ്വയം തലയറുത്ത് ഹോമിക്കാൻ നിശ്ചയിച്ചു. ഇതിനായി ഓങ്ങിയ വാൾ കഴുത്തിൽ മുട്ടി ഒരു തുള്ളി രക്തം നിലത്തുവീണു. ഈ സമയം ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ട് ദാരികനോട് 'ഇനി നിന്റെ ഒരു തുള്ളി രക്തം ഭൂമിയിൽ വീണാൽ ഓരോ തുള്ളി രക്തത്തിൽനിന്നും അമിതബലവാന്മാരായ ആയിരക്കണക്കിന് ദാരികന്മാർ ഉണ്ടാകു'മെന്ന് അറിയിച്ചു. ദാരികന്റെ തപസ്സിൽ അത്യധികം സന്തുഷ്ടനായ ബ്രഹ്മാവ് ഇഷ്ടമുള്ള വരം ആവശ്യപ്പെട്ടുകൊള്ളാൻ പറഞ്ഞതിൻ പ്രകാരം, 'ദേവൻ, അസുരൻ, മനുഷ്യൻ, തുടങ്ങിയ വർഗത്തിൽ പിറന്ന ഒരു പുരുഷനും എന്നെ കൊല്ലരുത്, വിഷ്ണു, ശിവൻ, ഇന്ദ്രൻ തുടങ്ങിയവരും കൊല്ലരുത്, എനിക്ക് പതിനായിരം ആനകളുടെ ശക്തിയു ണ്ടാവണം, ശത്രുക്കളെ നശിപ്പിക്കാൻ ശക്തിയുള്ള അങ്ങയുടെ ബ്രഹ്മ ദണ്ഡും എനിക്ക് നൽകണം, യുദ്ധത്തിൽ അനായാസവിജയത്തിനായി 'മായാവതി', 'താമസി' എന്നീ മന്ത്രങ്ങളും തരണം' എന്ന വരമാണ് ദാരികൻ ആവശ്യപ്പെട്ടത്. 'നീ ആവശ്യപ്പെട്ടതെല്ലാം ഞാൻ നിനക്ക് തന്നിരിക്കുന്നു' വെന്നും 'നിന്നോടുള്ള സ്നേഹംകൊണ്ട് ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ; നീ

എന്തുകൊണ്ടാണ് സ്ത്രീകളാരും നിന്നെ കൊല്ലരുതെന്ന് ആവശ്യപ്പെ ടാതിരുന്നത് ? ഓർമക്കുറവ്കൊണ്ട് വിട്ടുപോയതാണോ ? അങ്ങിനെയാ ണെങ്കിൽ ഇനിയാണെങ്കിലും ആവശ്യപ്പെടാം, നീ ചോദിച്ചുകൊള്ളുക' എന്ന് ബ്രഹ്മാവ് പറഞ്ഞപ്പോൾ 'എന്താ പിതാമഹാ, എന്നെ പരിഹസിക്കുക യാണോ, ഏത് പെണ്ണായാലും എന്റെ പേര് കേട്ടാൽതന്നെ ബോധംകെടും. പിന്നെ ഏതെങ്കിലും ഒരു പെണ്ണ് എന്റെ മുമ്പിൽ നിൽക്കുവാൻപോലും ധൈര്യപ്പെടുമോ ? ഞാൻ പെണ്ണിനെപേടിച്ച് വരംവാങ്ങി എന്നറിഞ്ഞാൽ അത് ദേവന്മാർക്ക് ചിരിക്കാനുള്ള വകയാകും. അസുരവംശത്തിൽ പിറന്ന ഞാൻ ഒരിക്കലും അങ്ങനെയുള്ള വരം ചോദിക്കില്ല, ചോദിക്കാതെ തന്നാലും എനിക്കാവശ്യമില്ല' എന്ന് പറഞ്ഞു. ഇതുകേട്ട ബ്രഹ്മാവ് പറഞ്ഞു 'നിന്റെ അഹങ്കാരം ബഹുകേമംതന്നെ. അങ്ങിനെയാണെങ്കിൽ ഒരു ദിവ്യസ്ത്രീ നിന്നെ കൊല്ലും. ആ സമയത്ത് ബ്രഹ്മദണ്ഡും മന്ത്രങ്ങളും ഫലിക്കാതെ യാകും' എന്ന് പറഞ്ഞു. ബ്രഹ്മാവിന്റെ വാക്കുകേട്ട് അത് തള്ളിക്കളയുന്നമട്ടിൽ പരിഹാസച്ചിരിയോടെ ദാരികൻ പറഞ്ഞു: 'വിരട്ടാതെ പിതാമഹാ, നിങ്ങളൊന്ന് പോ! പോ!'. ഇത്രയുമായപ്പോൾ നന്നായൊന്ന് പുഞ്ചിരിച്ച് ബ്രഹ്മാവ് മറഞ്ഞു.

ബ്രഹ്മദേവനിൽനിന്നും താനാഗ്രഹിച്ച വരങ്ങളെല്ലാം നേടിയ ദാരികൻ പാതാളത്തിലെത്തി. മാതാപിതാക്കളെയും മറ്റുബന്ധുജനങ്ങളെയും വണങ്ങി അവരോടൊപ്പം ഭൂമിയിൽ വന്നു. ദാരികനുവേണ്ടി അസുര ശിൽപിയായ 'മയൻ' പടിഞ്ഞാറെ കടൽക്കരയിൽ അതിമനോഹരമായ രാജധാനി പണിതു. രമ്യഹർമ്യങ്ങൾ, കോട്ടകൊത്തളങ്ങൾ, രാജപാതകൾ, അങ്ങാടികൾ, ഉദ്യാനം, തുടങ്ങി എല്ലാം അടങ്ങുന്ന ഒരു നഗരം നിർമിച്ചു. ദാരികൻ ഭേരി മുഴക്കിയപ്പോൾ വിഷ്ണുവിന്റെ സുദർശനത്തെ ഭയന്ന്

ഒളിച്ചിരുന്ന അസുരന്മാരെല്ലാം അടുത്തുകൂടി, ദാരികനെ അസുരചക്രവർത്തി യായി വാഴിച്ചു. രാജാവായ ദാരികൻ അതിവിപുലമായ സൈന്യത്തെ ശേഖരിച്ചു. തന്റെ വരബലവും സൈന്യബലവും ചേർന്നപ്പോൾ താൻ അജയ്യനാണെന്ന വിശ്വാസം ദാരികനുണ്ടായി. തുടർന്ന് ദാരികൻ പല പ്രാവശ്യം ദേവലോകത്തെ ആക്രമിച്ച് ദേവലോകത്തുള്ള സകലവസ്തുക്കളും അപഹരിച്ച് സ്വന്തം നഗരത്തിൽ കൊണ്ടുപോയി. ദേവേന്ദ്രനും കൂട്ടരും ദാരികനെ ഭയന്ന് ജീവനുംകൊണ്ടോടിയൊളിച്ചു.

സ്വർഗം കീഴടക്കിയ ദാരികൻ ഉന്മത്തനായി അഷ്ടവസുക്കളുടെ നേരെ തിരിഞ്ഞു. അഷ്ടദിക്പാലകരായ ഇന്ദ്രൻ, വഹ്നി, പിതൃപതി, നിരൃതി, വരുണൻ, മരുത്ത്, കുബേരൻ, ഈശൻ എന്നിവരെ തോൽപിച്ച് പകരം എട്ട് അസുരന്മാരെ ദിക്പാലകന്മാരാക്കി. വിജയലഹരിയിലായ ദാരികൻ മയന്റെ പുത്രിയായ മനോദരി (കാലകേശി)യെ ഭാര്യയായി സ്വീകരിച്ച് സർവലോക ത്തെയും കാൽക്കീഴിലാക്കി അസുരരാജാവായി വാണു. എല്ലാ ലോകവും ദാരികന്റെ അധീനതയിൽ വന്നതോടെ അഹങ്കാരാതിരേകത്താൽ ദാരികൻ ഭൂമിയിലുള്ള താപസന്മാരെയും സജ്ജനങ്ങളെയും ഉപദ്രവിക്കാൻ തുടങ്ങി. താപസന്മാരുടെ താടിയും ജടയും പിടിച്ച് വലിച്ചിഴയ്ക്കുക, അത് കത്തിക്കുക, ഹോമകുണ്ഡത്തിലെ അഗ്നി തല്ലിക്കെടുത്തുക, വിളവുകൾ നശിപ്പിക്കുക, തുടങ്ങി ജീവിതത്തിന്റെ സകല സ്വസ്ഥതയും നശിപ്പിക്കുന്ന തരത്തിലുള്ള ദ്രോഹപ്രവൃത്തികൾ ചെയ്യാൻ തുടങ്ങി. ചുരുക്കത്തിൽ അസുരന്മാർക്കൊഴിച്ച് ഒരാൾക്കും സ്വൈരമോ സമാധാനമോ ഇല്ലാത്ത അവസ്ഥയായി.

ദേവനെന്നോ മനുഷ്യനെന്നോ താപസ്സനെന്നോ ഭേദമില്ലാതെ സകലരും ദാരികന്റെ ദ്രോഹംകൊണ്ട് വലഞ്ഞു. ഇതിന് പരിഹാരം കണ്ടെത്തുന്നതിനായി അവർ ബ്രഹ്മദേവനെ ശരണംപ്രാപിക്കാൻ

തീരുമാനിച്ചു. അതനുസരിച്ച് ദേവതാപസന്മാരെല്ലാവരുംകൂടി സത്യലോക ത്തേയ്ക്ക്പോയി. അവിടെവെച്ച് ബ്രഹ്മാവിനെ സ്തുതിച്ച് പ്രീതിപ്പെടുത്തി. തുടർന്ന് ദാരികന്റെ ദ്രോഹപ്രവൃത്തികൾ ഓരോന്നായി ബ്രഹ്മാവിനെ ധരിപ്പിച്ചു. അപ്പോൾ 'നിങ്ങളുടെ കഷ്ടപ്പാടുകൾക്കെല്ലാം കാരണക്കാരൻ ഞാൻ തന്നെയാണെന്ന് എനിക്കറിയാം. എന്നെ ഭജിക്കുന്നവർക്ക് ആവശ്യ പ്പെടുന്ന വരം കൊടുക്കാതിരിക്കാൻ എനിക്ക് പറ്റില്ല. ഈ കഷ്ടപ്പാടുകൾക്ക് പരിഹാരം കണ്ടെത്താൻ നമുക്ക് വിഷ്ണുവിനെ സമീപിക്കാം' എന്ന് ബ്രഹ്മാവ് നിർദേശിച്ചു. അതുപ്രകാരം ബ്രഹ്മാവ് ഇന്ദ്രാദികളെയുംകൂട്ടി വൈകുണ്ഠത്തിലേയ്ക്ക്പോയി. വിവരങ്ങളെല്ലാം വിഷ്ണുവിനെ ധരിപ്പിച്ചു. എല്ലാം കേട്ടപ്പോൾ 'ബ്രഹ്മാവിന്റെ വരമുള്ളതുകൊണ്ട് എനിക്കും ദാരികനെ കൊല്ലുവാൻ കഴിയില്ല; എങ്കിലും നമുക്ക് പരമശിവനുമായി ആലോചിച്ച് എന്തെങ്കിലും ഒരു വഴി കണ്ടെത്താം' എന്ന് മഹാവിഷ്ണു പറഞ്ഞു. എല്ലാവരും കൂടി കൈലാസത്തിലേയ്ക്ക് പോയി. 'ഒരു ദിവ്യസ്ത്രീ നിന്നെ ക്കൊല്ലും' എന്ന ബ്രഹ്മദേവന്റെ ശാപം എല്ലാവർക്കും ആശ്വാസമായി. ദാരികനെ കൊല്ലുന്നതിനായി ദേവന്മാർ കൂടിയാലോചിച്ചു. ബ്രഹ്മാവ്-ബ്രാഹ്മി, പരമശിവൻ-മഹേശ്വരി, സുബ്രഹ്മണ്യൻ-കൗമാരി, മഹാവിഷ്ണു-വൈഷ്ണവി, യമൻ-വരാഹി, ഇന്ദ്രൻ-ഇന്ദ്രാണി എന്നീ ദേവതകളെ സൃഷ്ടിച്ച്, അവരവരുടെ വാഹനവും ആയുധങ്ങളും നൽകി ദാരികന്റെ കൊട്ടാരത്തിലേക്കയച്ചു. ഈ ആറ് മാതാക്കളും കൂടി ദാരികന്റെ കോട്ടക്കരി കിലെത്തി, പെരുമ്പറഅടിച്ചും പടവിളിനടത്തിയും കോലാഹലങ്ങൾ സൃഷ്ടിച്ചു. കൊട്ടാരത്തിൽ മദോന്മത്തനായി ഭാര്യയുമായി ചൂതുകളിയിലേർ പ്പെട്ടിരുന്ന ദാരികൻ കോലാഹലത്തിന്റെ കാരണം അന്വേഷിച്ചുവരാൻ ദൂതനോട് ആജ്ഞാപിച്ചു. ആറ് മാതാക്കളെയും പടയേയും കണ്ട ദൂതൻ

ഭയന്നോടിച്ചെന്ന് ദാരികനെ വിവരം അറിയിച്ചു. 'തന്നോട് തോറ്റ ഇന്ദ്രാദികൾ അയച്ച സ്ത്രീകളായിരിക്കും അത് ' എന്ന് ദാരികനഭിപ്രായപ്പെട്ടു. അതോടൊപ്പം 'അവരെ പിടിച്ചുകെട്ടി ഇവിടുത്തെ വേലക്കാരികളാക്കട്ടെ, അതിന് സേനാപതിയായ മഹാകപാലനോട് പറയൂ' എന്നുള്ള കൽപനയും കൊടുത്തു.

ദാരികന്റെ കൽപന അനുസരിച്ച് മാതാക്കളെ പിടിച്ചുകെട്ടാൻ പോയ മഹാകപാലൻ ഏറ്റുമുട്ടലിൽ വൈഷ്ണവിയുടെ ഗദാപ്രഹരമേറ്റ് മരിച്ചുവീണു. സേനാനി മരിച്ചതറിഞ്ഞപ്പോൾ തന്നോടൊപ്പം വരപ്രാപ്തി നേടിയ ദാനവനെ യുദ്ധത്തിനയച്ചു. അവനെ മഹേശ്വരി ത്രിശൂലംകൊണ്ട് കൊന്നു. മാതാക്കളുമായി ഏറ്റുമുട്ടിയവരെല്ലാം മരിച്ചതറിഞ്ഞ ദാരികൻ ചൂതുകളി നിറുത്തി എഴുന്നേറ്റു. സർവസന്നാഹങ്ങളോടെ മാതാക്കളെ നേരിട്ടു. അതിഭയങ്കരമായ യുദ്ധത്തിൽ മഹേശ്വരി തന്റെ കൈയിലുള്ള ത്രിശൂലംകൊണ്ട് ദാരികന്റെ കഴുത്തിൽ കുത്തി. കഴുത്തിൽനിന്നും വന്ന രക്തം നിലത്തുവീണു. ഓരോ തുള്ളി രക്തത്തിൽനിന്നും ആയിരക്കണക്കിന് ദാരികന്മാർ ജനിച്ചു. യുദ്ധക്കളം നിറയെ ദാരികന്മാരെ കണ്ട മാതാക്കൾ ഭയപ്പെട്ടു. ഇങ്ങനെ യുദ്ധം തുടർന്നാൽ ലോകംമുഴുവൻ ദാരികന്മാരെ ക്കൊണ്ട് നിറയും. അതുകൊണ്ട് തൽക്കാലം യുദ്ധം നിറുത്താമെന്നവർ തീരുമാനിച്ച് ഓടിയൊളിച്ചു. എങ്കിലും കോപിഷ്ഠനായ ദാരികൻ തന്റെ രക്തത്തിൽനിന്നുണ്ടായ ദാരികന്മാരോട് 'യുദ്ധമുഖത്തുനിന്നും ഒളിച്ചോടിയ പെൺകൊടിമാരെ ഒന്നിനെപ്പോലും വെറുതെ വിടരുത്, ആറിനെയും തേടിപ്പിടിച്ച് ചെമ്പറയ്ക്കകത്തിട്ട് പൂട്ടണം. അവർ കൈലാസത്തിൽ ഒളിച്ചിരിപ്പുണ്ടാകും, കൈലാസവും ആക്രമിച്ചുകൊള്ളൂ' എന്ന് ആജ്ഞാപിച്ചു. ഈ ആജ്ഞകേട്ട് രക്തജാതന്മാർ പുറപ്പെടാനൊരുങ്ങുമ്പോൾ നാരദമഹർഷി

അവിടെ എത്തി, ദാരികനെ ഗുണദോഷിച്ചു. ഇതിൽ കുപിതനായ ദാരികൻ നാരദമുനിയെയും പിടിച്ചുകെട്ടാനൊരുങ്ങുകയും അപമാനിക്കുകയും ചെയ്തു. സൂത്രശാലിയായ നാരദമുനി ദാരികന് പിടികൊടുക്കാതെ രക്ഷപ്പെട്ടു. നാരദൻ നേരേപോയത് കൈലാസത്തിലേയ്ക്കാണ്. ശിവസന്നിധിയിലെത്തിയ നാരദൻ തനിക്കുനേരിട്ട അപമാനത്തിന്റെ കഥ വിശദീകരിച്ചു. നാരദന്റെ വാക്കുകളിൽനിന്നും ദാരികന്റെ ദുഷ്ടപ്രവൃത്തികളെക്കുറിച്ചുകേട്ട് കുപിതനായ മഹാദേവൻ കൈലാസത്തിൽ എഴുന്നേറ്റുനിന്ന് തൃക്കണ്ണ് മൂന്നും ചുഴറ്റി. അപ്പോൾ നെറ്റിത്തടത്തിലെ തൃക്കണ്ണ് പുകഞ്ഞു. കോപാഗ്നിയിൽ ജ്വലിച്ച കണ്ണിൽനിന്നും കാർമേഘവർണയും ഘോരയും അനേകം മുഖങ്ങളും കൈകളും തീ പറക്കുന്ന കണ്ണുകളുമുള്ള ഭദ്രകാളി ജന്മമെടുത്തു.

ഭദ്രകാളി ജന്മമെടുത്തപ്പോൾ ലോകമാകെ കുലുങ്ങിവിറച്ചു. ഭദ്രകാളിയുടെ ഭയാനകമായ രൂപംകണ്ട് പാർവതീദേവി സ്നേഹപൂർവം 'അല്ലയോ പരമേശ്വരപുത്രീ, ലോകം മുഴുവൻ നടുക്കുന്ന നിന്റെ രൂപം മാറ്റുക, ബ്രാഹ്മി തുടങ്ങിയ ദേവതകളേക്കാൾ ശ്രേഷ്ഠമായ സ്ഥാനം നിനക്കുണ്ട്. ചാമുണ്ഡി എന്ന പേരോടുകൂടിയ നീയടക്കം ഇനി മാതാക്കൾ ഏഴ് പേരായിരിക്കും' എന്നുപറഞ്ഞു. അതുകേട്ട ഭദ്രകാളി ഭീതിദമായ രൂപംമാറ്റി മൂന്ന് കണ്ണുകളോടും, പലതരം ആയുധങ്ങളോടുകൂടിയ പതിനാറ് കൈകളോടും കൂടി, വിശിഷ്ടരത്നങ്ങൾ പതിച്ച ആഭരണങ്ങളണിഞ്ഞ ഭഗവതിയായി മാറി. ഭദ്രകാളിയുടെ ഉൽപത്തിയെക്കുറിച്ച് 'ഭദ്രോൽപത്തി കിളിപ്പാട്ടി'ൽ, ദാരികന്റെ ക്രൂരതകൾ നാരദനിൽനിന്നും അറിഞ്ഞ് വിഷസ്ഫുലിംഗങ്ങളോടുകൂടിയ ശിവന്റെ ഫാലനേത്രത്തിൽ നിന്ന്

'ഘോരരൂപം കൈക്കൊണ്ട് നിൽക്കുന്നേരം

ധൂമവും പുറപ്പെട്ടു, വഹ്നിയും പുറപ്പെട്ടു.

അഞ്ജനഗിരിപോലെ വളർന്നദേഹത്തോടും

കുഞ്ജരങ്ങളെ കാതിലണിഞ്ഞ ശോഭയോടും

വഹ്നിജ്വാലാകുലങ്ങളായ നേത്രങ്ങളോടും

സുന്ദരകാളമേഘതുല്യമാം വർണത്തോടും

പർവതതുല്യ കുചഭാരവും ധരിച്ചതി

ദുർവാര കോപത്തോടു '-കൂടി ജനിച്ച കാളിയെ കണ്ട താപസന്മാർ സംഭ്രമിച്ചുപോയി എന്ന് ചേലനാട്ട് അച്യുതമേനോൻ പറയുന്നു (1943 : 165).

ശിവന്റെ മൂന്നാം തൃക്കണ്ണിൽനിന്നും ജനിച്ച ദേവി 'പിതാവേ, ഞാൻ ചെയ്യേണ്ട കർത്തവ്യം എന്താണ് ?' എന്ന് ചോദിച്ചപ്പോൾ മഹാദേവൻ അത്യധികം സന്തോഷത്തോടെ 'എന്റെ പൊന്നു മകളെ! എനിക്കുപോലും ചെയ്യുവാൻ കഴിയാത്ത ലോകോപകാരപ്രദമായ കർത്തവ്യമാണ് നീ ചെയ്യേണ്ടതായി വന്നിട്ടുള്ളത്. പ്രത്യേകിച്ചും ദേവന്മാരുടെയും താപസ ന്മാരുടെയും രക്ഷയ്ക്കുവേണ്ടിയുള്ളതുമാണ്. ദാരികാസുരന്റെ ദ്രോഹ നടപടികൾ അതിന്റെ എല്ലാ അതിരുകളും കടന്നുകഴിഞ്ഞിരിക്കുന്നു. ബ്രഹ്മാവ് കൊടുത്ത വരത്തിന്റെ ബലം അവന് ഇപ്പോഴും ഉണ്ട്. നീ എത്രയുംവേഗം ആ ദാരികനെ കൊല്ലണം. അതാണ് നീ ചെയ്യേണ്ട പ്രധാനകർത്തവ്യം' എന്നുനിർദേശിച്ചു. ഇതുകേട്ട ഭദ്രകാളി വളരെ ഭവ്യതയോടെ 'അച്ഛന്റെ കൽപന ഈ നിമിഷംതന്നെ ഞാൻ നിറവേറ്റിക്കൊള്ളാം' എന്നറിയിച്ചു. ഉടനെതന്നെ ശ്രീമഹാദേവൻ അതിവിശിഷ്ടങ്ങളായ ആയുധങ്ങളും സൈന്യങ്ങളായി അറുപത്തിയാറുകോടി ഭൂതഗണങ്ങളേയും, കൂളി, പിശാച്, എന്നിവയേയും കൂട്ടിക്കൊള്ളുവാൻ അറിയിച്ചു. വാഹനമായി ആദികൈലാസ വേതാളത്തെയും നൽകി അനുഗ്രഹിച്ചു. നന്ദിമഹാകാളന്റെ കീഴിലുള്ള വസന്തവനത്തിൽച്ചെന്ന് ഭദ്രകാളി വേതാളത്തെ 'വേതാളമേ, വേതാളമേ',

എന്ന് മൂന്നുപ്രാവശ്യം ഉച്ചത്തിൽ വിളിച്ചു. കിടന്ന കിടപ്പിൽ കിടന്നുകൊണ്ടു തന്നെ 'ആരാണത് ? എന്നെ ഇങ്ങിനെ തുല്യനിലയിൽ വെറുംപേരുപറഞ്ഞ് വിളിക്കുന്നത്?' എന്ന ചോദ്യത്തിന് 'ഞാൻ ശ്രീപരമേശ്വരന്റെ നെറ്റിത്തടത്തീക്കണ്ണിൽ പിറന്ന ഭദ്രകാളിയാണ്' എന്ന് അറിയിച്ചപ്പോൾ 'എന്നെ എടുത്ത് നടക്കുവാനുള്ള ശക്തി നിനക്കുണ്ടോ?' എന്ന് വേതാളം ചോദിച്ചു, ഇതിനു മറുപടിയായി 'ഓഹോ നിന്നെ മാത്രമല്ല, നിന്നെയും നിന്റെ പടയേയും കൈലാസത്തോടെ എടുക്കുവാനുള്ള ശക്തി എനിക്കുണ്ട്' എന്ന് പറഞ്ഞു. അപ്പോൾ കഴിഞ്ഞ പന്ത്രണ്ട് വർഷമായി പട്ടിണിയായിരുന്നു എന്നും തന്റെ വയറിനുള്ള വക എന്താണ് കിട്ടുക എന്നും വേതാളം ആരാഞ്ഞു. 'ഞാൻ നിനക്ക് ദാരികന്റെ ചങ്കും കരളും ഇരുപതുകോടി അസുരപ്പടയുടെ രക്തവും മാംസവും തരും, ഒരു സംശയവും വേണ്ട' എന്ന ഭദ്രകാളിയുടെ വാക്കുകൾ കേട്ടപ്പോൾ വേതാളത്തിന്റെ വായിൽ വെള്ളമൂറി. ഭീമാകാരമായ ശരീരവും പൊക്കി എഴുന്നേറ്റുവന്ന വേതാളത്തിന്റെ ചുമലിൽ കയറി ഭദ്രകാളി യാത്രയായി.നന്ദിമഹാകാളനും അറുപതുകോടിഭൂതപ്പടയും കൂളിക്കൂട്ടവുമായി ദാരികന്റെ കൊട്ടാരവാതിലിലെത്തിയ കാളി ദാരികനെ പോരിനുവിളിച്ചു.

'തൊണ്ടയിൽ മുഴയില്ലാത്തൊരു പെൺകൊടി
പേ പറയുന്നതു കേട്ടിവിടെയിരിപ്പാനെളുതല്ലൊട്ടും ' എന്ന് പറഞ്ഞ് കാളിയെ പരിഹസിച്ചു. കോപാകുലയായ കാളി അട്ടഹാസം തുടർന്നപ്പോൾ ദാരികൻ തന്റെ മന്ത്രിയെയും സൈന്യത്തെയും യുദ്ധത്തിനയച്ചു. അറുപത്തിയാറുകോടി ഭൂതപ്പടയും കൂളിക്കൂട്ടവും പിശാച് സൈന്യവും നന്ദിമഹാകാളനുമായി കൂക്കുവിളികളും അട്ടഹാസവും പെരുമ്പറയും പോർവിളിയും എല്ലാംചേർന്ന ശബ്ദഘോഷത്തോടെ ദാരികന്റെ കോട്ടയുടെ സമീപമെത്തി. ഈ യുദ്ധസന്നാഹങ്ങളൊക്കെ കണ്ടപ്പോൾ

ദേവന്മാരും കൂട്ടത്തിൽകൂടി. ആദിത്യഭഗവാന്റെ നേതൃത്വത്തിലുള്ള സൈന്യം കിഴക്കെകവാടത്തിലും ചന്ദ്രഭഗവാന്റെ നേതൃത്വത്തിലുള്ള സൈന്യം പടിഞ്ഞാറെകവാടത്തിലും യമന്റെ നേതൃത്വത്തിലുള്ള സൈന്യം തെക്കെകവാടത്തിലും ഭദ്രകാളിയും ഭൂതപ്പടയും വടക്കെകവാടത്തിലും അണിനിരന്നു. ഭദ്രകാളിയുടെ ശക്തമായ അട്ടഹാസത്തിലും പോർവിളിയിലും ദാരികൻ ഒന്ന് പകച്ചുവെങ്കിലും  പുറത്ത് നടക്കുന്നതെന്താണെന്ന് അന്വേ ഷിച്ചുവരാൻ ദൂതനെ അയച്ചു. ഭദ്രകാളിയുടെ പടനായകനായ നന്ദിമഹാ കാളൻ ദൂതനെ പിടിച്ച് അവന്റെ കഴുത്തിൽ വലിയൊരു മരം പിഴുത് കെട്ടിത്തൂക്കി. കഴുത്തിൽ തൂങ്ങുന്ന മരത്തടിയുമായി ദൂതൻ 'രക്ഷിക്കണേ' എന്ന് വിലപിച്ചുകൊണ്ട് ദാരികന്റെ സമീപമെത്തി പുറത്തെ പടയുടെ വലുപ്പവും ഭയാനകതയും വിവരിച്ചു കേൾപ്പിച്ചു.

ദാരികൻ തന്റെ മന്ത്രിമാരായ കരങ്കൻ, ബാണധൂമ്രാക്ഷൻ, ബാണൻ, സ്ഥൂണൻ, ജയന്തൻ, ധൂമ്രൻ, കൃപാണൻ, താമ്രാക്ഷൻ എന്നിവരെ വിളിച്ച് ആവശ്യമായ സൈന്യത്തെക്കൂട്ടി ഭദ്രകാളിയോട് യുദ്ധംചെയ്യാൻ നിർദേശിച്ചു. ഭദ്രകാളിയോട് ഏറ്റുമുട്ടിയ എട്ട് മന്ത്രിമാരും അവരുടെ സൈന്യങ്ങളും ഒന്നൊന്നായി ചത്തുവീണു. മന്ത്രിമാരെല്ലാം വധിക്കപ്പെട്ട തോടെ ശേഷിച്ച സൈന്യം നാലുപുറവും ഓടി രക്ഷപ്പെട്ടു. ഇതോടെ ഭദ്രകാളിയുടെ സൈന്യം ജയഭേരി മുഴക്കി. മന്ത്രിമാരെല്ലാം കൊല്ലപ്പെട്ട തറിഞ്ഞതോടെ കോപിഷ്ഠനായദാരികൻ തന്റെ കനകസിംഹാസന ത്തിൽനിന്നും എഴുന്നേറ്റ് ഭദ്രകാളിയോട് നേരിട്ട് യുദ്ധം ചെയ്യുന്നതിനുള്ള സന്നാഹം ഒരുക്കാൻ തുടങ്ങി.

മനോദരിയെ വിളിച്ച് വേണ്ട നിർദേശങ്ങളെല്ലാം കൊടുത്തു. ബ്രഹ്മാവ് കൊടുത്ത രണ്ടു മന്ത്രവും പരമരഹസ്യമായി ഭാര്യയ്ക്ക് ഉപദേശിച്ചു

കൊടുത്തു. ദാരികൻ യുദ്ധം ചെയ്യുമ്പോൾ കുളിച്ചു ശുദ്ധമായി വ്രത ശുദ്ധിയോടെ മന്ത്രം ജപിച്ചുകൊണ്ടിരിക്കണമെന്ന് പറഞ്ഞു. ബഹുമാന്യരായ ആരെങ്കിലും വന്നാൽ അവരെ ആദരിച്ച് ചോദിക്കുന്നതെന്തും നൽകി സന്തോഷിപ്പിക്കണമെന്നും പറഞ്ഞേൽപിച്ചു. അതിനുശേഷം തന്റെ ആയുധങ്ങളെല്ലാം എടുത്ത് അലങ്കരിച്ച തേരിൽ വടക്കെഗോപുര വാതിലിലൂടെ ഭദ്രകാളിയുടെ മുമ്പിലെത്തി. ഭദ്രകാളിയെ കണക്കറ്റ് ആക്ഷേപിച്ചു. തുടർന്ന് യുദ്ധത്തിലേർപ്പെട്ടു. കാളി-ദാരികയുദ്ധത്തിന് സമമായി കാളി-ദാരികയുദ്ധം മാത്രമേയുള്ളു. അത്രയ്ക്ക് ഘോരമായ യുദ്ധമായിരുന്നു അരങ്ങേറിയത്. ദാരികവധം കാണുന്നതിനായി ദേവന്മാർ ആകാശമാർഗത്തിൽ നിറഞ്ഞു. ദാരികന്റെ ഒരടവും ആയുധവും കാളിയുടെ മുമ്പിൽ വിലപ്പോയില്ല. രണ്ടുപേരും ഒപ്പത്തിനൊപ്പം മുന്നേറി. ദാരികന്റെ എല്ലാ ശരവും ഒടുങ്ങിയപ്പോൾ ബ്രഹ്മാവ് വരമായി നൽകിയ ബ്രഹ്മദണ്ഡ് പ്രയോഗിക്കുന്നതിനായി എടുത്തതോടെ ദേവതാപസന്മാർ ഭയന്നു. എല്ലാവരും ബ്രഹ്മദേവനെ പ്രാർഥിച്ചുസ്തുതിച്ചു. അതോടെ ബ്രഹ്മദണ്ഡിന്റെ വീര്യം അൽപമൊന്ന് കുറഞ്ഞു. ഈ സമയം ഭദ്രകാളി പോർക്കളത്തിൽ നിന്നും ക്ഷീണം തീർക്കുവാനെന്ന ഭാവത്തിൽ മാറിനിന്നു. 'അച്ഛൻ തന്നിട്ടുള്ള പതിനെട്ടായുധവും ദാരികനിൽ ഫലവത്താകുന്നില്ലല്ലോ' എന്നാലോചിച്ച കാളി, ദാരികനെ കൊല്ലാൻ മറ്റെന്തെങ്കിലും മാർഗം കണ്ടെത്തണം എന്ന് കരുതി. ഈ സമയം ദുർഗാദേവി അടുത്തുവന്ന് കാളിയോട് 'ബ്രഹ്മാവിൽ നിന്നും ദാരികൻ കരസ്ഥമാക്കിയ മന്ത്രദ്വയം കൈയ്ക്കലാക്കിയാൽ മാത്രമേ ദാരികനെ യുദ്ധത്തിൽ ജയിക്കുവാനാവുകയുള്ളു' എന്നുപറഞ്ഞു. 'ദാരികന് ബ്രഹ്മാവ് രണ്ട് മന്ത്രം കൊടുത്തിട്ടുണ്ട്. അതിന്റെ പ്രഭാവം നിലനിൽക്കു ന്നിടത്തോളംകാലം ദാരികനെ ജയിക്കുക സാധ്യമല്ല. അതിന് ആ മന്ത്രം

കൈവശപ്പെടുത്തുകയാണ് വേണ്ടത്. ദാരികൻ മനോദരിക്ക് പറഞ്ഞു കൊടുത്ത മന്ത്രങ്ങൾ അവൾ ഭർത്താവിന്റെ വിജയത്തിനുവേണ്ടി ഇപ്പോൾ ജപിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ അവളിൽനിന്നും ആ മന്ത്രങ്ങൾ മനസ്സി ലാക്കിവരാം. അതിനുശേഷം യുദ്ധം തുടർന്നാൽ മതി' എന്ന് അറിയിച്ച് ദുർഗാദേവി വൃദ്ധയായ ബ്രാഹ്മണഭിക്ഷുകിയുടെ വേഷത്തിൽ മനോദരിയെ സമീപിച്ചു.യുദ്ധത്തിൽ ദാരികന്റെ വിജയത്തിനായി മന്ത്രം ഉരുവിട്ടുകൊണ്ടി രുന്ന മനോദരി ആതിഥ്യമര്യാദയനുസരിച്ച് ആ വൃദ്ധയോഗിനിയെ സൽക്കരിച്ച് 'താൻ എന്ത് ഭിക്ഷയാണ് തരേണ്ടത്' എന്ന് ചോദിച്ചപ്പോൾ നടക്കുവാൻ പോലും കഴിവില്ലാത്ത ഈ കിഴവിക്ക് കൊട്ടാരത്തിലെ വിലപിടിപ്പുള്ള തൊന്നും വേണ്ട, ഈ സൽക്കാരംതന്നെ ധാരാളം എന്നുപറഞ്ഞു'. തുടർന്ന് 'ഈ പെരുമാറ്റം നിന്റെ മഹത്വത്തെ വിളിച്ചറിയിക്കുന്നു.നിന്റെ ഭർത്താവ് ഇപ്പോൾ ശത്രുവുമായി ജീവന്മരണ പോരാട്ടത്തിലാണല്ലോ. അതുകൊണ്ട് ഞാനും നിന്റെ ഭർത്താവിന്റെ വിജയത്തിനായി പ്രാർഥിക്കാം. രണ്ടുപേർ പ്രാർഥിക്കുമ്പോൾ ഫലം ഇരട്ടിക്കും. അതുകൊണ്ട് നീ ആ മന്ത്രങ്ങൾ എനിക്കുകൂടി പറഞ്ഞുതരിക' എന്ന് പറഞ്ഞപ്പോൾ അതിൽ വിശ്വസിച്ച് മന്ത്രങ്ങൾ യോഗിനിക്ക് ഉപദേശിച്ചു. മൂന്നാമതൊരാളുടെ കാതിൽ എത്തിയാൽ മന്ത്രത്തിന് ഫലമുണ്ടാകുകയില്ല എന്ന വ്യവസ്ഥ മനോദരി വിസ്മരിച്ചുപോയി. മന്ത്രങ്ങൾ മനസ്സിലാക്കിയ ദുർഗാദേവി ഉടനെ അവിടെനിന്നും ഭദ്രകാളിയുടെ അടുത്തെത്തി. മന്ത്രങ്ങൾ നിർവീര്യമായ തറിഞ്ഞ കാളി വീണ്ടും യുദ്ധക്കളത്തിലെത്തി ദാരികനെ പോരിനുവിളിച്ചു.

കാളിയുടെ പോരിനുവിളി കേട്ട ദാരികന്റെ മനസ്സിൽ ദുശ്ശങ്കകൾ ഉണ്ടായി. വീണ്ടും യുദ്ധക്കളത്തിൽ എത്തിയ കാളി ദാരികനുമായി ഏറ്റുമുട്ടി. വേതാളത്തിന്റെ ചുമലിലിരുന്ന് ഭദ്രകാളിയും തേരിലിരുന്ന് ദാരികനും തമ്മിൽ

യുദ്ധംചെയ്തു. ബ്രഹ്മദണ്ഡിനുപോലും ശക്തി നഷ്ടപ്പെട്ടത് മനസ്സിലാക്കിയ ദാരികൻ ഇതിലെന്തോ ചതി നടന്നിട്ടുണ്ടെന്ന് തിരിച്ചറിഞ്ഞു. മനോദരിയോട് വിവരങ്ങൾ അന്വേഷിച്ച് മനസ്സിലാക്കിയ ദാരികൻ തന്റെ മരണം ആഗതമായിരിക്കുന്നുവെന്ന ചിന്തയോടെ മനോദരിയോട് യാത്ര പറഞ്ഞ് വീണ്ടും യുദ്ധക്കളത്തിലേയ്ക്ക്പോയി. ഇരുപത്തിരണ്ട് ദിവസം നീണ്ടുനിന്ന യുദ്ധത്തിന്റെ അവസാനം ദാരികൻ വീണ്ടും ബ്രഹ്മദണ്ഡ് ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ഭദ്രകാളി ദണ്ഡ് പിടിച്ചുവാങ്ങി ദാരികനെ മർദിച്ചു. ദാരികൻ ഭയന്നോടി പാതാളത്തിൽ ഒളിച്ചു. ദാരികനെ കാണാതായപ്പോൾ ഭദ്രകാളി നിലത്ത് ഊന്നിനിന്നുകൊണ്ട് നാലുവശവും കണ്ണോടിച്ചു. ദാരികനെ കാണാതെ ഭദ്രകാളി വിഷമിച്ചുനിൽക്കുമ്പോൾ 'ദുഷ്ടനായ ദാരികൻ പാതാളക്കുഴിയിൽ  ഒളിച്ചിരിക്കുന്നുണ്ട് ' എന്ന അശരീരി കേട്ടു. ഇതുകേട്ട വേതാളം 'ഇനി ദാരികൻ ഇരുട്ടിയാൽമാത്രമേ പുറത്ത് വരികയുള്ളു, എത്രയും വേഗം സൂര്യഭഗവാനെ പ്രാർഥിച്ച് ഇരുട്ട് ഉണ്ടാക്കുവാൻ നോക്കുക' എന്ന് പറഞ്ഞു. ഇതുകേട്ട ഭദ്രകാളി സൂര്യഭഗവാനെ സ്തുതിച്ചുകൊണ്ട് തന്റെ കറുത്തിരുണ്ടു ഭാരിച്ചതലമുടി അഴിച്ചുവിടർത്തി സൂര്യബിംബം മറച്ചു. അതോടെ ഭൂമിയിലാകെ ഇരുട്ടുപരന്നു. എങ്കിലും തന്റെ മൂന്നാം തൃക്കണ്ണിലെ തീജ്വാലയുടെ പ്രകാശം പരക്കുന്നതായി കണ്ട് ഉടനെതന്നെ തന്റെ കൈകൊണ്ട് മൂന്നാം തൃക്കണ്ണ് പൊത്തിപ്പിടിച്ചു. വേതാളത്തോടൊപ്പം തന്റെ നാക്കും ഭൂമിയുടെ മുകളിൽ നീട്ടി പരത്തിവെച്ചു. ഇരുട്ടുപരന്നതോടെ പാതാളത്തിൽനിന്നും ദാരികൻ പുറത്തുവന്നു. നാവിന്റെ പുറത്തുകൂടി നടന്ന ദാരികനെ കാളി തന്റെ നാവ് ചുരുക്കി ചുരുക്കി ചെറുതാക്കി മുകളിലേക്ക് തള്ളി. ആ ശക്തിയിൽ തെറിച്ചുവീണ ദാരികനെ ത്രിശൂലംകൊണ്ട്

കുത്തിയപ്പോൾ നിരായുധനായ ദാരികൻ 'അമ്മേ എന്നെ കൊല്ലല്ലേ ഭദ്രേ' എന്നുകരഞ്ഞുകൊണ്ട് സ്തുതിക്കുവാൻ തുടങ്ങി.

'ഭദ്രോൽപത്തി' കിളിപ്പാട്ടിൽ യുദ്ധക്കളത്തിൽ നിരായുധനായി കാളിയുടെ ത്രിശൂലത്തിന് കീഴ്പെട്ടുകിടക്കുമ്പോൾ,

' ദുർജനങ്ങളായവർ ചെയ്യുന്നോരപരാധം

സജ്ജനമായുള്ളവർ പൊറുത്തു കൊള്ളുമല്ലോ

.........................................................................

ലോകമാതാവേ, പരിപാലിച്ചുകൊള്ളണമേ, '

എന്ന് പറയുന്നു (മുണ്ടേക്കാട്, ബാബു., 2002 : 203). തന്നെ സ്തുതിക്കുന്നത് കേട്ടപ്പോൾ ഭദ്രകാളിയുടെ മനസ്സ് അൽപമൊന്ന് അയഞ്ഞു. കൊല്ലണോ വേണ്ടയോ എന്ന് സംശയമായി. ദേവിയുടെ മനസ്സ് മാറുന്നതുകണ്ട ദേവതാപസന്മാർ ഉച്ചത്തിൽ 'ദാരികൻ ദയ അർഹിക്കുന്നില്ല' എന്നും 'ഇത് അവന്റെ കാപട്യമാണെ'ന്നും 'വരം കൊടുത്ത ബ്രഹ്മാവിനെ പരിഹസിച്ചവനാണ് ഇവൻ' എന്നും 'മഹാദേവന് കൊടുത്ത വാക്കും ദേവിയുടെ ദൗത്യവും മറന്നു പോകരുതേ' എന്നും 'ഈ മായാവിയെ എത്രയുംവേഗം കൊല്ലണം' എന്നും ദേവിയോടപേക്ഷിച്ചു. ഇതുകേട്ടപ്പോൾ ഭദ്രകാളിയുടെ കോപം വീണ്ടും ആളിക്കത്തി. എവിടെവെച്ച് ദാരികനെ കൊല്ലും എന്ന ചിന്തയായി. ആകാശത്തുവെച്ച് കൊന്നാൽ നക്ഷത്രാദികൾക്ക് ദോഷം ഉണ്ടാകും, ഭൂമിയിൽവെച്ചായാൽ അത് മനുഷ്യരാശിക്ക് ദോഷംചെയ്യും, എന്ന് മനസ്സിലാക്കിയ ദേവി വേതാളത്തിന്റെ നീട്ടിപ്പിടിച്ച നാവിനുമുകളിൽ ദാരികനെ കുടഞ്ഞിട്ട് ശൂലംകൊണ്ട് ദാരികന്റെ മാറിടം കുത്തിപ്പിളർന്നു. കപാലത്തിൽ ചോര കോരിക്കുടിച്ചു, വയർ കുത്തിപ്പിളർന്ന് കുടൽമാല എടുത്ത് കഴുത്തിലും അരയിലും ചാർത്തി, ഇടതുകൈകൊണ്ട് ദാരികന്റെ

തല ചുറ്റിപ്പിടിച്ച്  വലതുകൈകൊണ്ട് വാൾ അമർത്തി തല അറുത്തെടുത്ത് തൂക്കിപ്പിടിച്ചു. എന്നിട്ടും കലി അടങ്ങാതെ അട്ടഹസിച്ചുകൊണ്ട് നാലുവശവും തിരിഞ്ഞുനോക്കി. ഭദ്രകാളിയുടെ സംഹാരഭാവംകണ്ട് ഭയന്ന് ദേവന്മാരും താപസന്മാരുമെല്ലാം ഭയവിഹ്വലരായി അവിടെനിന്നും ഓടിപ്പോയി.

'ക്രൂരാട്ടഹാസ ബധിരീകൃത വിശ്വമുജയിരാബിഭ്രതി

വപുരജ്യംഭത ശാംഭവീസാ

പാതയിത്വാ  മഹീപൃഷ്ഠേവാപീനം ദാരുകാസുരം '

എന്ന് 'ഭദ്രകാളീമാഹാത്മ്യം' അഥവാ 'ദാരുകവധം' എന്ന കൃതിയിൽ  ദാരുക വധത്തെ ചിത്രീകരിച്ചിരിക്കുന്നു (സ്വാമി, മൃഡാനന്ദ., 1998 : 28).

കാളി-ദാരികപോരാട്ടത്തിൽ രണ്ടുപേരും ഇഞ്ചോടിഞ്ച് പൊരുതിയെങ്കിലും മന്ത്രങ്ങളും ബ്രഹ്മദണ്ഡും പ്രയോജനപ്പെടാതെ വന്നപ്പോൾ ദാരികന്റെ അന്ത്യം അടുത്തു എന്ന് മനസ്സിലാക്കിയ മനോദരി കൈലാസത്തിൽ കഠിനമായ തപസ്സ് ആരംഭിച്ചു. മനോദരിയുടെ തപസ്സുകണ്ട് മനസ്സലിഞ്ഞ പാർവതീദേവി ശിവനോട് മനോദരിയിൽ  പ്രസാദിക്കണമെന്ന് ഉണർത്തിച്ചു. എന്നാൽ ശിവൻ ത്രിലോകത്തെ മുഴുവൻ സങ്കടത്തിലാഴ്ത്തുന്ന ദാരികന്റെ പ്രവൃത്തികൾ പാർവതീദേവിയെ പറഞ്ഞുകേൾപ്പിച്ചു. ദുഷ്ടനായ ദാരികന്റെ അന്ത്യംകുറിക്കാനാണ് ഭദ്രകാളിയെ സൃഷ്ടിച്ചതെന്നും അതുകൊണ്ട് മനോദരിയുടെ ആഗ്രഹങ്ങൾ സഫലമാക്കാൻ യാതൊരു മാർഗവുമില്ലെന്നും ശ്രീപരമേശ്വരൻ അറിയിച്ചുവെങ്കിലും, 'ആപൽബാന്ധവനായ ശിവൻ ആശ്രയിക്കുന്നവരെ ഉപേക്ഷിക്കരുത്' എന്ന് പറഞ്ഞതോടെ ശിവൻ മനോദരിയുടെ മുമ്പിൽ  പ്രത്യക്ഷനായി.  തന്റെ ശരീരത്തിലെ വിയർപ്പുവെള്ളം വടിച്ചെടുത്ത് മനോദരിക്ക് നൽകിക്കൊണ്ട് 'മനോദരി ഇത് കൊണ്ടുപോയി മനുഷ്യരുടെ ദേഹത്ത് തളിക്കുവിൻ, നിനക്ക് വേണ്ടതെല്ലാം അവർ തരും'. (പാർവതീ

ഭായി,ആർ., 1998 : 135–137) എന്ന ശിവന്റെ അനുഗ്രഹവും നേടിവരുന്ന മനോദരി കണ്ടത് ദാരികശിരസ്സുമായി ആർത്തട്ടഹസിച്ച് കോപം അടങ്ങാതെ വരുന്ന ഭദ്രകാളിയെയും ജയഭേരി മുഴക്കിക്കൊണ്ടുവരുന്ന ഭൂതഗണങ്ങളേയും ആണ്. ഇതുകണ്ട മനോദരിക്ക് സങ്കടവും കോപവും സഹിക്കാനായില്ല. ശിവനിൽ നിന്നും നേടിയ വിയർപ്പുകണങ്ങൾ മനോദരി ഭദ്രകാളിയുടെ ദേഹത്ത് തളിച്ചു. തൽക്ഷണം ഭദ്രകാളിയുടെ ദേഹംമുഴുവൻ വസൂരിക്കുരുക്കൾ പ്രത്യക്ഷപ്പെടുകയുംചെയ്തു. ക്ഷീണിതയായ ഭദ്രകാളി ആകെ തളർന്ന് താഴെ വീഴുകയും ചെയ്തു. ഇതുകണ്ട ശിവന് അടക്കാനാവാത്ത കോപം ഉണ്ടായി. ശിവൻ തന്റെ ചെവിയിൽനിന്നും ഘണ്ടാകർണനെ സൃഷ്ടിച്ച് ദേവിയുടെ സമീപത്തേയ്ക്ക് അയച്ചു. മാർഗമധ്യേ തളർന്നുകിടക്കുന്ന ഭദ്രകാളിയുടെ സമീപമെത്തിയ ഘണ്ടാകർണ്ണൻ ദേവിയുടെ പാദംമുതൽ കഴുത്തുവരെയുള്ള വസൂരിക്കുരുക്കൾ മുഴുവൻ നക്കിയെടുത്തു. സഹോദരനായതിനാൽ മുഖത്ത് നാവ് തൊടാൻ കാളി അനുവദിച്ചില്ല. കാളിവേഷത്തിന് മുഖത്ത് കുരുക്കളുടെ ചുട്ടി ഇടാൻ കാരണമിതാണ്. ക്ഷീണംമാറിയ ഭദ്രകാളി മനോദരിയുടെ കണ്ണും കാലും ചെവിയും അറുത്തുകളഞ്ഞു. തുടർന്ന് അവൾക്ക് വസൂരിമാല എന്ന പേര് നൽകി തന്റെ ഭൂതഗണങ്ങളോടൊപ്പംകൂട്ടി.

ദാരികന്റെ തല അറുത്തിട്ടും ശരീരം ഛിന്നഭിന്നമാക്കിയിട്ടും കോപം ശമിക്കാത്ത കാളി കോപോക്രാന്തയായി ദാരികശിരസ്സുമായി കൈലാസത്തിലേയ്ക്ക് ഓടി. കോപം ശമിക്കാതെ കൈലാസത്തിലേയ്ക്കോടി വരുന്ന കാളിയെ ശിവൻ ജ്ഞാനദൃഷ്ടിയിൽ കണ്ടു. ഭദ്രകാളിയുടെ കോപം ശമിപ്പിക്കുന്നതിനുള്ള മാർഗം ആരാഞ്ഞ ശിവനോട് 'ഒരു കുഞ്ഞിനെ കൈയിൽ കൊടുത്താൽ കോപം തീരുമെന്ന്' പാർവതി അറിയിച്ചു. ഇതനുസരിച്ച് ഗണപതിയും നന്ദികേശനും ശിശുരൂപം ധരിച്ച് ഗോപുരത്തിന്റെ

കവാടത്തിൽ  കിടന്നു. ശിവനും ഭൂതഗണങ്ങളും കൂടി പലതരം കോലങ്ങൾ കെട്ടി ആടാൻ തുടങ്ങിയെങ്കിലും കോപം ശമിച്ചില്ല. എന്നാൽ ഗോപുരവാതിൽക്കൽ കിടന്ന പിഞ്ചുകുട്ടികളെ കണ്ടപ്പോൾ ഭദ്രകാളിയുടെ മനസ്സിൽ മാതൃഭാവം ഉണർന്നു. ഭദ്രകാളി കുഞ്ഞുങ്ങളെ വാരിയെടുത്ത് മുലയൂട്ടി. കോപം ഒട്ടൊക്കെ ശമിച്ചെങ്കിലും മുഴുവൻ കോപവും ശമിക്കാത്ത കാളി വീണ്ടും മുന്നോട്ട് നീങ്ങാൻ തുടങ്ങിയപ്പോൾ പരമശിവൻ അംശാവതാരമെടുത്ത് ഒരു ഓമനശിശുവായി മാർഗമധ്യേ കിടന്നു (ലിംഗപുരാണം കഥ). കോപിഷ്ഠയായിവരുന്നകാളിയുടെ കോപം മുഴുവൻ കുഞ്ഞിനെ കണ്ടതോടെ ശമിച്ചു. തുടർന്ന് ദാരികശിരസ്സ് ശിവപാദങ്ങളിൽ സമർപിച്ചു. ശിവൻ ഭദ്രകാളിയെ അനുഗ്രഹിച്ചു. ഇതുകണ്ട ദേവതാപസസമൂഹം ഭദ്രകാളിയെ സ്തുതിച്ചു. കാളീപുരാവൃത്തത്തിൽ വ്യത്യസ്ത സന്ദർഭങ്ങളെ സ്വീകരിച്ചു കൊണ്ട് അവതരിപ്പിച്ചുവരുന്ന അനുഷ്ഠാനാവതരണങ്ങളാണ് ഭദ്രകാളിത്തീയാട്ട്, പടയണി, നിണബലി തുടങ്ങിയവ.

## 2.5 ഭദ്രകാളിത്തീയാട്ട്

കാളി-ദാരികപുരാവൃത്തത്തെ അടിസ്ഥാനമാക്കിയുള്ള ഒരു അനുഷ്ഠാനകലയാണ് ഭദ്രകാളിത്തീയാട്ട്. സാധാരണയായി മധ്യതിരുവിതാംകൂറിലെ ഭദ്രകാളീക്ഷേത്രങ്ങളിലും കാവുകളിലും പഴയ തറവാടുകളിലും നടത്തിവരുന്ന അതിപ്രാചീനമായ ഒരനുഷ്ഠാനകലയാണിത്. തെയ്യാട്ട് (ദൈവമായിട്ടാടൽ) എന്ന പദത്തിൽനിന്നുമാണ് തീയാട്ട് ഉണ്ടായതെന്ന് മഹാകവി ഉള്ളൂരും (1972 : 212) ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ളയും (1993 : 963) അഭിപ്രായപ്പെടുന്നു. തീയുമായി ബന്ധമുള്ള ആട്ടം എന്ന നിലയിലാണ് ഏ.ആർ. രാജരാജവർമ്മ തീയാട്ടിനെ കാണുന്നത് (1982 : 126). എന്നാൽ

ഉത്തര കേരളത്തിൽ പ്രചാരമുള്ള തെയ്യവുമായി ഇതിന് ബന്ധമൊന്നുമില്ലെന്ന് എം.വി. വിഷ്ണുനമ്പൂതിരി അഭിപ്രായപ്പെടുന്നു (2000(1) : 27). തീകൊണ്ടുള്ള ആട്ട് (ആട്ടിപ്പായിക്കൽ അഥവാ ഉച്ചാടനം) ആണ് തീയാട്ടെന്ന് എസ്.കെ. നായരും ചൂണ്ടിക്കാണിക്കുന്നു (1962 : 62). ഭദ്രകാളിത്തീയാട്ടിനുപുറമെ അയ്യപ്പചരിതത്തെ മുൻനിറുത്തി തീയാടിനമ്പ്യാൻമാർ നടത്തുന്ന അയ്യപ്പൻ തീയാട്ടും പ്രചാരത്തിലുണ്ട്. ഭദ്രകാളിത്തീയാട്ട് നടത്തുന്നത് തീയാട്ടുണ്ണികളാണ്. ഉദ്ദിഷ്ടകാര്യസാധ്യത്തിനുവേണ്ടിയും അഭീഷ്ടവരദായിനിയായ ഭദ്രകാളിയെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടിയുമാണ് തീയാട്ട് നടത്തുന്നത്. പകർച്ചവ്യാധി (വസൂരി) വരാതിരിക്കാൻ മുടിയേറ്റും വന്നാൽ തീയാട്ടും എന്നൊരു ശൈലി തന്നെയുണ്ട്.

ദാരികവധാനന്തരമുള്ള കൈലാസസന്ദർശനമാണ് ഭദ്രകാളിത്തീയാട്ടിലെ പ്രതിപാദ്യം. കാളി-ദാരികയുദ്ധത്തിൽ ദാരികനിഗ്രഹം നടത്തിയ കാളി, ദാരികശിരസ്സുമായി ശിവസന്നിധിയിലെത്തി ദാരികനിഗ്രഹത്തെക്കുറിച്ച് വിവരിക്കുന്നതാണ് തീയാട്ടിന് പിന്നിലുള്ള പുരാവൃത്തം. അവതാരോദ്ദേശമായ ദാരികനിഗ്രഹം കഴിഞ്ഞിട്ടും കോപം ശമിക്കാത്ത കാളി കൈലാസത്തിലേയ്ക്ക് ദാരികശിരസ്സുമേന്തി വരുന്നത് കണ്ടപ്പോൾ അടുത്തേയ്ക്ക് വരാതിരിക്കാനായി ശിവൻ ദിഗംബരനായി നൃത്തംചെയ്യുകയും പിതാവിന്റെ നഗ്നത ദർശിക്കാനാവാതെ കാളി ലജ്ജയോടെ പിൻതിരിയുകയുംചെയ്തു. ദാരികവധം കഴിഞ്ഞ് ശിവസന്നിധിയിൽ എത്തുന്ന കാളിയുടെ വേഷമാണ് കാളിത്തീയാട്ടിൽ കെട്ടുന്നത്. അരങ്ങിൽവച്ചിരിക്കുന്ന വിളക്ക് ദിഗംബരനായി നൃത്തം ചെയ്യുന്ന ശിവനായതുകൊണ്ടാണ് തീയാട്ടിൽ കാളിവേഷം വിളക്കിന് പുറംതിരിഞ്ഞ് നിൽക്കുന്നത്.

### 2.5.1 അനുഷ്ഠാനക്രമം

തികച്ചും അനുഷ്ഠാനപരമായ കാളിത്തീയാട്ടിന്റെ ചടങ്ങുകൾ പന്തലിടീൽ, ഉച്ചപ്പാട്ട്, കളമെഴുത്ത്, വെച്ചൊരുക്ക്, സന്ധ്യക്കൊട്ട്, എതിരേൽപ്പ്, കളംപൂജ, തിരിയുഴിച്ചിൽ, കളംതൊഴൽ, കളംപാട്ട്, കളംമായ്ക്കൽ, വേഷംകെട്ടൽ, തീയാട്ട്, പന്തംഉഴിച്ചിൽ, മുടിയുഴിച്ചിൽ എന്ന ക്രമത്തിലാണ്.

തീയാട്ട് നടത്താനുദ്ദേശിക്കുന്ന കാവിൽ/ തറവാട്ടിൽ ഇതിനു പ്രത്യേകമായി ശുദ്ധിവരുത്തി പന്തൽകെട്ടുന്നു. പന്തലിന്റെ മുകൾഭാഗത്ത് പട്ടുകളും വെള്ളവസ്ത്രങ്ങളും വിരിക്കുന്നു. തുടർന്ന് പന്തലിന്റെ നാലു വശവും കയർകെട്ടി അതിൽ തെങ്ങിന്റെ കുരുത്തോല, കവുങ്ങിൻ പൂക്കുല, പലനിറത്തിലുള്ള പൂക്കൾ, മാലകൾ, വെറ്റില, മാവില, ആലില, കുലവാഴ എന്നിവകൊണ്ട് മോടികൂട്ടുന്നു. തീയാട്ടിന്റെ എല്ലാ ചടങ്ങുകളും അവസാനിച്ച തിനുശേഷമേ ഈ പന്തൽ അഴിക്കൂ. തുടർന്ന് ഉച്ചയോടുകൂടി പന്തലിനുള്ളിൽ അരിപ്പൊടികൊണ്ട് പത്മം ഇട്ട് അതിനുമുകളിൽ ദശപുഷ്പവും അഷ്ടമംഗ ല്യവും ഒരുക്കിവെയ്ക്കുന്നു. ഇതിന്റെ മുൻപിലായി ഒരു പീഠത്തിൽ ചുവന്ന പട്ടിട്ട് തൂശനിലയിൽ നെല്ല്, അരി, പൂക്കുല, നാളികേരം, വെറ്റില, അടയ്ക്ക എന്നിവ വെയ്ക്കുന്നു. പരദേവതയെ സങ്കൽപിച്ച് പീഠത്തിൽ ഒരു നാണയവും വെയ്ക്കുന്നു. നെല്ല്, അരി, നാളികേരം, വെറ്റില, അടയ്ക്ക എന്നിവ ഒരിലയിൽ ഗുരുവിനെ സങ്കൽപിച്ച് പീഠത്തിന്റെ താഴെയായി വലതുവശത്തും, ഗണപതിയെ സങ്കൽപിച്ച് ഒരു നിലവിളക്ക്വെച്ച് അതിന് മുന്നിലായി അവില്, മലര്, ശർക്കര, പഴം തുടങ്ങിയവ ഒരിലയിൽ  ഇടതുവശത്തും വെയ്ക്കുന്നു. ഇതിന് വെച്ചൊരുക്ക് എന്ന് പറയുന്നു. തുടർന്ന് ഗണപതി, സരസ്വതി, ഭദ്രകാളി എന്നീ മൂർത്തികളെ സ്തുതിക്കുന്നു. ഇതാണ് ഉച്ചപ്പാട്ട്. ഇതിന്

ഉച്ചത്തീയാട്ട് എന്നും പറയാറുണ്ട്. ഇതിന് പറ, ചേങ്കില എന്നീ വാദ്യോപ കരണങ്ങളാണ് ഉപയോഗിക്കുന്നത്.

ഉച്ചപ്പാട്ടിനുശേഷം തറ ശുദ്ധമാക്കി പ്രധാന കലാകാരൻ കളമെഴു താനാരംഭിക്കുന്നു. നവഗ്രഹങ്ങളെയും ദേവന്മാരെയും ധ്യാനിച്ചുകൊണ്ട് ആദ്യം കീഴ്മേലായി ഒരു നേർവര വരയ്ക്കുന്നു. തുടർന്ന് ധ്യാനശ്ലോകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ കളമെഴുതുന്നു. നാലുകൈകളോടുകൂടിയത്, എട്ടു കൈകളോടുകൂടിയത്, പതിനാറുകൈകളോടുകൂടിയത് എന്നിങ്ങനെ ഭദ്ര കാളിയ്ക്ക് കൈയുടെ എണ്ണമനുസരിച്ച് പല ധ്യാനങ്ങളുണ്ട്. കളത്തെ മൂന്ന് ഭാഗമായി സങ്കൽപിച്ചാൽ കിരീടംമുതൽ തിരുമുലവരെ ഒന്നാംഭാഗം, തിരുമുല മുതൽ വയർവരെ രണ്ടാംഭാഗം, വയർമുതൽ പാദംവരെ മൂന്നാംഭാഗം. ഇത് 5 : 3 ½ : 4 എന്ന അനുപാതത്തിലായിരിക്കും.

ആദ്യമായി മുഖത്തിന്റെ രൂപരേഖവരച്ച് അകത്ത് വാകപ്പൊടി വിത റുന്നു. തുടർന്ന് കിരീടം, സ്തനങ്ങൾ, ഉടൽ, ഉദരം, ഉടയാട ഇങ്ങനെ ക്രമ മനുസരിച്ച് വരയ്ക്കുന്നു. നെല്ല്, അരി എന്നിവ കൂട്ടിവെച്ച് മുഖത്തിന്റെ വലു പ്പത്തിന് ആനുപാതികമായിട്ടാണ് സ്തനങ്ങൾ ഒരുക്കുന്നത്. ഏറ്റവും അവ സാനമാണ് കണ്ണ് മിഴിപ്പിക്കുന്നത്. ഇതോടെ കളം പൂർത്തിയാകുന്നു. പൂർ ത്തിയായ കളത്തിന്റെ നാലുവശങ്ങളിലായി എട്ടുസ്ഥലത്ത് നെല്ല്, അരി, നാളികേരം, വെറ്റില, അടയ്ക്ക എന്നിവയും നിലവിളക്കും വെയ്ക്കുന്നു. ഇതിന് വെച്ചൊരുക്ക് എന്നു പറയുന്നു. സന്ധ്യയോടെ കളംവരയും ഒരുക്കങ്ങളും പൂർത്തിയാകുന്നു. കാളിത്തീയാട്ടുണ്ടെന്ന് സമീപവാസികളെ അറിയിക്കുന്ന തിനായി നടത്തുന്ന കേളികൊട്ടാണ് സന്ധ്യക്കൊട്ട്. ചെണ്ട, ചേങ്കില, ഇല ത്താളം, പറ എന്നിവയാണ് ഇതിനുപയോഗിക്കുന്ന വാദ്യവിശേഷങ്ങൾ.

തുടർന്ന് ക്ഷേത്രത്തിൽവെച്ച് നടക്കുന്ന തീയാട്ടിന് ശ്രീകോവിലിൽനിന്നും ദേവിയെ കളത്തിലേയ്ക്ക് എതിരേറ്റ് കൊണ്ടുവന്നിരുത്തുന്നു. ആർപ്പിന്റെയും കുരവയുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെയാണ് എതിരേൽപ് നടത്തുന്നത്. തറവാടുകളിൽവെച്ച് നടക്കുന്ന തീയാട്ടിന്റെ എതിരേൽപ് പടിക്കൽനിന്നുമാണ് നടത്തുന്നത്. അഷ്ടമംഗല്യവും വിളക്കുമായിട്ട് നടത്തുന്ന എതിരേൽപ് കളത്തിനടുത്തുവന്ന് അഷ്ടമംഗല്യം കളത്തിൽവെയ്ക്കുന്നു. ദേവിയെ കളത്തിലേക്ക് എതിരേറ്റിരുത്തി എന്നാണ് സങ്കൽപം. അനന്തരം ഒരു ബ്രാഹ്മണപൂജയും തുടർന്ന് തീയാട്ടുണ്ണികളുടെ പൂജയും ഉണ്ടാകും. ഈ പൂജയോടെ ദേവീചൈതന്യം കളത്തിൽ നിറയുന്നു എന്നാണ് വിശ്വാസം. കളംപൂജയെ തുടർന്ന് ദീപാരാധനയും നടത്താറുണ്ട്. താന്ത്രികവിധിപ്രകാരം നടത്തുന്ന കളംപൂജയ്ക്കുശേഷമുള്ള ദീപാരാധനയ്ക്ക് കളത്തിനുചുറ്റും കർപ്പൂരം കത്തിച്ച് ഭക്തിയുടെ മാസ്മരികലോകം സൃഷ്ടിക്കുന്നു.

കളംപൂജയ്ക്കുശഷം തിരിയുഴിച്ചിൽ. ഒരുചാൺ നീളമുള്ള ഏഴ് തിരികൾ ഒരു തളികയിൽ ഒരുക്കിവെച്ചിട്ടുണ്ടാകും. തീയാട്ടുണ്ണികൾ ഈ തളികയിലെ തിരികത്തിച്ച് കളത്തിലും തുടർന്ന് കളത്തിനുചുറ്റും നിൽക്കുന്ന ഭക്തജനങ്ങളേയും വഴിപാടുകാരനെയും ഉഴിയുന്നു. ഇതാണ് തിരിയുഴിച്ചിൽ. അതിനുശേഷം ഭക്തജനങ്ങൾ കളംകണ്ടുതൊഴുത് കളത്തിൽ കാണിക്കയർപ്പിക്കുന്നു. അനന്തരം പാദാദികേശം, കേശാദിപാദം എന്നിവ കളംപാട്ടായി പാടുന്നു. ഇതിന് ചെണ്ട, ചേങ്ങില, പറ എന്നിവയാണ് ഉപയോഗിക്കുന്നത്.

തീയാട്ടിലെ വളരെ പ്രധാനപ്പെട്ട ചടങ്ങാണ് കളംമായ്ക്കൽ. കാളിവേഷംകെട്ടുന്ന തീയാട്ടുണ്ണിതന്നെയാണ് ഇത് ചെയ്യുന്നത്. കളംമായ്ക്കലിനുശേഷമാണ് തീയാട്ട് നടത്തുക. വേഷംകെട്ടുന്നയാൾ മുഖത്ത് കരിതേച്ച്

അതിനു മുകളിൽ ചുട്ടികുത്തുന്നു. വസൂരിക്കലകളെ ഓർമിപ്പിക്കത്തക്ക രീതിയിലാണ് ചുട്ടി. കളംപാട്ട് കഴിയുമ്പോഴേയ്ക്കും കാളിവേഷക്കാരൻ ചുട്ടികുത്തിക്കഴിഞ്ഞിട്ടുണ്ടാകും. കളംമായ്ക്കുന്നത് കാളിവേഷംകെട്ടിയ തീയാട്ടുണ്ണിയാണ്. തുടർന്ന് തീയാട്ടിലെ ഇതിവൃത്താഭിനയം ആരംഭിക്കുകയായി. കളമെഴുതിയ പന്തലിലാണ് തീയാട്ട് നടത്തുന്നത്. മുടിയേറ്റുപോലുള്ള അനുഷ്ഠാനകലകളിൽനിന്നും വ്യത്യസ്തമായി പ്രേക്ഷകപങ്കാളിത്തമില്ലാത്തതും പന്തലിലേയ്ക്ക് ചുരുങ്ങുന്ന രംഗവേദിയോടുകൂടിയതുമാണ് തീയാട്ട്.

കഥകളിയിലെ ആട്ടവിളക്കിനെ അനുസ്മരിപ്പിക്കുന്ന വിളക്കാണ് തീയാട്ടിലും. അരങ്ങിലെത്തുന്ന നടൻ വിളക്കിന് പുറംതിരിഞ്ഞാണ് ധ്യാനശ്ലോകം ചൊല്ലുന്നത്. തുടർന്ന് മുടി അണിയുന്നു. 'ഗണപതിക്കൈ' എന്ന് അറിയപ്പെടുന്ന ചിലമുദ്രകൾ കാണിച്ചശേഷം ആണ് അഭിനയം തുടങ്ങുന്നത്.

ദാരികവധാനന്തരം ദേവന്മാർ നടത്തുന്ന പുഷ്പവൃഷ്ടിയെന്ന രീതിയിലാണ് ചെറുതായി മുറിച്ച കുരുത്തോല വാരിയെറിയുന്നത്. കാളീപുരാവൃത്തവുമായി ബന്ധപ്പെട്ട എല്ലാ അനുഷ്ഠാനകലകളിലും ചെറുതായി അരിഞ്ഞ കുരുത്തോല വാരിയെറിയാറുണ്ട്. ഒരുമണിക്കൂറോളം നീണ്ടുനിൽക്കുന്ന അഭിനയപ്രധാനമായ കാളിത്തീയാട്ടിൽ കാളി-ദാരികയുദ്ധം മുതൽ വിജയശ്രീലാളിതയായി ശിവസന്നിധിയിൽ എത്തി ദാരികവധംകഥ വിസ്തരിച്ചുകൊടുക്കുന്നതുവരെയുള്ള ഭാഗങ്ങളാണ് അവതരിപ്പിക്കുന്നത്.

തുടർന്ന് നാളികേരം ഉടച്ചുവെച്ച് അതിനുമുകളിൽ ഒരു പന്തം കത്തിച്ചുവെച്ച് ശിവന് നിവേദിക്കുന്നു. ശിവനിൽനിന്നും പന്തം ഏറ്റുവാങ്ങുന്നു എന്ന സങ്കൽപത്തിൽ പന്തമെടുത്ത് വിളക്കിനെ മൂന്നുപ്രാവശ്യം ഉഴിയുന്നു. തുടർന്ന് 'എരിതേങ്ങ' ഉഴിയുന്നു. ഉണങ്ങിയ പൊതിക്കാത്ത തേങ്ങയുടെ മുഖത്തെ ചകിരിവിടർത്തി അതിൽ

തെള്ളിപ്പൊടിനിറച്ച്, പന്തം ചേർത്തുപിടിച്ച് വിളക്കിന് മൂന്നു വശങ്ങളിലും മൂന്നുപ്രാവശ്യംവീതം കാളിനാടകം ചൊല്ലി ഉഴിഞ്ഞ് എരിതേങ്ങ നിലത്തിടുന്നു. തുടർന്ന് പന്തത്തിൽ തെള്ളിയെറിയുന്നു. അതിനുശേഷം അരങ്ങിന്റെ മധ്യത്തിൽവന്ന് പന്തംപിടിച്ചുകൊണ്ട് കറങ്ങുകയും പന്തം നിലത്തിടുകയും ചെയ്യുന്നു. കിണ്ടിയിൽനിന്ന് ജലവും പൂക്കളും എടുത്ത് പൂജചെയ്തശേഷം തലയിൽനിന്നും മുടി അഴിച്ചുമാറ്റുന്നു. തുടർന്ന് മുടി, വിളക്കിനെയും വഴിപാടുകാരെയും ഉഴിയുന്നു. അവസാനം അഴിച്ചെടുത്ത മുടിയുംപിടിച്ച് ഒന്നുകൂടി കറങ്ങി ചുവടുവെച്ച് വലതുകാൽപാദം ഉയർത്തി തൊട്ടുവന്ദിക്കുന്നതോടെ തീയാട്ട് അവസാനിക്കുന്നു (രവികുമാർ,ബി., 2008 : 29-36). സാധാരണയായി കാളിത്തീയാട്ടിന് ഒരു കാളിവേഷക്കാരൻ മാത്രമാണ് അരങ്ങിലുണ്ടാകുക. എന്നാൽ അപൂർവമായി രണ്ട് കാളി വേഷക്കാർ അരങ്ങിൽ വരാറുണ്ട്. ഇതിന് 'ഇരട്ടത്തീയാട്ട്' എന്നുപറയുന്നു. ഒരേദിവസം രണ്ട് വഴിപാടുകാർ വരികയോ അല്ലെങ്കിൽ വഴിപാടുകാരൻ അരങ്ങിന് ഗാംഭീര്യം കൂട്ടണമെന്നാഗ്രഹിക്കുകയോ ചെയ്യുന്ന സന്ദർഭ ങ്ങളിലാണ് ഇരട്ടത്തീയാട്ടിന് അവസരമുണ്ടാകുന്നത്.

### 2.6 പടയണി

പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ വളരെ പ്രാധാന്യമുള്ള ഒരനു ഷ്ഠാനകലയാണ് പടയണി. എഴുമറ്റൂർ, ഓതറ, കടമ്മനിട്ട, കദളിമംഗലം, കോട്ടാങ്ങൽ, പോർട്ടൂക്കാവ്, പുല്ലാട്, കുന്നന്താനം, കല്ലൂപ്പാറ എന്നീ കളരികളിലൂടെയാണ് ഇന്നും പടയണി (പടേനി) നിലനിന്നുപോരുന്നത്. എങ്കിലും ഇവയിൽ കടമ്മനിട്ടക്കാവിലെ പടയണി വളരെ പ്രസിദ്ധമാണ്. അഗ്നി പകർന്ന ചൂട്ടുകറ്റകളുടെ സാന്നിധ്യത്തിലുള്ള പടയണിയെ 'ചൂട്ടു പടയണി' എന്ന് വിശേഷിപ്പിക്കാറുണ്ട്. ചൂട്ടിന്റെ വെളിച്ചത്തിലാണ് പടയണി

ക്കോലങ്ങൾ ആടുന്നത്. ധനുമാസം അഞ്ചിന് തെള്ളിയൂർക്കാവിൽ ആരംഭിച്ച് മേടം ഇരുപത്തിനാലിന് കുന്നന്താനം മഠത്തിൽക്കാവിൽ പടയണി സമാപിക്കുന്നു. (രവികുമാർ,ബി., 2009 : 141).

കാളി-ദാരികപുരാവൃത്തം തന്നെയാണ് പടയണി എന്ന അനുഷ്ഠാനകലയുടെ പിന്നിലും. മുടിയേറ്റിന്റെ തുടർച്ചയാണ് പടയണിയും തീയാട്ടും. ദാരികനിഗ്രഹം കഴിഞ്ഞിട്ടും കലിശമിക്കാത്ത കാളി അലറിവിളിച്ച് ശിവസന്നിധിയിലേയ്ക്ക് പോകുമ്പോൾ മുടിയേറ്റ് അവസാനിക്കുന്നു. എന്നാൽ ഭീകരരൂപിണിയായി, കോപിഷ്ഠയായി അലറിയടുക്കുന്ന കാളിയുടെ കോപംശമിപ്പിക്കുന്നതിന് ആർക്കുംകഴിഞ്ഞില്ല. ശിവനിർദേശത്താൽ ശിവന്റെ ഭൂതഗണങ്ങൾ പലതരത്തിലുള്ള കോലങ്ങൾകെട്ടി നൃത്തംചെയ്തു. പിശാച്, യക്ഷി, പക്ഷി, മാടൻ, മറുത എന്നീ പഞ്ചകോലങ്ങൾ ശിവന്റെ ഭൂതഗണങ്ങളാണ്. ഈ നൃത്തം കണ്ടിട്ടും കോപമടങ്ങാതെവന്നപ്പോൾ സുബ്രഹ്മണ്യൻ പച്ചപ്പാളയിൽ കോപാകുല യായിവരുന്ന കാളിയുടെ രൂപം എഴുതിത്തുള്ളി. തന്റെതന്നെ പ്രതിരൂപംകണ്ട് കോപമകന്ന് കാളി ശാന്തയായി. സുബ്രഹ്മണ്യൻഎഴുതിയ കോലം ഭൈരവി എന്നറിയപ്പെടുന്നു.

**2.6.1 അനുഷ്ഠാനക്രമം**

പടയണി നടക്കുന്നകാവിന്റെ മുമ്പിൽ കൊടിമരം നാട്ടുന്നതോടെ പടയണിക്ക് തുടക്കംകുറിക്കുന്നു. പതിനെട്ട് ദിവസമായി നടക്കുന്ന പടയണിയുടെ ഒന്നാംദിവസം ചൂട്ട് വെയ്ക്കുന്നു. ചൂട്ടിന്റെ വെളിച്ചത്തിലാണ് പടയണി അരങ്ങേറുന്നത്. രാത്രി ഒമ്പതുമണിയോടെ പച്ചത്തപ്പിൽ മേളം കൊട്ടുന്നു. ഈസമയം ശ്രീകോവിലിനുള്ളിൽനിന്ന് ചൂട്ടുകത്തിച്ച് പുറത്തുകൊണ്ടുവരുന്നു. കളിസ്ഥലത്ത് മാടമ്പിവിളക്ക് തെളിയ്ക്കുന്നതോടെ

പച്ചത്തപ്പിലെ മേളം അവസാനിക്കുന്നു. തുടർന്ന് നാലുനടയിലും പച്ചത്തപ്പുമേളം നട ത്തുന്നു. രണ്ടാംദിവസം പച്ചത്തപ്പും കൈപ്പത്തിയും ചേർന്നുള്ള മേളവും മറ്റുള്ള ചടങ്ങുകൾ ഒന്നാംദിവസത്തേതുപോലെയും നടത്തുന്നു. മൂന്നാം ദിവസം പിശാചും മറുതയും ഒത്ത് ഗണപതി ആടുന്നു. അഞ്ചോ എട്ടോ മേളക്കാർ വട്ടത്തിലിരുന്ന് രാത്രി പത്തുമണിയോടെ തപ്പ് ചൂടാക്കുകയും ഓരോരുത്തരായി കൊട്ടുകയും അവസാനം എല്ലാവരുമൊരുമിച്ച് ചെമ്പട കൊട്ടുകയും ചെയ്യുന്നു. നാലാംദിവസമാണ് പഞ്ചകോലങ്ങളായ പിശാച്, യക്ഷി, പക്ഷി, മാടൻ, മറുത എന്നീ കോലങ്ങളിറങ്ങുന്നത്. അഞ്ചാംദിവസ മാണ് വലിയപടയണി. കുതിര, ഭൈരവി, യക്ഷി, കാലൻ, കരിമറുത, കാലമാടൻ, കാലയക്ഷി, ഗന്ധർവൻ എന്നീ കോലങ്ങൾ ആടുന്നു. ആദ്യം പുലവൃത്തമാണ്. ഇത് പുലത്തിൽ (വയലിൽ) വിളവെടുപ്പിനുശേഷം പുലയർ ഉൾപ്പെടെയുള്ള കർഷകർ നടത്തുന്ന ആനന്ദനൃത്തമാണ്. ഉർവരതാനു ഷ്ഠാനമാണ് ഇതിനടിസ്ഥാനം. കലാകാരന്മാർ പുലയരുടെ വേഷംധരിച്ച് നടത്തുന്ന കളിയാണ് പുലവൃത്തം. അഞ്ചാംദിവസം രാത്രി ഒരുമണിയോടെ ഭൈരവിക്കോലം പ്രവേശിക്കുന്നു. തുടർന്ന് വഴിപാടുകോലങ്ങൾക്ക് ആടാനുള്ള സമയമാണ്. ആറാംദിവസത്തെ പടയണിക്ക് 'ഇടപ്പടേനി' എന്നുപറയുന്നു. ഏഴാംദിവസമാണ് 'വിഷുപ്പടേനി'. ഇതിന് 'നിർത്തുപടേനി' എന്നും 'വലിയപടേനി' എന്നും പറയാറുണ്ട്. പടയണിയുടെ അവസാനം മംഗളഭൈരവിതാളം കൊട്ടിപ്പാടും. അതിനുശേഷം കോലങ്ങൾ അമ്പലത്തിനു ചുറ്റും പ്രദക്ഷിണംവെച്ച് നാലുതാളത്തിൽ കൊട്ടിയാടും. തുടർന്ന് പുറത്തു ണ്ടായിരുന്ന ഭഗവതിയെ അകത്തേയ്ക്ക് എഴുന്നെള്ളിക്കും. ഇതോടെ പടയണി അവസാനിക്കുന്നു.

ഗണപതി, കാലൻ, യക്ഷി, പിശാച്, മാടൻ, മറുതാ, ഭൈരവി, കാലാരി, കുതിര, പക്ഷി തുടങ്ങിയവയും മറുതാക്കോലങ്ങളിൽ കാലകേശി, നീലകേശി, കരിമറുതാ, പണ്ടാരമറുതാ, ഈശാന്തമറുതാ എന്നിവയും യക്ഷി ക്കോലങ്ങളിൽ അന്തര, സുന്ദര, അംബര, അരക്കി, മായ തുടങ്ങിയ കോല ങ്ങളുമുണ്ട്. കാളിയുടെ പ്രതിരൂപമായ ഭൈരവിക്കോലമാണ് ഏറ്റവും വലിയ കോലം.കോലങ്ങൾ ഒരുക്കുന്നതിന് കവുങ്ങിൻപാള, വാഴപ്പോള, കുരുത്തോല തുടങ്ങിയവയാണ് ഉപയോഗിക്കുന്നത്. ഭൈരവിക്കോലമൊരുക്കാൻ പതിനാറ് മുതൽ നൂറ്റിയൊന്ന് പാളവരെ ഉപയോഗിക്കുന്നു. മങ്കൊമ്പ് ക്ഷേത്രത്തിൽ ഭൈരവിക്കോലത്തിന് ആയിരത്തിയൊന്ന് പാള കെട്ടിയിരുന്നു. ഓരോ പാളയും ചെത്തിമിനുക്കി കനംകുറച്ച് അതിൽ മഞ്ഞ, കറുപ്പ്, ചുവപ്പ് തുടങ്ങിയ നിറങ്ങൾകൊണ്ട് മനോഹരമായി വരയ്ക്കുന്നു. നൂറ്റിയൊന്ന് പാളകൾ ഉപയോഗിച്ചുണ്ടാക്കുന്ന കോലത്തിന് പതിനെട്ടടി നീളമുണ്ടാകും. കോലംതു ള്ളുന്ന ആളിന്റെ തലയിൽ അഞ്ചാറുപേർ ചേർന്നാണ് ഈ കോലം കയറ്റി വെയ്ക്കുന്നത് (രവികുമാർ,ബി., 2008 : 77).

മനോദരിയുടെ കോലമാണ് മറുതാക്കോലം. ഗ്രാമത്തിന്റെ അമ്മദൈവമാണ് മറുത. വസൂരിയെന്ന പകർച്ചവ്യാധി പരത്തുന്നത് ഈ ദേവതയാണ്. ഈ അമ്മയ്ക്ക് അനിഷ്ടമായിട്ട് എന്തെങ്കിലും പ്രവർത്തിച്ചാൽ അമ്മ കോപിക്കുകയും വസൂരിപരത്തുകയും ചെയ്യുമെന്നാണ് വിശ്വാസം. ഒറ്റപ്പാളയിലുണ്ടാക്കുന്ന ചെറിയ കോലമാണിത്. കുടുംബത്തിലെ പ്രായമായ സ്ത്രീകൾ ചെയ്യുന്ന പ്രവൃത്തികളാണ് ഈ കോലം അരങ്ങിൽ വന്നാൽ കാണിക്കുന്നത്. ഈ കോലം ഒറ്റയ്ക്കല്ല അരങ്ങിൽ വരുന്നത്. അനേകം കുട്ടി മറുതാക്കോലങ്ങളുമുണ്ടാകും.

അഞ്ചുമുഖങ്ങളുള്ള കോലമാണ് കാലൻകോലം. കാലനെയും കാലനായ ശിവനെയും ഈ കോലത്തിൽ സങ്കൽപിക്കുന്നു. ഈ കോലം ഒരുക്കാൻ പതിനാറ് പാള ഉപയോഗിക്കുന്നു. ഗണപതി, സരസ്വതി, ശിവൻ എന്നിവരെ സ്തുതിച്ചുകൊണ്ടാണ് നൃത്തം ആരംഭിക്കുന്നത്.

യക്ഷിക്കോലങ്ങൾ പലതരത്തിലുണ്ട്. മുഖത്തിനനുസരിച്ച് പാള യിൽ വെട്ടിയെടുത്ത കിരീടവും മുഖാവരണവും കറുത്തമുണ്ടും ധരിച്ചാണ് ഇവർ പ്രത്യക്ഷപ്പെടുന്നത്.

പക്ഷിയുടെരൂപത്തിലുള്ള പക്ഷിക്കോലം കുട്ടികൾക്ക് വരാറുള്ള പക്ഷിപീഡ അകറ്റുന്നതിനുവേണ്ടി നടത്തുന്ന വഴിപാടാണ്.

ശരീരംമുഴുവൻ കുരുത്തോലകൊണ്ടുമറച്ച് കുതിരയുടെ രൂപത്തി ലുള്ള ആവരണം തലയിൽ ധരിച്ചെത്തുന്ന കോലമാണ് കുതിരക്കോലം. ഒരു കുതിരയുടെ പുറത്ത് ആളിരിക്കുന്നു എന്നതാണ് സങ്കൽപം.

പടയണിക്കോലങ്ങളിൽ ഏറ്റവും അവസാനം എത്തുന്ന കോല മാണ് മംഗളക്കോലം. ഇത് ഈ അനുഷ്ഠാനങ്ങളിൽ അറിഞ്ഞോ അറിയാ തെയോ എന്തെങ്കിലും തെറ്റുകുറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അവ ഏറ്റു പറഞ്ഞ് അനുഗ്രഹത്തിനായി അപേക്ഷിക്കുന്നു.

അലൗകികവും അസ്വാഭാവികവുമായ സംഭവവികാസങ്ങളുടെ അവതരണത്തിലൂടെ ജനങ്ങളിൽ ഈശ്വരവിശ്വാസം ഊട്ടി ഉറപ്പിക്കുന്ന തോടൊപ്പം സാംസ്കാരികമൂല്യങ്ങളുടെ പ്രതിഷ്ഠാപനവും കൂടി നടത്തുക യാണ് പടയണിയിൽ ചെയ്യുന്നത് . ഐശ്വര്യപൂർണമായ ജീവിതത്തിന് തടസ്സ മായി നിൽക്കുന്ന ശക്തിവിശേഷങ്ങളെ പ്രീതിപ്പെടുത്തുകയാണിവിടെ.

## 2.7 നിണബലി

കേരളത്തിലങ്ങോളമിങ്ങോളം പ്രചാരത്തിലുള്ള അനുഷ്ഠാന കലകളിൽ ഭൂരിഭാഗവും കാളീപുരാവൃത്തവുമായി ബന്ധപ്പെട്ടതാണ്. അനുഷ്ഠാനകലകൾ എല്ലാംതന്നെ വ്യക്തികളുടെയോ സമൂഹത്തിന്റെയോ ഐശ്വര്യത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ളതാണ്. ഒരു ഗ്രാമത്തിന്റെ മുഴുവൻ പങ്കാളിത്തത്തോടെ അവതരിപ്പിക്കുന്നതാണ് മുടിയേറ്റ്, പടയണി, കാളിയൂട്ട്, മുടിയെടുപ്പ്, തെയ്യം തുടങ്ങിയവ. എന്നാൽ വ്യക്തിയുടെയോ കുടുംബത്തിന്റെയോ ഐശ്വര്യത്തിനായി നടത്തുന്നതാണ് നിണബലിപോലുള്ള അനുഷ്ഠാനകലകൾ. കാളി, ദാരികനെ വധിക്കുന്ന പുരാവൃത്തമാണ് നിണബലിക്ക് അടിസ്ഥാനം.

ശാക്തേതയാരാധനയുടെ ഭാഗമായി വടക്കൻകേരളത്തിലെ കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ പ്രചാരമുള്ള ഒരനുഷ്ഠാനകലയാണ് നിണബലി. നിണബലി കൂടാതെ ഉച്ചബലി, മാടബലി, ശരകൂടബലി, രാവണബലി, കുക്കുടബലി, കുഴുബലി, ഊഞ്ചബലി തുടങ്ങിയ ബലികർമങ്ങൾ ഇവിടെ പ്രചാരത്തിലുണ്ട്. മറ്റുള്ള അനുഷ്ഠാനകലകൾ ക്ഷേത്രങ്ങളിലും കാവുകളിലും അരങ്ങേറുമ്പോൾ നിണബലി പോലുള്ളവ വീടുകളിലാണ് അരങ്ങേറുന്നത്. വ്യക്തിപരമായും കുടുംബപരമായും ഉണ്ടാകുന്ന രോഗപീഡകളിൽനിന്നും രക്ഷനേടുന്നതിനും ഉദ്ദിഷ്ടകാര്യസിദ്ധിക്കുമാണ് ഇത്തരത്തിലുള്ള ബലികർമങ്ങൾ നടത്തുന്നത്. ജ്യോത്സ്യരുടെ നിർദേശപ്രകാരമാണ് വീട്ടുമുറ്റത്ത് നിണബലി നടത്തുന്നത്. ശത്രുദോഷം, രോഗപീഡ, കണ്ണേറ് മുതലായ ബാധകൾ ഒഴിപ്പിക്കുന്നതിനുവേണ്ടിയാണ് ജ്യോത്സ്യൻ നിണബലി നിർദേശിക്കുന്നത്.

### 2.7.1 അനുഷ്ഠാനക്രമം

വീടിന്റെമുറ്റത്ത് ചാണകംമെഴുകി കുരുത്തോല, പൂക്കൾ അടയ്ക്ക, വെറ്റില, പഴം തുടങ്ങിയവകൊണ്ട് അലങ്കരിച്ച പന്തലിലാണ് കർമങ്ങൾ നട ത്തുന്നത്. പാലക്കൊമ്പ്, കാഞ്ഞിരക്കൊമ്പ്, കുലവാഴ തുടങ്ങിയവ തൂണി നോടുചേർത്ത് കെട്ടുന്നു. കൂടാതെ കളത്തിനുചുറ്റും കാട്ടുവൃക്ഷങ്ങളുടെ കമ്പുകൾ കുത്തിവെയ്ക്കുകയോ തൂക്കിയിടുകയോ ചെയ്യുന്നു. കളത്തിന്റെ വടക്കുവശത്ത് മുറിച്ച വാഴപ്പോളകൊണ്ട് തട്ടംവെച്ച് മൂന്നുവാഴയിലകളിൽ ഒന്നിൽ ദീപം, ചന്ദനത്തിരി, പൂക്കൾ എന്നിവയും രണ്ടാമത്തേതിൽ അവില്, മലര്, ശർക്കര, ഇളനീർ, തേൻ എന്നിവയും മൂന്നാമത്തേതിൽ പയർപുഴുങ്ങി യത്, തേങ്ങ, മദ്യം, മലർപൊടി എന്നിവയും വെയ്ക്കുന്നു. ദേഹമാസകലം ഭസ്മംതേച്ച് വീടിനുമുമ്പിൽ കിഴക്കോട്ട് തിരിഞ്ഞിരിക്കുന്ന പണിയാളിനെ ഇലഞ്ഞിത്തുകിൽകൊണ്ട് ഉഴിയുന്നു. മലയസ്ത്രീകളും പുരുഷന്മാരും കൂടി ചെണ്ട, അരിപ്പറ (വീക്കൻചെണ്ട), ഇലത്താളം, ചീനിക്കുഴൽ, തുടങ്ങിയ വാദ്യ ങ്ങളുടെ അകമ്പടിയോടെ പാട്ട് ആരംഭിക്കുന്നു. ഈ ചടങ്ങ് ഒരു പകൽ മുഴുവൻ നീണ്ടുനിൽക്കുന്നു. പണിയാളിനെ ഉഴിയുന്ന ധാന്യങ്ങൾ സമീപത്ത് എരിഞ്ഞുകൊണ്ടിരിക്കുന്ന തീക്കുണ്ഡത്തിലേയ്ക്ക് എറിഞ്ഞുകൊണ്ടിരിക്കും.

വൈകുന്നേരമാണ് നിണബലി നടത്തുന്നത്. ആദ്യം വേഷക്കാ രനും മേളക്കാരും പാട്ടുകാരും കളത്തിനഭിമുഖമായി നിന്നുകൊണ്ട് നമസ്കരിക്കുന്നു. തുടർന്ന് നിണബലി നടത്തുന്നു എന്ന് കൊട്ടി അറിയിക്കുന്നു. കൊട്ടി അറിയിക്കലോടെയാണ് നിണബലിയുടെ ചടങ്ങുകൾ ആരംഭിയ്ക്കുന്നത്. ഈ സമയം അണിയറയിൽ ദാരികന്റെ ശരീരത്തിൽ നിറംതേച്ച് അതിൽ ചോളപ്പൊരി തേച്ചുപിടിപ്പിക്കുന്നു. കൺതടങ്ങളിൽ

കരിയും നെറ്റിയിലും മൂക്കിലും ചുട്ടിയും വായിൽ ദംഷ്ട്രങ്ങളുമായി നിൽക്കുന്ന ദാരികൻ ആരിലും ഭയം ജനിപ്പിക്കും.

കൊട്ടിയറിയിക്കൽ കഴിയുന്നതോടെ ദാരികന്റെ അലർച്ച കേൾക്കാം. തുടർന്ന് വീക്കൻചെണ്ടയുടെ താളത്തിന്റെ പശ്ചാത്തലത്തിൽ രണ്ടുകൈകളിലും പന്തവുമായി അലറിക്കൊണ്ട് ദാരികൻ കളത്തിന് പുറത്തു നിന്നും അകത്തേയ്ക്ക് പ്രവേശിക്കുന്നു. താളം നിലയ്ക്കുന്നതോടെ പന്തങ്ങൾ പീഠത്തിൽവെച്ച് എട്ട് ദിക്കിലേയ്ക്കുംനോക്കി പൂജചെയ്തശേഷം വീടിന കത്തേയ്ക്ക് കയറിപ്പോകുന്നു. വാദ്യങ്ങൾ മുറുകുന്നതോടെ വീടിനക ത്തുനിന്നും കളത്തിലേയ്ക്ക് വർധിച്ച കോപത്തോടെ തിരിച്ചെത്തുന്ന ദാരികൻ ചില ചുവടുകൾവെയ്ക്കുകയും മുദ്രകൾ കാണിക്കുകയും ചെയ്തശേഷം തന്റെ കരുത്തും കോപവും പ്രകടമാക്കുന്ന രീതിയിൽ കലാശംചവിട്ടിക്കൊണ്ട് ഓരോ ദിക്കിലേയ്ക്കും മുദ്രകൾ കാണിച്ച് അട്ടഹസിച്ചുകൊണ്ട് ആകാശത്തേക്കുനോക്കി കാളിയെ പോരിനുവിളിക്കുന്നു. തുടർന്ന് അട്ടഹസിച്ചുകൊണ്ട് രംഗംവിടുന്നു. ഇതോടെ ഏതാണ്ട് ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന ഒന്നാംരംഗം അവസാനിക്കുന്നു.

വീക്കൻചെണ്ട ഒഴികെയുള്ള വാദ്യങ്ങൾ നിശ്ചലമാകുന്നതോടെ തിരശ്ശീല വകഞ്ഞുമാറ്റിക്കൊണ്ട് കാളി രംഗത്തെത്തുന്നു. പതിഞ്ഞ ചലനങ്ങളോടെയും മുദ്രകളോടെയും അരങ്ങിലെത്തുന്ന കാളി തിരനോട്ടം നടത്തി യശേഷം ക്രമേണ തീവ്രമായ രൗദ്രഭാവം കൈവരിക്കുന്നു. തുടർന്ന് കാളി വീടിനുള്ളിലേയ്ക്ക് ഓടിക്കയറുന്നു. ഈ സമയം ഭക്തജനങ്ങൾ ഭയഭക്തിപൂർവം തൊഴുതുനിൽക്കുന്നു. തറവാട്ടിനകത്ത് പ്രതിഷ്ഠിച്ചിട്ടുള്ള കുലദേവതയെ നമസ്കരിച്ചശേഷം കാളി വീണ്ടും കളത്തിൽവരുന്നു. തുടർന്ന് നാലുവശവും ആരെയോ അന്വേഷിക്കുന്ന രീതിയിൽ മുദ്രകൾ

കാണിക്കുകയും ചെയ്യുന്നു. ഈ സമയം ചെണ്ടയുടെയും ഇലത്താള ത്തിന്റെയും ശബ്ദം ഉച്ചസ്ഥായിയിലെത്തുന്നു. ദാരികനെ കണ്ടുകിട്ടാതെ കാളി രംഗംവിടുന്നതോടെ ദാരികൻ അലറിക്കൊണ്ട് കളത്തിൽ വരുന്നു. ചെണ്ടമേളം മുറുകുന്നതോടെ ദാരികന്റെ അലർച്ച കൂടുതൽ ശക്തമാകുന്നു. ദാരികന്റെ അലർച്ചകേട്ട് കൈയിൽ വാളുമേന്തി കാളി കളത്തിലേയ്ക്ക് ചാടിവീഴുന്നു. ശത്രുവിനെ മുമ്പിൽ കണ്ട കാളിയും ദാരികനും വർധിച്ച കോപത്തോടെ അഭിമുഖമായി ചുറ്റിത്തിരിഞ്ഞുകൊണ്ട് ചുവടുകൾ വെയ്ക്കുകയും യുദ്ധത്തിന് ക്ഷണിക്കുകയും ചെയ്യുന്നു. അരമണിക്കൂർ നീണ്ടുനിൽക്കുന്ന യുദ്ധരംഗത്തുനിന്ന് പെട്ടെന്ന് ദാരികൻ തെന്നിമാറി വാഴപ്പോളകൊണ്ടുണ്ടാക്കിയ വൃക്ഷങ്ങൾക്കിടയിൽ ഒളിച്ചുനിൽക്കുന്നു. നാലുവശവും ദാരികനെ തിരയുന്ന കാളി അവസാനം ദാരികനെ കണ്ടെത്തുന്നു. വീണ്ടും യുദ്ധം ശക്തി പ്രാപിക്കുമ്പോൾ ദാരികൻ കളത്തിൽ നിന്നും പുറത്തേയ്ക്കോടി ഒളിക്കാൻ നോക്കുന്നുണ്ടെങ്കിലും കാളി പിന്നാലെ ചെന്ന് ഓടിച്ചിട്ട് പിടിക്കുന്നു. പിടിക്കപ്പെട്ടതോടെ ദാരികന്റെ അതുവരെ യുണ്ടായിരുന്ന ഭാവംമാറി കൈകൂപ്പിക്കൊണ്ട് ദേവിയുടെമുൻപിൽ പരാജയംസമ്മതിച്ച് തന്നെ വധിക്കരുതെന്ന് അപേക്ഷിക്കുന്നു. എന്നാൽ കാളി അതൊന്നും വകവെയ്ക്കാതെ നിഷ്കരുണം ദാരികനെ താഴെ വീഴ്ത്തുന്നു. തുടർന്ന് ദാരികന്റെ മുകളിൽകയറി ഇരിക്കുന്ന കാളി, കൈനഖങ്ങൾ ഉപയോഗിച്ച് ദാരികന്റെ വയറുപിളർന്ന് കുടൽമാല കഴുത്തിലണിഞ്ഞ് അട്ടഹസിക്കുന്നു. രാത്രിയുടെ അന്ത്യയാമത്തിൽ അതിദാരുണമായി ദാരികനെ വധിച്ചശേഷം അട്ടഹസിച്ചുകൊണ്ട് കാളി അണിയറയിലേയ്ക്ക് പോകുന്നു. ഇതോടെ നിണബലി ചടങ്ങുകൾ അവസാനിക്കുന്നു. മുൻകാലങ്ങളിൽ ദാരികവധത്തിനുശേഷം ദാരികനെ

കുഴിയിൽകിടത്തി അതിനുമുകളിൽ  മാവിൻപലകകൾ പാകി കുഴിമൂടുന്നു. അതിനുശേഷം ഈ പലകയുടെ മുകളിൽ അരിപ്പൊടിയും കരിപ്പൊടിയും കൊണ്ട് കളംവരയ്ക്കുകയും  പൂജചെയ്യുകയുംചെയ്യുന്നു. പൂജയ്ക്കുശേഷം പലകകൾ എടുത്തുമാറ്റുന്നു. തുടർന്ന് ചെണ്ടമേളം ആരംഭിക്കുന്നു. ഈ സമയം ദാരികശരീരത്തിൽ  ചലനങ്ങൾ ഉണ്ടാകുന്നു.  ശരീരംമുഴുവൻ ഈ ചലനം വ്യാപിക്കുന്നു. തുടർന്ന് ദാരികൻ  ഉറങ്ങിത്തുടങ്ങും. ഈ സമയം വാദ്യങ്ങൾ നിശ്ചലമാകുന്നതോടെ ഈ അനുഷ്ഠാനത്തിന് സമാപ്തി ആകുന്നു.

ഊഷരതയിൽനിന്നും ഉർവരതയിലേക്ക് നയിക്കുകയാണ് പുരാവൃത്തങ്ങൾ ചെയ്യുന്നത്. മനുഷ്യജീവിതത്തിൽ സ്വാഭാവികമായി സംഭവിക്കുന്ന രോഗത്തെയും നാശത്തെയും അതിജീവിക്കാൻ പ്രാക്തനമനുഷ്യൻ കണ്ടെത്തിയ ഉപായമാണ് കാളി-ദാരികപുരാവൃത്തം രൂപപ്പെടുത്തിയതിന്റെ പിന്നിലുള്ളത്. ഇത് ശക്തമായി പ്രതിപാദിക്കുന്നത് രംഗാവതരണങ്ങളിലാണ്. കാളി-ദാരികപുരാവൃത്തെ ആസ്പദമാക്കിയാണ് ഏറ്റവും കൂടുതൽ അനുഷ്ഠാനാവതരണരൂപങ്ങൾ ഇന്ന് കേരളത്തിന്റെ സാസ്കാരികഭൂമിയിൽ ഉള്ളത്. കേരളത്തിന്റെ പ്രാദേശിക സംസ്കൃതികൾക്ക് അനുസൃതമായും മാറിമാറി നിലകൊള്ളുന്ന വിശ്വാസസംഹിതകൾക്ക് അനു സൃതമായും വിഭിന്നമായ അവതരണമാതൃകകൾ കേരളത്തിലെ വിവിധ മേഖ ലകളിൽ സാഹചര്യാധിഷ്ഠിതമായ ധർമങ്ങളോടുകൂടി നിലനിൽക്കുന്നുണ്ട്. കേവലം ഒരു പുരാവൃത്തത്തെ മാത്രം ആസ്പദമാക്കി സ്വാംശീകരണത്തിലും അവതരണഘടനയിലും തികച്ചും വ്യത്യസ്തങ്ങളായ അനുഷഷ്ഠാനരൂപ ങ്ങളാണ് ഈ ശ്രേണിയ്ക്കുള്ളിൽ കാണാൻകഴിയുന്നത്. ഇത്തരത്തിലുള്ള രംഗാവതരണങ്ങളുടെ വിശദമായ പഠനമാണ്  മൂന്നാമത്തെ അധ്യായം.